# സഹകരണ വകുപ്പ്

# വാർഷിക ഭരണ റിപ്പോർട്ട്

# 2019-20

# ഭരണ റിപ്പോർട്ട് 2019–20

# സഹകരണ വകുപ്പ്

സഹകരണ വകുപ്പ് മന്ത്രി : ശ്രീ.കടകം പള്ളി സുരേന്ദ്രൻ

(23/ 11/2016 മുതൽ തുടരുന്നു)

സർക്കാർ സെക്രട്ടറി : ശ്രീമതി. മിനി ആൻറണി ഐ.എ.എസ്

(02/07/2018 മുതൽ തുടരുന്നു)

സഹകരണ സംഘം രജിസ്ട്രാർ : ശ്രീ. ഷാനവാസ് ഐ.എ.എസ്

( 23.08.2018 മുതൽ – 04.07.2019 വരെ)

ശ്രീമതി. ജയശ്രീ. പി.കെ ഐ.എ.എസ്

( 04.07.2019 മുതൽ 12.03.2020 വരെ )

ശ്രീ. എ.അലക്സാണ്ടർ ഐ.എ.എസ്

( 13.03.2020 മുതൽ തുടരുന്നു)


<u>ഉള്ളടക്കം</u> | <u>പേജ് നം.</u>


| | |
|---|---|
| **I.** ആമുഖം | 4 |
| **II.** ഘടനാ ചാർട്ട് | 5 |
| **III.** സഹകരണ വകുപ്പിന്റെ ഘടന | 6– 13 |
| **IV.** മാനവ വിഭവം. | 13 – 16 |
| **V.**വകുപ്പിന്റെ കീഴിലുള്ള മറ്റ് ആഫീസുകൾ | **16** – **20** |
| **VI.** വകുപ്പിന്റെ പ്രവർത്തനം | **20 –** 23 |
| **VII.**പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും | 23– 32 |
| **VIII.** പദ്ധതി വിഹിതം | 32 –37 |
| **IX.** സാമ്പത്തികം | 37 – 4**6** |
| **X.** സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 4**6 – 53** |
| **XI.** അടിസ്ഥാന സൗകര്യ വികസനം | 53–54 |
| **XII.** വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ | **54–55** |
| **XIII.** അച്ചടക്ക നടപടികൾ | 55–56 |
| **XIV.** വകുപ്പ് തല പരിപാടികൾ | **57** |
| **XV** .പ്രധാന നേട്ടങ്ങൾ | **58** – **6**1 |
| **XVI.** അപ്പെക്സ്/ഫെഡറൽ/ബോർഡുകൾ/മറ്റ് സ്ഥാപനങ്ങൾ | **6**1 – **81** |
| **XVII.** പരിശീലന കേന്ദ്രങ്ങൾ | **81** |
| **XVIII.** ആഡിറ്റ് വിഭാഗം | **81**– **93** |

# ആമുഖം

കേരള സമൂഹത്തിൽ സഹകരണ മേഖല വളരെയധികം പ്രാധാന്യം അർഹിക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങളുടെ , വിദ്യാഭ്യാസം, ഭക്ഷ്യം, പാർപ്പിടം, ആരോഗ്യം, സാമ്പത്തികം, വിനോദ സഞ്ചാരം, പരിസ്ഥിതി സംരക്ഷണം, സ്ത്രീകളുടെ ഉന്നമനം, സാഹിത്യം തുടങ്ങിയ സകല മേഖലകളെയും സ്പർശിക്കുന്ന ജനങ്ങളുടെ നിത്യ ജീവിതത്തിന്റെ നട്ടെല്ലായി സഹകരണ മേഖല ഇന്ന് മാറിക്കഴിഞ്ഞു. സമൂഹത്തിലെ ദാരിദ്ര്യം അകറ്റുന്നതിന് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന വിവിധ ആശ്വാസ പദ്ധതികളുമായി സഹകരണ മേഖല കുതിച്ച് മുന്നേറുകയാണ്. ഇത്തരത്തിൽ സഹകരണ മേഖല എത്തിച്ചേരാത്ത ഒരു ഇടവും ഇന്ന് ഇല്ല എന്ന് തന്നെ പറയാം.

സഹകരണ മേഖലയുടെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും അടിത്തറ എന്ന് പറയുന്നത് വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളാണ്. 2019–20 വർഷം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ 15892 സംഘങ്ങൾ ഉണ്ട്.


ORGANIZATION CHART - REGISTRAR OF CO OPERATIVE SOCIETIES
PA TO RCS
Additional Registrar Credit
Additional RegistrarCons umer
Additional Registrar ICDP
Additional Registrar General
DIRECTOR OF CO OPERATIVE AUDIT
DIG VIGILANCE
PA to Director
Additional Director Audit
JR SC/ST
JR M&P
Finance officer
Law office r
JR(G) 14 Dist.
JD Audit 14 Dist.
JD Audit
JR Vigilance
DR Credit 1
DR Credit 11
DR Inspec tion 1 & 2
DR CS
DR ICDP &Plan
DR Vigil ance
DR Admin
DR Admin
DD Audit
AR CPA
AR CPB
ARCLT
ARCB
ARCS
AR HVMT
AR(SCT&PT)
AREM
AR Plan B
AR Plan A
RO
ARMP
AREB
AREA
AR Fin
EPRO
AR Plan
AR SC ST
AD Audit
AD Audit
CPA
CP B
CLT
CB
CS
HVMT
SCTPT
EM
Plan B
ICDP
Plan A
ST
MP
Vig
EB
IT
A/C
EA
Fin A
Various sections
AD1,AD2,AD3,A D4 A1,A2 ,A3 E1,E2,E3 Ministerial staff
C1 C2 C3

# സഹകരണ വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും

സർക്കാറിലെ സഹകരണ വകുപ്പിന്റെ കീഴിലാണ് സംസ്ഥാന സഹകരണ വകുപ്പ് പ്രവർത്തിക്കുന്നത്. സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ അഡീഷണൽ സെക്രട്ടറി ,ജോയിൻറ് സെക്രട്ടറി ,ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി , സെക്ഷൻ ആഫീസർമാർ മറ്റ് സ്റ്റാഫ് തുടങ്ങിയവർ ഗവൺമെൻറ് സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നു. സഹകരണ വകുപ്പിന് നിലവിൽ രണ്ട് വിഭാഗങ്ങളുണ്ട്.

**A**. ജനറൽ വിഭാഗം B. ആഡിറ്റ് വിഭാഗം

## ജനറൽ വിഭാഗം

സഹകരണ സംഘം രജിസ്ട്രാർ

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ തലവനാണ് സഹകരണ സംഘം രജിസ്ട്രാർ. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ്. സഹകരണ സംഘം രജിസ്ട്രാർ പദവിയിൽ ശ്രീ. ഷാനവാസ് ഐ.എ.എസ് 23.08.2018 മുതൽ 04.07.2019 വരെയും ശ്രീമതി. ജയശ്രീ. പി.കെ ഐ.എ.എസ് 04.07.2019 മുതൽ 12.03.2020 വരെയും ചുമതല നിർവ്വഹിച്ചു. 13.03.2020 മുതൽ ശ്രീ . എ. അലക്സാണ്ടർ ഐ.എ.എസ് രജിസ്ട്രാർ പദവിയിൽ തുടർന്നു വരുന്നു.

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ സഹകരണ സംഘം രജിസ്ട്രാർ ക്ക് പുറമെ രജിസ്ട്രാറെ സഹായിക്കുന്നതിനായി 4 അഡീഷണൽ രജിസ്ട്രാർമാർ , 2 ജോയിൻറ് രജിസ്ട്രാർമാർ , 1 ഫിനാൻസ് ആഫീസർ , 1 ലോ ആഫീസർ , 8 ഡെപ്യൂട്ടി രജിസ്ട്രാർമാർ , 1 റിസർച്ച് ആഫീസർ , 1 ഇ.പി.ആർ.ഒ , 13 അസിസ്റ്റൻറ് രജിസ്ട്രാർമാർ എന്നീ പ്രധാന ഉദ്യോഗസ്ഥരും ഉണ്ട്.

അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ് )

സംസ്ഥാന സഹകരണ ബാങ്ക് , ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് , പ്രാഥമിക കാർഷിക വികസന ബാങ്കുകൾ , പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൺ സഹകരണ ബാങ്കുകൾ, മറ്റ് വായ്പാ സംഘങ്ങൾ, സംസ്ഥാന സഹകരണ യൂണിയൻ ,വാർഷിക പദ്ധതികൾ, ക്രെഡിറ്റ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, മറ്റ് പൊതു വിഷയങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ )

ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, വാർഷിക പദ്ധതികൾ, മറ്റ് പലവക സംഘങ്ങളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

അഡീഷണൽ രജിസ്ട്രാർ (ജനറൽ )

സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, വിജിലൻസ് എന്നിവ സംബന്ധിച്ച വിഷയങ്ങൾ, വകുപ്പിലെ ജീവനക്കാരുടെ പൊതുവായ കാര്യങ്ങൾ, അച്ചടക്ക നടപടികൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നു.

അഡീഷണൽ രജിസ്ട്രാർ (പ്ലാൻ & ഐ.സി.ഡി.പി )

സംയോജിത സഹകരണ വികസന പദ്ധതി സംബന്ധിച്ച കാര്യങ്ങൾ , സഹകരണ വിജിലൻസ് വിഭാഗം ( വകുപ്പ് ജീവനക്കാരെ സംബന്ധിക്കുന്നവ ഒഴികെ ) വിവിധ പദ്ധതികൾ , തുടങ്ങിയവയെ സംബന്ധിച്ച വിഷയങ്ങൾ, വിവരാവകാശ നിയമം അപ്പലേറ്റ് അതോറിറ്റി സ്ഥിതിവിവരക്കണക്ക് ശേഖരണ മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

ജോയിൻറ് രജിസ്ട്രാർ (മാർക്കറ്റിംഗ് & പ്ലാനിംഗ്)

മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ ,കാർഷിക ഉൽപ്പന്ന സംഭരണം, വാർഷിക പദ്ധതി - പദ്ധതി നിർവ്വഹണം സംബന്ധിച്ച വിഷയങ്ങൾ , സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

ജോയിൻറ് രജിസ്ട്രാർ (പട്ടിക ജാതി/പട്ടിക വർഗ്ഗം )

പട്ടിക ജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെ സംബന്ധിച്ച വിഷയങ്ങൾ , സഹകരണ സംഘം ജീവനക്കാരെ സംബന്ധിച്ച വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.

എഡിറ്റർ കം പ്രസ്സ് റിലേഷൻ ആഫീസർ (ഇ.പി.ആർ.ഒ)

സഹകരണ വീഥിയുടെ പ്രസിദ്ധീകരണം , വിതരണം എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

**മറ്റ് വകുപ്പുകളിൽ നിന്നും ഈ ആഫീസിൽ നിയമിക്കപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ**

ഫിനാൻസ് ആഫീസർ

സഹകരണ സംഘം രജിസ്ട്രാർക്ക് ധന സംബന്ധമായ കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകുന്നതിനും സഹായിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

ലോ ആഫീസർ

സഹകരണ സംഘം രജിസ്ട്രാർക്ക് നിയമ സംബന്ധമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

റിസർച്ച് ആഫീസർ

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിന് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിൽ നിന്നും നിയമിക്കപ്പെട്ടിരിക്കുന്നു.

## സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിവിധ സെക്ഷനുകളും അവയുടെ ചുമതലകളും

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ പ്രധാനപ്പെട്ട സെക്ഷനുകൾ.

1. **എസ്റ്റാബ്ലിഷ്മെൻറ് എ (എ ഇ )** &

**2. എസ്റ്റാബ്ലിഷ്മെൻറ് ബി (ഇ ബി) –**

സഹകരണ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് കാര്യങ്ങളായ തസ്തിക, നിയമനം, സ്ഥലം മാറ്റം, പ്രൊബേഷൻ ഡിക്ലറേഷൻ, പ്രമോഷൻ, പെൻഷൻ, ബിസിനസ് സ്റ്റേറ്റ്മെൻറ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സർക്കാർ തല മീറ്റിംഗുകൾ സംബന്ധിച്ച വിവരങ്ങൾ മുതലായവയാണ് എസ്റ്റാബ്ലിഷ്മെൻറ് എ(ഇ.എ) & എസ്റ്റാബ്ലിഷ്മെൻറ് ബി( ഇ.ബി) സെക്ഷനുകൾ കൈകാര്യം ചെയ്യുന്നത്.

3. **ഇ.എം.–** സഹകരണ സംഘങ്ങളിലെയും മറ്റ് സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് കാര്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ, ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, നിയമ ഭേദഗതികൾ, കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നു.

4. **അക്കൗണ്ട്സ്** –ജീവനക്കാരുടെ ശമ്പളം, ശമ്പള പുനർ നിർണ്ണയം, ഇൻക്രിമെൻറ്, അവധികൾ, യാത്രാ ബത്ത, ടൂർ ഡയറി, അലവൻസുകൾ, മെഡിക്കൽ റീ ഇമ്പേഴ്സ്മെൻറ്, ജി.പി.എഫ്, എൻ.ആർ.എ, ഇൻകം ടാക്സ്, പ്രൊഫഷണൽ ടാക്സ് സ്റ്റേറ്റ്മെൻറുകൾ, സാലറി സർട്ടിഫിക്കറ്റ് വിതരണം, ട്രഷറി ബില്ലുകൾ, എഫ്.ബി.എസ്, എച്ച്.ബി.എ, എസ്.എൽ.ഐ , മുതലായ കാര്യങ്ങൾ അക്കൗണ്ട് സെക്ഷൻ കൈകാര്യം ചെയ്യുന്നു.

5. **ഐ.റ്റി** – ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ ആഫീസ് മാനേജ്മെന്റ് –ജീവനക്കാരുടെ പഞ്ചിംഗ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെയുള്ള ആഫീസിലെ അടിസ്ഥാന സൗകര്യ വികസനവുമായി സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

6. **ഫിൻ** – ആഡിറ്റ് പാര, പി.എ.സി റിപ്പോർട്ട്, സി.എ.ജി റിപ്പോർട്ട്, ഡി.സി.ബി സ്റ്റേറ്റ്മെൻറ്, നോൺ ടാക്സ് റവന്യൂ കളക്ഷൻ, ബജറ്റ് അലോട്ട്മെൻറ്, ആഡിറ്റ് ഫീസ്, കെ.എസ്.ആർ കോസ്റ്റ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്, എസ്.ഡി.ജി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, സഹകരണ വകുപ്പിലെ സംസ്ഥാനത്തെ മുഴുവൻ ആഫീസുകളിലെയും പദ്ധതി – പദ്ധതിയേതര വരവു ചെലവുകൾ ഓരോ വർഷവും ക്രോഡീകരിച്ച് വകുപ്പ് , ട്രഷറി , അക്കൗണ്ടൻറ് ജനറൽ എന്നിവിടങ്ങളിലെ കണക്കുമായി അനുരഞ്ജനം ചെയ്ത് നേരിട്ട് അക്കൗണ്ടൻറ് ജനറലിന് നൽകുന്നു . കൂടാതെ കെ.എസ്.ആർ ചട്ടം 144 പ്രകാരം സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോറീൻ സർവ്വീസ് അക്കൗണ്ടുകളുടെയും ടി അക്കൗണ്ടുകളുടെ എൽ.എസ്. ആൻറ് . പി സി. വിഹിതം ഒടുക്കുന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങളും കെ.എസ്.ആർ ചട്ടം 156 പ്രകാരം സ്പെഷ്യൽ സെയിൽ ആഫീസർ, കൺകറൻറ് ആഡിറ്റർ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ആവറേജ് കോസ്റ്റ് , എൽ എസ്. ആൻറ് പി സി. വിഹിതം എന്നിവ ഒടുക്കുന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങളും കൈകാര്യം ചെയ്യുന്നു.

7. **എം.പി (മാർക്കറ്റിംഗ് & പ്രോസസിംഗ്) –** സംസ്ഥാനത്തെ എല്ലാ പ്രാഥമിക വിപണന സംസ്കരണ സഹകരണ സംഘങ്ങൾ, ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരമായ വിഷയങ്ങൾ പ്രത്യേകിച്ചും അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനം, സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങൾ, മാർക്കറ്റിംഗ് രംഗത്തെ പുതിയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ ,റിട്ട് ഹർജികൾ , സംഘത്തെക്കുറിച്ചുള്ള പരാതികളിൻമേൽ അന്വേഷണങ്ങൾ , ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ , അപ്പെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ നിയമാവലി ഭേദഗതി, തേരഞ്ഞെടുപ്പ് നടപടികൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതിനുപരിയായി വിപണന സംസ്കരണ സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ, എക്സിക്യൂഷൻ

കേസുകൾ സംബന്ധിച്ച വിഷയങ്ങളും നെല്ല്, കൊപ്ര, റബ്ബർ, എന്നിവയുടെ സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

8. **സി.എസ് / എച്ച്.വി –** വനിതാ സഹകരണ സംഘങ്ങൾ, , ഹൗസിംഗ് സഹകരണ സംഘങ്ങൾ, എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി / മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളെക്കുറിച്ചും കൈകാര്യം ചെയ്യുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിലെയും ഉപഭോക്തൃ സഹകരണ സംഘങ്ങളിലെയും ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളും വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും കൈകാര്യം ചെയ്യുന്നു.

9. **എം. ടി –** ആശുപത്രി സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ , വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ ലേബർകോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി ( **CAPE** ), സാഹിത്യ പ്രവർത്തന സംഘം ലിമിറ്റഡ് 2458 **,** ടൂറിസം സഹകരണ സംഘം , മറ്റ് പലവക സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി / മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളെക്കുറിച്ചും കൈകാര്യം ചെയ്യുന്നു.

10. **ജനറൽ –** ജോയിൻറ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും മാസം തോറും ലഭിക്കുന്ന പ്രവർത്തന റിപ്പോർട്ട് കൈകാര്യം ചെയ്യുക, വകുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ തയ്യാറാക്കുക, കേരള സഹകരണ നിയമം ഭേദഗതി ചെയ്യൽ, സഹകരണ ലൈബ്രറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സർക്കുലർ പ്രസിദ്ധീകരിക്കുക, വിവരാവകാശം ക്രോഡീകരിക്കുക , സംഘങ്ങളിൽ നിന്നുള്ള സംഭാവനകൾ ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കൽ തുടങ്ങിയ പൊതുവായ കാര്യങ്ങളാണ് ജനറൽ സെക്ഷൻ കൈകാര്യം ചെയ്യുന്നത്. കൂടാതെ വിവിധ പദ്ധതികൾ, DCB കളിലെയും RBI & NABARD ഇൻസ്പെക്ഷൻ റിപ്പോർട്ട് , വിവിധ കടാശ്വാസ പദ്ധതികൾ എന്നിവ സംബന്ധിച്ച കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

**11. വിജിലൻസ്–** സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടികളും പാസ്പോർട്ട് അപേക്ഷയിൻമേലുള്ള എൻ.ഒ.സി നൽകുന്നതിനുള്ള നടപടികളും എടുക്കുക, സഹകരണസംഘങ്ങളെ സംബന്ധിച്ച പരാതിയിൻമേലുള്ള പ്രാഥമിക അന്വേഷണം ആവശ്യമെങ്കിൽ സഹകരണ നിയമ പ്രകാരമുള്ള അന്വേഷണ പരിശോധനാ നടപടികൾ നടത്തുക, കേസിന്റെ ഗൗരവം കണക്കിലെടുത്ത് സഹകരണ വിജിലൻസിന്റെ

അന്വേഷണത്തിന് നൽകുക, സർക്കാറിന്റെ നിർദേശ പ്രകാരം ഉള്ള അന്വേഷണങ്ങൾക്ക് നടപടി സ്വീകരിക്കുക, സഹകരണ ജീവനക്കാരുടെ സ്വത്ത് വിവര സ്റ്റേറ്റ്മെൻറ് വാങ്ങി സൂക്ഷിക്കുക എന്നിവയാണ് വിജിലൻസ് വിഭാഗം ചെയ്യുന്നത്.

**12. പി.റ്റി** – സഹകരണ വീഥി, സഹകരണ പ്രചരണ പദ്ധതി, സഹകരണ കോൺഗ്രസ്, സഹകരണ വിദ്യാഭ്യാസം **,** പരിശീലനം, ഔദ്യോഗിക ഭാഷാ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ മുതലായവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

13. **എസ്.സി.റ്റി –** എസ്.സി എസ്.റ്റി ഫെഡറേഷൻ , എസ്.സി എസ്.റ്റി സഹകരണസംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

14. **സി.എൽ.റ്റി** – കേരള കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

15. **സി.ബി -** കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിര ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ഭരണ പരമായ കാര്യങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ SHG പദ്ധതി , പ്രധാനമന്ത്രി ആവാസ് യോജന, വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ, കേരളാ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് , സംസ്ഥാന സഹകരണ ബാങ്ക്, നബാർഡ് എന്നിവയുടെ റിവ്യൂ മീറ്റിംഗ്, സംസ്ഥാന സഹകരണ ബാങ്കുകളിലെ ആർബിട്രേഷൻ കേസ് ഫയലിംഗ്, കേസ് തീർപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

16. **സി.പി -**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് ബാങ്കുകൾ, അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, റൂറൽ സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ അപ്പെക്സ് എംപ്ലോയീസ് സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി ഉൾപ്പെടെയുള്ള എംപ്ലോയീസ് സംഘങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

17.**ഐ.സി.ഡി.പി -** സംയോജിത സഹകരണ വികസന പദ്ധതിയെ സംബന്ധിച്ച കാര്യങ്ങളാണ് ഐ.സി.ഡി.പി സെക്ഷൻ കൈകാര്യം ചെയ്യുന്നത്.

18 **& 19. പി &എം (എ ) & പി &എം (ബി) -** സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായി സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറക്ക് ആയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിച്ച് സംഘങ്ങളുടെ അക്കൗണ്ടിലേക്ക് തുക മാറി നൽകുന്നു. കൂടാതെ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പ്രൊപ്പോസലുകൾ ,പ്ലാൻ സ്പേസ് അപ്ഡേഷൻ, ഗവർണ്ണർ പ്രസംഗം, ബഡ്ജറ്റ് പ്രസംഗം, വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ ,ബഹു. ചീഫ് മിനിസ്റ്റർ, ചീഫ് സെക്രട്ടറി എന്നിവരുടെ മീറ്റിംഗിന് ആവശ്യമായ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

20. **എസ്.റ്റി -** സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാത്തരം സംഘങ്ങളിൽ നിന്നും വിവരശേഖരണം നടത്തി സ്റ്റാറ്റിസ്റ്റിക്കൽ അബ്സ്ട്രാക്റ്റ് , സഹകരണ സംഘങ്ങളുടെ നമ്പർ സ്റ്റേറ്റ്മെൻറ്, പി.എ.സി.എസ് ബേസിക് ഡാറ്റാ, കാർഷിക മന്ത്രാലയത്തിന് വേണ്ടിയുള്ള വിവരങ്ങൾ, സംഘങ്ങളുടെ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ എന്നിവയും കോ ഓപ്പറേറ്റീവ് ഡയറക്ടറി, വാർഷിക ഭരണ റിപ്പോർട്ട്, സാമ്പത്തിക അവലോകന റിപ്പോർട്ട് എന്നിവയും തയ്യാറാക്കുന്നു.

21. **സഹകരണ ഇൻഫർമേഷൻ ബ്യൂറോ** - സഹകരണ വകുപ്പിലെ ഔദ്യോഗിക പ്രസിദ്ധീകരണമായ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നത് സഹകരണ ഇൻഫർമേഷൻ ബ്യൂറോ ആണ്.

22. **ലോ സെക്ഷൻ -** ആക്റ്റ് ആൻറ് റൂൾ ഭേദഗതികൾ തയ്യാറാക്കൽ, പരിശോധന, സെക്ഷനുകൾ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സുകൾ പരിശോധിച്ച് നൽകൽ, ഓപ്പറേഷൻ മാന്വൽ എന്നിവ തയ്യാറാക്കലും പരിഷ്ക്കരിക്കലും , ഹൈക്കോടതി കേസുകളിൻമേൽ നിരീക്ഷണം, ലെയ്സൺ ആഫീസറിൽ നിന്നും കേസുകളെ സംബന്ധിച്ച പ്രതിവാര വിശദാംശങ്ങൾ യഥാസമയം ശേഖരിക്കൽ, ഓരോ കേസുകളെ സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതി ആവശ്യപ്പെടുക, കരട് വിജ്ഞാപനങ്ങൾ പരിശോധിക്കുക, ബൈലോ അമെൻറ്മെൻറുകളുടെ പരിശോധന എന്നിവ ചെയ്യുന്നു.

23. **ഇൻസ്പെക്ഷൻ സെൽ -** സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ആഫീസുകളിലും സഹകരണ സംഘങ്ങളിലും പരിശോധന നടത്തുകയാണ് പ്രധാന കർത്തവ്യം.

## സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള ജില്ലാ/സർക്കിൾ ആഫീസുകളുടെ ഘടന

രജിസ്ട്രാർ ആഫീസിന് പുറമേ 14 ജില്ലാ ആഫീസുകളും **78** സർക്കിൾ ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ജില്ലാ ആഫീസുകളുടെ പ്രവർത്തനം ജോയിൻറ് രജിസ്ട്രാർ ജനറലിന്റെയും സർക്കിൾ തല ആഫീസുകളുടെ പ്രവർത്തനം അസിസ്റ്റൻറ് രജിസ്ട്രാറുടെയും നിയന്ത്രണത്തിൽ ആണ് നടക്കുന്നത്. ജില്ലകളിൽ ജോയിൻറ് രജിസ്ട്രാറെ സഹായിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), അസിസ്റ്റൻറ് രജിസ്ട്രാർ (പ്ലാൻ), അസിസ്റ്റൻറ് രജിസ്ട്രാർ (എസ്.സി എസ്.റ്റി) , എന്നീ പ്രധാന ഉദ്യോഗസ്ഥരും അവർക്ക് കീഴിൽ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഡ്രൈവർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡൻറ്, സ്വീപ്പർ എന്നീ ഉദ്യോഗസ്ഥരും ഉണ്ട്.

## മാനവ വിഭവം

- **ജീവനക്കാർ**

31.03.2020 ലെ സഹകരണ വകുപ്പിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | KSR തസ്തിക | ആകെ |
|---|---|---|---|---|
| **1** | സഹകരണ സംഘം രജിസ്ട്രാർ | 1 | – | 1 |
| **2** | സഹകരണ ആഡിറ്റ് ഡയറക്ടർ | 1 | – | 1 |
| **3** | അഡീഷണൽ രജിസ്ട്രാർ / അഡീഷണൽ ഡയറക്ടർ | 7 | 3 | 10 |
| **4** | ജോയിൻറ് രജിസ്ട്രാർ / ജോയിൻറ് ഡയറക്ടർ | 33 | 22 | 55 |
| **5** | ഡെപ്യൂട്ടി രജിസ്ട്രാർ / ഡെപ്യൂട്ടി ഡയറക്ടർ | 37 | 13 | 50 |
| **6** | അസിസ്റ്റൻറ് രജിസ്ട്രാർ / അസിസ്റ്റൻറ് ഡയറക്ടർ | 236 | 257 | 493 |
| **7** | രജിസ്ട്രാറുടെ / ഡയറക്ടറുടെ പി.എ | 2 | – | 2 |
| **8** | ഇ.പി.ആർ.ഒ | 1 | – | 1 |

| | | | | |
|---|---|---|---|---|
| **9** | ഫിനാൻസ് ആഫീസർ | 1 | – | 1 |
| **10** | ലോ ആഫീസർ | 1 | – | 1 |
| **11** | റിസർച്ച് ആഫീസർ | 1 | – | 1 |
| **12** | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | 5 | | 5 |
| **13** | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ /ആഡിറ്റർ (ജൂനിയർ,സീനിയർ,സ്പെഷൽ ഗ്രേഡ്) | 1182 | 1030 | 2212 |
| **14** | ഫെയർ കോപ്പി സൂപ്രണ്ട് | 3 | – | 3 |
| **15** | ക്ലാർക്ക് | 214 | – | 214 |
| **16** | ടൈപ്പിസ്റ്റ് | 136 | – | 136 |
| **17** | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 11 | – | 11 |
| **18** | ഡ്രൈവർ | 18 | – | 18 |
| **19** | ഓഫീസ് അറ്റൻഡന്റ്/നൈറ്റ് വാച്ച്മെൻ | 300 | – | 300 |
| **21** | ബൈൻഡർ | 1 | – | 1 |
| **22** | ദഫേദാർ | 0 | – | 0 |
| **23** | പാർട്ട് ടൈം സ്വീപ്പർ | 71 | – | 71 |
| **24** | ഫുൾ ടൈം സ്വീപ്പർ | 3 | – | 3 |
| **25** | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | – | 2 |
| | ആകെ | **2267** | **1325** | **3592** |

- ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവർ – 28

  1.ഓഫീസ് അറ്റൻഡൻറ് – 14

  2.പാർട്ട് ടൈം സ്വീപ്പർ – 14

- ആശ്രിത നിയമനങ്ങൾ ഉൾപ്പെടെയുള്ള ആകെ നിയമനങ്ങൾ -82

  1. എൽ.ഡി ക്ലാർക്ക് 39
  2. എൽ.ഡി ടൈപ്പിസ്റ്റ് 16
  4. ഓഫീസ് അറ്റൻഡൻറ് 23
  5. നൈറ്റ് വാച്ചർ 3
  5. ഡ്രൈവർ **1**

- ഡെപ്യൂട്ടേഷനിൽ പോയവർ – 35

  അഡീഷണൽ രജിസ്ട്രാർ / അഡീഷണൽ ഡയറക്ടർ – 1

  ജോയിൻറ് രജിസ്ട്രാർ / ജോയിൻറ് ഡയറക്ടർ – 4

  ഡെപ്യൂട്ടി രജിസ്ട്രാർ / ഡെപ്യൂട്ടി ഡയറക്ടർ –1

  അസിസ്റ്റൻറ് രജിസ്ട്രാർ / അസിസ്റ്റൻറ് ഡയറക്ടർ –25

  കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ /ആഡിറ്റർ (ജൂനിയർ, സീനിയർ, സ്പെഷൽ ഗ്രേഡ്) **–** 4

- പുതിയ തസ്തിക സൃഷ്ടിക്കൽ – ഇല്ല
- 2019–20 വർഷം സർവ്വീസിൽ നിന്ന് വിരമിച്ചവർ

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അഡീഷണൽ രജിസ്ട്രാർ/ അഡീഷണൽ ഡയറക്ടർ | **7** |
| **2** | ജോയിൻറ് രജിസ്ട്രാർ/ ജോയിൻറ് ഡയറക്ടർ | **30** |
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർ | **7** |
| **4** | അസിസ്റ്റൻറ് രജിസ്ട്രാർ / അസിസ്റ്റൻറ് ഡയറക്ടർ | **46** |
| **5** | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ /ആഡിറ്റർ | 20 |

| | | |
|---|---|---|
| | (ജൂനിയർ, സീനിയർ, സ്പെഷൽ ഗ്രേഡ്) | |
| 6 | ക്ലാർക്ക് | 2 |
| 7 | ടൈപ്പിസ്റ്റ് | 3 |
| 8 | ഓഫീസ് അറ്റൻഡൻറ് | 5 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 121 |

<u>സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ളപരിശീലനം</u>

2019-20 കാലയളവിൽ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളിലായി തിരുവനന്തപുരം, കണ്ണൂർ ഐ.സി.എം കേന്ദ്രങ്ങളിൽ നിന്ന് 723 ഉദ്യോഗസ്ഥർക്കും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ഐ.എം.ജി കേന്ദ്രങ്ങളിൽ നിന്ന് 353 ൽ അധികം ഉദ്യോഗസ്ഥർക്കും അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 230 ഉദ്യഗസ്ഥർക്കും പരിശീലനം ലഭിച്ചിട്ടുണ്ട്.

ടി സ്ഥാപനങ്ങൾക്ക് പുറമെ KSCARDB- ITM KOCHI , KCSEPM-IIITM-K , സംസ്ഥാന സർക്കാറിന്റെ സെൻറർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെൻറ് ( CTFM) , എന്നിവിടങ്ങളിലും സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ റിക്കോർഡ് സംരക്ഷണത്തിലും 2019-20 വർഷത്തിൽ സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്കാവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

## <u>വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ്ആഫീസുകൾ</u>

### 1.സഹകരണ വിജിലൻസ്

കേരള സർക്കാറിന്റെ 02.02.2008 ലെ 41/08 നം ഉത്തരവും ബഹ. സഹകരണ സംഘം രജിസ്ട്രാറുടെ 12.05.2008 ലെ 32/08 നം. സർക്കുലറും പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ കേരള സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം സഹകരണ വിജിലൻസ് വിഭാഗം 2008 മുതൽ പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോട് കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്(ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥനെ വിജിലൻസ് ആഫീസറായി നിയമിച്ചുകൊണ്ട് തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ആഫീസറും വിജിലൻസ് ആഫീസറുടെ കീഴിൽ ഒരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം ,പത്തനംതിട്ട ,ആലപ്പുഴ ജില്ലകൾ അധികാര

പരിധിയായി ആലപ്പുഴ ദക്ഷിണ മേഖല ആഫീസും പാലക്കാട് ,ഇടുക്കി , കോട്ടയം, എറണാകുളം ,തൃശ്ശൂർ എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി തൃശ്ശൂർ മധ്യ മേഖലാ കാര്യാലയവും കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി കണ്ണൂർ ഉത്തര മേഖലാ ആഫീസുമായി മൊത്തം 3 മേഖലാ ആഫീസുകൾ പ്രവർത്തിച്ചു വരുന്നു. സഹകരണ വിജിലൻസിൽ ആകെ 39 തസ്തികകൾ ഉണ്ട്.

ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം , സാമ്പത്തിക ക്രമക്കേടുകൾ , അഴിമതികൾ, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയിൻമേൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിക്കുന്ന പരാതിയിൻമേൽ ഡി.വൈ.എസ്.പി / പോലീസ് ഇൻസ്പെക്ടർ എന്നിവർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ആഫീസറുടെ ശുപാർശയോട് കൂടി രജിസ്ട്രാർക്ക് നൽകുന്നു.

ഭരണപരമായ കാര്യങ്ങൾ ആസ്ഥാന ആഫീസിൽ ജോയിൻറ് രജിസ്ട്രാറും മേഖലാ ആഫീസുകളിൽ ഡെപ്യൂട്ടി രജിസ്ട്രാറും കൈകാര്യം ചെയ്തു വരുന്നു. . 2019-20 വർഷം 64 കേസുകൾ അന്വേഷണത്തിനായി ലഭിച്ചിട്ടുണ്ട്. തൻ വർഷം 76 കേസുകളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.. കൂടാതെ ആകെ ലഭിച്ച 11 വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുണ്ട്.

## 2. സഹകരണ ട്രൈബ്യൂണൽ

കേരള സഹകരണ ട്രൈബ്യൂണൽ സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള അപ്പലേറ്റ് അതോറിറ്റിയാണ്. സഹകരണ ട്രൈബ്യൂണലായി സർവ്വീസിലുള്ള ജില്ലാ ജഡ്ജ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നു. നിലവിൽ 10 ജീവനക്കാർ ഉണ്ട്.

**2019-20 വർഷം ലഭിച്ച ആകെ അപേക്ഷകളുടെയും തീർപ്പാക്കിയതുമായ അപേക്ഷകളുടെയും വിവരം**

| | Opening Balance | Received during the year | Closed during the year | Balance |
|---|---|---|---|---|
| Appeal | **70** | **205** | **124** | **151** |
| Revision | **44** | **104** | **53** | **95** |
| Review | **0** | **7** | **3** | **4** |
| Restoration | **1** | **2** | **2** | **1** |

## 3.സഹകരണ ആർബിട്രേഷൻ കോടതി

കേരള സഹകരണനിയമം വകുപ്പ് 69 പ്രകാരം ധനപരമല്ലാത്ത തർക്കങ്ങൾ തീർപ്പാക്കുന്നതിനുവേണ്ടി 2010 ആഗസ്റ്റ് 11-ാം തീയതിയിലെ ജി. ഒ. (പി) 147/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ കോടതി സ്ഥാപിതമായത്.

### a) (നോർത്തേൺ) കോഴിക്കോട്

കോഴിക്കോട് ആസ്ഥാനമായി വടക്കൻ ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് , എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തനപരിധിയിലുള്ളത്.

2019-20 കാലയളവിൽ ആകെ 81 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. 59 കേസുകൾ തീർപ്പ് കൽപിച്ചിട്ടുണ്ട്. 323 കേസുകൾ വർഷാവസാനം ബാക്കി നിൽക്കുന്നുണ്ട്.

### b) (സതേൺ) തിരുവനന്തപുരം

തിരുവനന്തപുരം ആസ്ഥാനമായി തെക്കൻ ജില്ലകളായ തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തനപരിധിയിലുള്ളത്.

നിലവിൽ തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും സിറ്റിംഗ് നടത്തി വരുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കേസുകൾ തിരുവനന്തപുരത്ത് ആസ്ഥാനത്ത് വെച്ചും ആലപ്പുഴ, പത്തനംതിട്ട, എന്നീ ജില്ലകളിലെ കേസുകൾ ആലപ്പുഴ ക്യാമ്പ് സിറ്റിംഗിലും കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ കേസുകൾ എറണാകുളം ക്യാമ്പ് സിറ്റിംഗിലും വെച്ച് തീർപ്പ് കൽപിച്ച് വരുന്നു. 2019-20 കാലയളവിൽ ആകെ 90 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഫയലിംഗ് ഫീസിനത്തിൽ സർക്കാറിലേക്ക് 169000 രൂപ ചെല്ലാൻ മുഖാന്തിരം ഒടുക്കിയിട്ടു ണ്ട്. 92 കേസുകൾ തീർപ്പ് കൽപിച്ചിട്ടുണ്ട്.

## 4. സഹകരണ ഓംബുഡ്സ്മാൻ

കേരള സർക്കാർ 2010 ൽ കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി 2010 ന് രൂപം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 01.03.2011 ൽ ആദ്യത്തെ സഹകരണ ഓംബുഡ്സ്മാൻ നിയമിതനായി . നിലവിൽ ഓംബുഡ്സ്മാനായ ശ്രീമതി. ജീനാ ജോസ് 25.04.2017 മുതൽ പ്രവർത്തിച്ചു വരുന്നു. സഹകരണ ഓംബുഡ്സ്മാൻ ആഫീസിന്റെ ഭരണപരമായ കാര്യങ്ങൾ ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ക്രെഡിറ്റ്(2) ഡെപ്യൂട്ടി രജിസ്ട്രാറെ ഈ ആഫീസിലെ സെക്രട്ടറിയായും (ഇൻചാർജ്ജ്), ഓംബുഡ്സ്മാനെയും സെക്രട്ടറിയെയും സഹായിക്കുന്നതിലേക്കായി പ്രവർത്തി ക്രമീകരണ വ്യവസ്ഥയിൽ ഒരു

സഹകരണ സംഘം ഇൻസ്പെക്ടറെ ആഫീസ് ഇൻസ്പെക്ടറായും ,സി.എ തസ്തികയിൽ ഒരാളെയും എൽ.ഡി ക്ലർക്ക്, ഓഫീസ് അറ്റൻഡൻറ് തസ്തികകളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഓരോരുത്തരെയും ഡ്രൈവർ തസ്തികയിൽ ദിവസക്കൂലി ഇനത്തിൽ ഒരാളെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ കൺസോളിഡേറ്റഡ് വ്യവസ്ഥയിൽ ഒരാളെയും ഈ ആഫീസിൽ നിയമിച്ചിട്ടുണ്ട്.

**2019-20** വർഷത്തിൽ **271** പരാതികൾ ലഭിക്കുകയും അതിൽ **211** പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. പരാതി ഒന്നിന് 50 രൂപ ക്രമത്തിൽ **2019-20** വർഷം **13550**/- രൂപ ഫീസിനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

## 5. <u>സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

സംസ്ഥാനത്തെ വായ്പ ,ഫെഡറൽ ,സെൻട്രൽ , അപ്പെക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം നിയന്ത്രണം ,മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ചുമതലപ്പെടുത്തിക്കൊണ്ട് 2001 ൽ സർക്കാർ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചു. ആയതിലേക്ക് ഗവൺമെൻറ് സെക്രട്ടറിയേറ്റിലെ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി ഗവൺമെൻറ് നിയമിച്ചു.

2009 വരെ സംസ്ഥാനത്തെ വായ്പ , ഫെഡറൽ , സെൻട്രൽ , അപ്പെക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പ് മാത്രമേ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ആഫീസിൽ നിർവ്വഹിക്കേണ്ടിയിരുന്നുള്ളു. 2010 ൽ ഇവക്ക് പുറമേ ഇതര സംഘങ്ങളിലെ പ്രാതിനിധ്യ പൊതുയോഗ തെരഞ്ഞെടുപ്പ് കൂടി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ 13 ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടി യോജിപ്പിച്ച് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത കേരള ബാങ്ക് യാഥാർത്ഥ്യമായതിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ നേരിട്ട കോടതി വെല്ലുവിളികൾ കുറച്ചൊന്നുമല്ല. സത്യസന്ധമായ മാർഗ്ഗത്തിലൂടെ ടി വെല്ലുവിളികളെ അതിജീവിച്ച് കേരള ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചത്. ഈ വർഷത്തെ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഒന്നായി എടുത്ത് കാട്ടാവുന്നതാണ്..

## 6. <u>തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി</u>(CAPE)

1955 ലെ തിരുവിതാംകൂർ - കൊച്ചി ലിറ്ററി സയൻറിഫിക്ക് ആൻറ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് നിലവിൽ വന്ന കേരള സർക്കാർ സഹകരണ വകുപ്പി ന്റെ സ്ഥാപനമാണ് CAPE. എഞ്ചിനീയറിംഗ് , മെഡിസിൻ , മാനേജ്മെൻറ് എന്നിവ പോലുള്ള

തൊഴിലധിഷ്ഠിത മേഖലയിലെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യം പ്രദാനം ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. CAPE ന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് , ഒരു നഴ്സിംഗ് കോളേജ് , ഒരു ഫിനിഷിംഗ് സ്കൂൾ , പുന്നപ്രയിലെ ഒരു ആശുപത്രി എന്നിവ പ്രവർത്തിക്കുന്നു.

2019-20 വർഷം കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 700 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

# വകുപ്പിന്റെ പ്രവർത്തനങ്ങൾ

## സഹകരണ വകുപ്പിന്റെ പ്രവർത്തനം

1. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുക.
2. സഹകരണ സംഘങ്ങളുടെ നിയമാവലിയും അവയുടെ കാലാ കാലങ്ങളിലുള്ള ഭേദഗതിയും പരിശോധിച്ച് രജിസ്റ്റർ ചെയ്ത് നൽകുക.
3. സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തിക്കൊടുക്കുക.
4. സഹകരണ സംഘങ്ങളിൽ ഒരു കമ്മിറ്റി രൂപീകരണം പരാജയപ്പെടുമ്പോഴോ നിലവിലുള്ള കമ്മിറ്റി പിരിച്ചു വിടുമ്പോഴോ പകരം അഡ്മിനിസ്ട്രേഷൻ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഭരണ സ്തംഭനം ഒഴിവാക്കുക.
5. സഹകരണ സംഘങ്ങൾക്ക് സർക്കാറിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. എല്ലാ തരം സഹകരണ സംഘങ്ങളുടെയും ആഡിറ്റ് നിർവ്വഹിക്കുക.
7. സഹകരണ സംഘങ്ങളിൽ കാലാ കാലങ്ങളിൽ പരിശോധന നടത്തുകയും ആവശ്യമായ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും ക്രമക്കേടുകളും അഴിമതികളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുകയും ചെയ്യുക.
8. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മേൽ നോട്ടം വഹിക്കുക , നിർദ്ദേശങ്ങൾ നൽകുക, നിയമ - ചട്ട വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

9. അംഗങ്ങൾ , ജീവനക്കാർ, ഇടപാടുകാർ എന്നിവരും സഹകരണ സംഘങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപിക്കുക (ആർബിട്രേഷൻ)
10. ആർബിട്രേഷൻ തീർപ്പ് നടപ്പിലാക്കി കൊടുക്കുക (വിധി നടത്തിപ്പ്).
11. സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമല്ലാതെ വരുമ്പോൾ ലിക്വിഡേഷൻ നടപടികൾ നിർവ്വഹിക്കുക.
12. ആർബിട്രേഷൻ തീർപ്പിൻ മേലുള്ള അപ്പീൽ , റിവിഷൻ ,റിവ്യൂ ഇവ നടത്തുക.
13. സഹകരണ സംഘങ്ങൾക്കും അതിലെ ജീവനക്കാർക്കും ഇടപാടുകാർക്കും ബാധകമായ എല്ലാ കാര്യങ്ങളും സർക്കാർ നിർദ്ദേശങ്ങൾക്കും നിയമ –ചട്ട വ്യവസ്ഥകൾക്കനുസൃതവും ആയി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

## സ്റ്റാറ്റ്യൂട്ടറി പ്രവർത്തന റിപ്പോർട്ട്

ആർബിട്രേഷൻ , എക്സിക്യൂഷൻ , ലിക്വിഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട് 2019–20 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**31.03.2020 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമനമ്പർ | ആർബിട്രേഷൻ | കേസുകളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 31.03.2019 ലെ ബാക്കി നിൽപ്പ് | 56715 | 159409.59 |
| 2 | 01.04.2019 മുതൽ 31.03.2020 വരെ സ്വീകരിച്ചത് | 148296 | 450733.29 |
| | ആകെ | 205011 | 610142.88 |
| 3 | 01.04.2019 മുതൽ 31.03.2020 വരെ തീർപ്പാക്കിയത് | 128072 | 383586.53 |
| | 31.03.2020 ലെ ബാക്കി നിൽപ്പ് | 76939 | 226556.35 |

മേൽ സൂചിപ്പിച്ചതിൽ തിരുവനന്തപുരം, കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ ആർബിട്രേഷൻ കേസുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം, കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ31.03.2020 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നമ്പർ | ആർബിട്രേഷൻ | തിരുവനന്തപുരം (എണ്ണം) | കോഴിക്കോട് (എണ്ണം) |
|---|---|---|---|
| 1 | 31.03.2019 ലെ ബാക്കി നിൽപ്പ് | 275 | 300 |
| 2 | 01.04.2019 മുതൽ 31.03.2020 വരെ സ്വീകരിച്ചത് | 84 | 90 |
| | ആകെ | 359 | 390 |
| 3 | 01.04.2019 മുതൽ 31.03.2020 വരെ തീർപ്പാക്കിയത് | 91 | 67 |
| | 31.03.2020 ലെ ബാക്കി നിൽപ്പ് | 268 | 323 |

**31.03.2020 ലെ എക്സിക്യൂഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമനമ്പർ | എക്സിക്യൂഷൻ | കേസുകളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 31.03.2019 ലെ ബാക്കി നിൽപ്പ് | 158363 | 320168.91 |
| 2 | 01.04.2019 മുതൽ 31.03.2020 വരെ സ്വീകരിച്ചത് | 48073 | 170527.37 |
| | ആകെ | 206436 | 490696.28 |
| 3 | 01.04.2019 മുതൽ 31.03.2020 വരെ തീർപ്പാക്കിയത് | 37899 | 85975.43 |
| | 31.03.2020 ലെ ബാക്കി നിൽപ്പ് | 168537 | 404720.85 |

**31.03.2020 ലെ ലിക്വിഡേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നമ്പർ | ലിക്വിഡേഷൻ | കേസുകളുടെ എണ്ണം | ആസ്തി (തുക ലക്ഷത്തിൽ) | ബാദ്ധ്യത (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 31.03.2019 ലെ ബാക്കി നിൽപ്പ് | 611 | 3801.42 | 4652.06 |
| 2 | 01.04.2019 മുതൽ 31.03.2020 വരെ സ്വീകരിച്ചത് | 53 | 467.71 | 48.64 |
| | ആകെ | 664 | 4269.13 | 4700.70 |
| 3 | 01.04.2019 മുതൽ 31.03.2020 വരെ തീർപ്പാക്കിയത് | 41 | 18.34 | 457.49 |
| | 31.03.2020 ലെ ബാക്കി നിൽപ്പ് | 623 | 4250.79 | 4243.21 |

# പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും

## വകുപ്പിന്റെ പദ്ധതികൾ

### 1. സംയോജിത സഹകരണ വികസന പദ്ധതി

ഗ്രാമീണ കാർഷിക സമ്പദ് വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും, സ്വാധീനവും കാര്യക്ഷമമാക്കുന്നതിനും, വിപുലീകരിക്കുന്നതിനും അത് വഴി പൊതു സമ്പദ് വ്യവസ്ഥയിൽ വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) ഏഴാം പഞ്ചവത്സര പദ്ധതി കാലത്താണ് ഈ പദ്ധതി ആരംഭിച്ചത്.

വികസന പദ്ധതികൾ ആവിഷ്കരിച്ച് ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കി, ഒരു ജില്ലയെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി, ആ ജില്ലയെ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംയോജിത സഹകരണ വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. കർഷകർക്കും, ഗ്രാമീണ ജനതയ്ക്കും മെച്ചപ്പെട്ട പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിക്കുന്നതാണ്.

ഒരു പ്രദേശത്തിന്റെ വികസനത്തിന് സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഐ.സി.ഡി.പി പദ്ധതി ആരംഭിക്കുന്നതിന് എൻ.സി.ഡി.സി തീരുമാനിച്ചത്. അതോടുകൂടി 'ഒരു പ്രദേശത്തിന്റെ വികസനം സഹകരണ സംഘങ്ങളിലൂടെ ' എന്ന ആശയത്തിന് ശാക്തീകര ണം ലഭിച്ചു. മറ്റൊരു അർത്ഥത്തിൽ, തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകൾ കേന്ദ്രമാക്കി അതത് ജില്ലകളിലെ സഹകരണ സ്ഥാപനങ്ങളെ ഗ്രാമീണ വികസന പ്രക്രിയയുടെ കേന്ദ്രബിന്ദുവായി വളർത്തിയെടുക്കുകയാണ് ഐ.സി.ഡി.പി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി ചൂണ്ടി കാണിക്കപ്പെട്ടിട്ടുള്ള പ്രവർത്തന മൂലധനത്തിന്റെ കുറവ്, കാര്യക്ഷമത കുറഞ്ഞ മനു ഷ്യ വിഭവശേഷി, സർക്കാരിനോടുള്ള പരിധിയില്ലാത്ത സാമ്പത്തിക ആശ്രയത്വം തുടങ്ങിയവയ്ക്ക് കഴിയുന്നത്ര പരിഹാരം കണ്ടെത്തുക എന്നതും ഐ.സി.ഡി.പിയുടെ പ്രധാന ലക്ഷ്യമാണ്.

1986 ഡിസംബറിൽ ഇന്ത്യയിലാദ്യമായി ഐ.സി.ഡി.പി പദ്ധതി പശ്ചിമബംഗാളിലെ 'നഡിയ' ജില്ലയിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി 1989 – ൽ വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചു. തുടർന്ന് കേരളത്തിലെ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും ഇപ്പോൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. വയനാട് ജില്ലയിൽ പദ്ധതി യുടെ രണ്ടാം ഘട്ടം 2009 ൽ ആരംഭിച്ച് 2013 ൽ പൂർത്തിയാക്കി.

2019-20 സാമ്പത്തിക വർഷത്തിൽ ആകെ 31.80 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നതിൽ 22.99 കോടി രൂപ ഇടുക്കി, പാലക്കാട്, തൃശ്ശൂർ ഐ.സി.ഡി.പി രണ്ടാം ഘട്ട പദ്ധതിയ്ക്ക് വേണ്ടി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇന്ത്യയിലാദ്യമായി സഹകരണ മേഖലയിൽ ഇടുക്കി ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കുകളെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനെയും കോർത്തിണക്കി കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇടുക്കി ജില്ലയിൽ തങ്കമണി തേയില ഫാക്ടറി, ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രി, പ്രാഥമിക സംഘങ്ങൾക്ക് കെട്ടിടം നിർമ്മാണം, കാർഡമം ഡ്രൈയർ യൂണിറ്റ്, ഗോഡൗൺ, ക്ഷീര സംഘങ്ങൾക്ക് പാൽ സംസ്കരണ യൂണിറ്റ് എന്നീ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു.

പാലക്കാട് ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം ആശുപത്രി സംഘങ്ങൾക്ക് അശുപത്രി അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ക്ഷീര സംഘങ്ങൾത്ത് പാൽ സംസ്കരണ യൂണിറ്റ്, എസ്.സി.എസ്.റ്റി, വനിതാ സഹകരണ സംഘങ്ങൾ, കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു നൽകി.

തൃശ്ശൂർ ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം, ഗോഡൗൺ, ക്യാഷ് കൗണ്ടർ, സ്ട്രോംഗ് റൂം, ഫർണിച്ചർ എന്നിവയ്ക്കും ക്ഷീര സംഘങ്ങൾക്ക് പാൽ സംസ്കരണ യൂണിറ്റ്, ആശുപത്രി സംഘങ്ങൾക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം, എസ്.സി/എസ്.റ്റി വനിതാ സംഘങ്ങളുടെ വികസനം എന്നീ ആവശ്യങ്ങൾ ഐ.സി.ഡി.പി വഴി ധനസഹായം അനുവദിച്ച് നൽകി.

**2. <u>എസ്.ടി (എസ്.എ.ഒ) പുനർവായ്പ</u>**

2019–20 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് എസ്.ടി (എസ്.എ.ഒ) പുനർവായ്പയായി 1485.81/– കോടി രൂപ നബാർഡ് അനുവദിക്കുകയും ടി തുക സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതം ഉൾപ്പെടെ ചുവടെ ചേർക്കും പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുമുണ്ട്.

| ജില്ലാ സഹകരണ ബാങ്ക് | നബാർഡ് വിഹിതം (കോടിയിൽ) | സംസ്ഥാന സഹകരണ ബാങ്ക് വിഹിതം (കോടിയിൽ) | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 55.27 | – | 55.27 |
| കൊല്ലം | 57.88 | – | 57.88 |
| ആലപ്പുഴ | 80.00 | 20.00 | 100.00 |
| പത്തനംതിട്ട | 56.27 | – | 56.27 |
| കോട്ടയം | 71.97 | 9.20 | 81.17 |
| ഇടുക്കി | 170.25 | 16.00 | 186.25 |
| എറണാകുളം | 109.70 | – | 109.70 |
| തൃശ്ശൂർ | 145.60 | – | 145.60 |
| പാലക്കാട് | 101.24 | 17.00 | 118.24 |
| മലപ്പുറം | 84.00 | 21.00 | 105.00 |
| കോഴിക്കോട് | 158.12 | 16.00 | 174.12 |
| വയനാട് | 84.40 | 6.00 | 90.40 |
| കണ്ണൂർ | 169.74 | 16.00 | 185.74 |

| | | | |
|---|---|---|---|
| കാസർഗോഡ് | 141.37 | 15.00 | 156.37 |
| ആകെ | 1485.81 | 136.20 | 1622.01 |

### 3. പട്ടിക ജാതി കടാശ്വാസ പദ്ധതി

സർക്കാരിന്റെ 30.03.2015 ലെ സ.ഉ(അച്ചടി) 24/2015/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൻ കീഴിൽ 31.03.2015 ന് ശേഷം (31.03.15 മുതൽ 31.05.15 വരെ) വായ്പാ കടം അവസാനിപ്പിച്ച വകയിൽ 71.73 കോടി രൂപയും, 31.03.2015 ന് മുമ്പ് വായ്പാ കടം അവസാനിപ്പിച്ച വകയിൽ 49.89 കോടി രൂപയും, 31.08.2015 ന് മുമ്പ് (01.06.2015 മുതൽ 31.08.2015 വരെ) വായ്പാ കടം അവസാനിപ്പിച്ച വകയിൽ 11.25 കോടി രൂപയും ഉൾപ്പെടെ 132.87 കോടി രൂപ സംഘങ്ങൾ/ബാങ്കുകൾക്ക് അർഹതയുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31.03.2015 ലെ സ.ഉ(സാധാ) 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 44.34 കോടി രൂപയും (44,33,96,000/-രൂപ), പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2017 ലെ ഡെവ.ബി2/21510/14 നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപയും(88,53,64,000/-രൂപ) ഉൾപ്പെടെ ആകെ 132,887,60,000/-രൂപ അനുവദിക്കുകയും ടി തുകയിൽ നിന്നും 31/03/2020 വരെ നാളിതുവരെ 44,488 വായ്പകളിലായി 85,67,60,668/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

### 4. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

സർക്കാരിന്റെ 06.12.2010 ലെ സ.ഉ.(പി) 91/2010/മതുവ നമ്പർ ഉത്തരവ് പ്രകാരം, കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ സർക്കാരിൽ നിന്നും പരമാവധി 75,000/-രൂപ കടാശ്വാസമായി അനുവദിക്കുകയും ടി തുക വായ്പയുടെ മുതൽ തുകയിൽ വരവ് വെയ്ക്കുകയുമാണ് ചെയ്യുന്നത്. മുതൽ തുകയിൽ കടാശ്വാസം അനുവദിച്ച തുകയിൽ അധികരിച്ച് ബാക്കി നിൽക്കുന്ന തുക വായ്പക്കാരൻ അടയ്ക്കേണ്ടതും, പലിശ, പിഴപ്പലിശ എന്നിവ സംഘങ്ങൾ/ബാങ്കുകൾ എഴുതിത്തള്ളേണ്ടതുമാണ്. 01.01.2001 മുതൽ 31.12.2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ 31.12.2009 ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25 % തുകയും സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. 2019-20 വർഷത്തിൽ വായ്പ തുക ഒന്നും അനുവദിച്ച് നൽകിയിട്ടില്ല.

## 5.കർഷക കടാശ്വാസപദ്ധതി

കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം നൽകുന്ന ധനസഹായമാണിത്. ടി ആക്ട് പ്രകാരം കർഷകർ തന്നെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവനമാർഗ്ഗമായിരിക്കുകയും ചെയ്യുന്ന കർഷകനാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. മുതൽ ,പലിശ, പിഴപ്പലിശ എന്നിവ ഉൾപ്പെടുന്ന കടത്തുക 50000/-രൂപയോ അതിൽ കുറവോ ആണെങ്കിൽ കടത്തുകയുടെ 75 % വും 50000/- രൂപയിൽ കൂടുതൽ ആണെങ്കിൽ 50 % അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും കർഷകന് ഇളവ് ലഭിക്കുന്ന തുക.

2019-20 വർഷത്തിൽ കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളുടെ അടിസ്ഥാനത്തിൽ 493 അവാർഡുകളിലായി 1,87,12,456/-രൂപ സർക്കാർ ഏറ്റെടുക്കുകയും, ടി തുക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## 6.സഹകരണ പ്രചരണ പദ്ധതി

സഹകരണ തത്വങ്ങളുടെ പ്രചരണം, സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പ്രചരണം എന്നിവയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. കൂടുതൽ ജനങ്ങളിലേക്ക് സഹകരണ തത്വങ്ങളുടെയും പ്രസ്ഥാനത്തിന്റെയും പ്രസക്തി എത്തിക്കുക , നിക്ഷേപ സഹകരണ പരിപാടികൾ , ജില്ലാ സഹകരണ ബാങ്കുകൾ , അർബൺ ബാങ്കുകൾ , ജീവനക്കാരുടെ വായ്പാ സഹകരണ ബാങ്കുകൾ, പി.എ.സി.എസ് എന്നിവയുടെ വിശിഷ്ട സേവനങ്ങൾക്ക് ട്രോഫികൾ നൽകുക സഹകരണ വീഥി മാഗസിനുകൾ, വാർത്താ കുറിപ്പുകൾ , വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ, തുടങ്ങിയവക്കും വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം , പദ്ധതി തയ്യാറാക്കൽ എന്നിവ ഉൾപ്പെടെ സം സ്ഥാന സർക്കാർ വർഷം തോറും 2425-001-90 ശീർഷകത്തിൽ തുകകൾ വകയിരുത്തുന്നുണ്ട്. 2019-20 കാലയളവിൽ 25 ലക്ഷം രൂപയാണ് ടി ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. 2019-20 കാലയളവിൽ സഹകരണ വീഥിയുടെ പ്രസിദ്ധീകരണം, വർക്ക്ഷോപ്പുകൾ, കെയർ ഹോം പരിപാടി , ഇന്ത്യൻ ഇൻറർനാഷണൽ കോ ഓപ്പറേറ്റീവ് ട്രേഡ് ഫെയർ ( IICTF-2019) ആഡിറ്റ് മാനുവൽ പരിഷ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ടി ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

## 7. ദീർഘകാല വായ്പ

സംസ്ഥാനത്തെ ദീർഘകാല വായ്പ ഘടന ദ്വിതല സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മേൽത്തട്ടിലും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ പ്രാഥമിക തലത്തിലും നിന്നുകൊണ്ട് കൃഷി അനുബന്ധ ജോലികൾക്കും ഗ്രാമീണ പാർപ്പിടവൽക്കരണത്തിനും ദീർഘകാല വായ്പകൾ നൽകുക എന്നുള്ളതാണ് ടി ബാങ്കുകളുടെ പ്രധാന ലക്ഷ്യം.

സംസ്ഥാനത്തെ 75 പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴിയാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കർഷകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ ദീർഘകാല വായ്പ വിതരണം നടത്തുന്നത്. കൂടാതെ ഭവന നിർമാണത്തിലും ടി വായ്പകൾ നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ദീർഘകാല വായ്പ വിതരണമായി ലക്ഷ്യമിട്ടിരിക്കുന്നത് 301932.18/-ലക്ഷം രൂപയായിരുന്നു. വിതരണം ചെയ്തത് 221763.39/- ലക്ഷം രൂപയാണ്. ആയതിന്റെ വിവരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| ക്രമനമ്പർ | പദ്ധതി | | മൊത്തം ടാർജറ്റ് (ലക്ഷത്തിൽ) | നേട്ടം കൈവരിച്ചത് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കാർഷിക മേഖല | ഹ്രസ്വകാലം | 12369.48 | 5925.68 |
| | | ദീർഘകാലം | 123551.90 | 73362.92 |
| 2 | കാർഷികേതര മേഖല | | 34166.99 | 28583.24 |
| 3 | ഭവനം | | 105017.11 | 91862.40 |
| 4 | ബാക്കിയുള്ളവ | | 26826.70 | 22029.15 |
| | ആകെ | | 301932.18 | 221763.39 |

## 8. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനുള്ള സർക്കാർ ഗ്യാരന്റി

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രധാന വരുമാന സ്രോതസ്സ് എന്ന് പറയുന്നത് നബാർഡിൽ നിന്നുള്ള വായ്പയാണ്. കേരള സർക്കാറിന്റെ ഗ്യാരൻറിയിൻ മേലാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡ് വായ്പ അനുവദിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 6282.12 കോടി രൂപയുടെ വായ്പക്ക് ഗ്യാരൻറി നിൽക്കുന്നുണ്ട്. ഈ ഇനത്തിൽ സർക്കാറിന് കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്

വിധേയമായി ഗ്യാരൻറി കമ്മീഷൻ ലഭിക്കുന്നു. നിലവിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡ് അനുവദിച്ച് ബാങ്ക് പിൻവലിച്ച് വിനിയോഗിക്കുന്ന തുകയുടെ .75 % ആണ് ഗ്യാരൻറി കമ്മീഷൻ. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സർക്കാറിലേക്ക് 40.20 കോടി രൂപ അടവാക്കിയിട്ടുണ്ട്.

## 9. കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതി

സഹകരണ വായ്പ സംഘങ്ങൾ വഴി എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 5% പലിശ ഇളവ് നൽകുന്നതിലേക്കായി സർക്കാർ ഉത്തരവ് നമ്പർ 11/92 സഹ തീയതി 07.03.1992 പ്രകാരം ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ഈ പദ്ധതി ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ലകൾ | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 19,33,396 |
| 2 | കൊല്ലം | 8,99,475 |
| 3 | ആലപ്പുഴ | 8,96,190 |
| 4 | കോട്ടയം | 6,87,676 |
| 5 | ഇടുക്കി | 17,89,527 |
| 6 | എറണാകുളം | 3,37,46,054 |
| 7 | തൃശ്ശൂർ | 1,54,67,814, |
| 8 | പാലക്കാട് | 37,903 |
| 9 | വയനാട് | 36,93,814 |
| 10 | കണ്ണൂർ | 3,88,10,152 |
| 11 | കാസർഗോഡ് | 20,38,000 |
| | ആകെ | 100000000 |

## 10. ഉത്തേജന പലിശയിളവ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ കർഷകർക്കായി 2011-12 ബഡ്ജറ്റിൽ ഉത്തേജന പലിശയിളവ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിൽ 7% ഇളവിൽ സർക്കാർ ധനസഹായമായി അനുവദിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷം 7 കോടി രൂപ ഈ പദ്ധതി ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ലകൾ | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 55,25,674 |
| 2 | കൊല്ലം | 22,13,168 |
| 3 | പത്തനംത്തിട്ട | 73,094 |
| 4 | ആലപ്പുഴ | 9,05,070 |
| 5 | ഇടുക്കി | 38,19,366 |
| 6 | എറണാകുളം | 2,94,94,384 |
| 7 | തൃശ്ശൂർ | 5,25,018 |
| 8 | പാലക്കാട് | 11,19,363 |
| 9 | മലപ്പുറം | 11,78,351 |
| 10 | കോഴിക്കോട് | 23,45,588 |
| 11 | വയനാട് | 71,51,957 |
| 12 | കണ്ണൂർ | 1,34,62,145 |
| 13 | കാസർഗോഡ് | 21,86,822 |
| | ആകെ | 7,00,00,000 |

## 1. കാർഷിക വായ്പ

സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി സംഘത്തിലെ കർശകരായ അംഗങ്ങൾക്ക് - 7% പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകി വരുന്നു. കേരള സർക്കാറിന്റെ സ്റ്റിമുലസ് പാക്കേജ് പദ്ധതി പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പകൾ സ്വീകരിച്ച കർഷകരായ അംഗങ്ങൾക്ക് 5 % വരെ പലിശ ഇളവ് അനുവദിച്ച് തിരികെ നൽകുകയും കേന്ദ്ര സർക്കാർ നബാർഡ് മുഖേന പലിശ സബ് വെൻഷൻ പദ്ധതി പ്രകാരം അവശേഷിക്കുന്ന പലിശ ഇളവ് നൽകി വരുന്നു. ഇത്തരത്തിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് അവരുടെ അംഗങ്ങൾക്ക് കാർഷിക വായ്പ പലിശ രഹിതമായി അനുവദിച്ച് നൽകാൻ കഴിയുന്നു.

## 12..നെൽകൃഷി വായ്പ

നെൽ കൃഷിക്കായി നൽകുന്ന കാർഷിക വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ തിരിച്ച നൽകി വരുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകി വരുന്നുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളവർക്കാണ് വായ്പകൾ നൽകുന്നത്.

## 13. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും കൃത്യമായി വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്ന് ആശ്വാസം നൽകുന്നതിനുമായി സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി .

## 14. സഹകരണ ധന സഹായ പദ്ധതികൾ (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതി)

സഹകരണ മേഖലയിൽ (താലൂക്ക്,ജില്ല) വളരെക്കാലമായി പ്രവർത്തിക്കുകയും അതിന്റെ പുരോഗതിക്കും വളർച്ചക്കും വേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിക്കുകയും ചെയ്ത നിരാലംബരും അശരമരുമായ സഹകാരികൾക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. ഈ പദ്ധതി പ്രകാരം വാർഷിക വരുമാനം 36000 രൂപ കവിയാത്ത സഹകാരികൾക്ക് 50000 രൂപ വരെ ലഭിക്കും.

## 15. റീസർജൻറ് കേരള ലോൺ സ്കീം ( R K LS)

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീട്ടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07/09/2018 ലെ സ.ഉ(കൈ) 326/2018 റഫ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജൻറ് കേരള ലോൺ സ്കീം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജൻറ് കേരള ലോൺ സ്കീം നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. 10 ആം മാസം മുതൽ തുല്യ ഗഡുക്കളായി വായ്പ തിരിച്ചടക്കേണ്ടതാണ്. ബാങ്കുകൾ 9 % പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി വായ്പയുടെ പലിശ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. ഗുണ ഭോക്താവിൽ നിന്നും പലിശ അടക്കമുള്ള തുകയാണ് അയൽക്കൂട്ടം ബാങ്കിലേക്ക് തിരിച്ചടക്കേണ്ടത്. 9 % പലിശ തുക സർക്കാറിൽ നിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. 31.03.2020 വരെയുള്ള കണക്കുകൾ പ്രകാരം 85661 അംഗങ്ങൾക്കായി 713.92 കോടി രൂപ വായ്പാ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്

# 2019-20 പദ്ധതി വിഹിതം

## 2019-20 പദ്ധതി വിഹിതം

2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതിയിലെ 15425.00 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 2310.00 ലക്ഷം രൂപയും ഉൾപ്പെടെ 17735.00 ലക്ഷം രൂപ ലഭിച്ചതിൽ 9032.66836 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതിയിൽ വകയിരുത്തിയിരുന്ന 6500 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 531.43 ലക്ഷം രൂപയും ഉൾപ്പെടെ 7031.43 ലക്ഷം രൂപ

ലഭിച്ചതിൽ 4587.52719 ലക്ഷം രൂപയും സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

2019-20 വർഷം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 58.56 % വും എൻ.സി.ഡി.സി പദ്ധതി വിഹിതത്തിന്റെ 70.58 % വും ചെലവഴിക്കാൻ സഹകരണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

| പദ്ധതികൾ | ചെലവഴിച്ച തുക | ധനസഹായം ലഭിച്ച സംഘങ്ങളുടെ എണ്ണം |
|---|---|---|
| സംസ്ഥാന പദ്ധതികൾ | 9032.66836 ലക്ഷം രൂപ | 716 |
| എൻ.സി.ഡി.സി പദ്ധതികൾ | 4587.52719 ലക്ഷം രൂപ | 210 |

പ്രധാനപ്പെട്ട പദ്ധതികളും ടി പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ച സംഘങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച തുക ലക്ഷത്തിൽ | സംഘങ്ങളുടെ എണ്ണം |
|---|---|---|---|
| **1** | **സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായം** | | |
| എ | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള കോർ ബാങ്കിംഗിനുള്ള ധനസഹായം<br>സബ്സിഡി<br>ഓഹരി<br>വായ്പ | 91.705<br>94.205<br>203.45 | 41 |
| ബി | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം<br>സബ്സിഡി<br>ഓഹരി | 0.36<br>4.9885 | 2<br>7 |
| സി | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം | 7.131 | 10 |
| ഡി | ദുർബ്ബല പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം<br>സബ്സിഡി | 5.0125 | |

| | | | |
|---|---|---|---|
| | ഓഹരി<br>വായ്പ | 5.0125<br>6.255 | 10 |
| ഇ | അർബൺ ബാങ്കുകൾ/ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം | 1 | 1 |
| എഫ് | എംപ്ലോയീസ് സഹകരണ ബാങ്കുകൾക്കുള്ള ഓഹരിയിനത്തിലുള്ള സഹായം<br>റിസ്ക്ക് ഫണ്ട് ധന സഹായം | 15<br>946.80179 | 31 |
| 2 | സഹകരണ മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോൽസാഹനത്തിനും ഉള്ള സഹായം – | 600 – അനുവദിച്ചു.<br>60 അനുവദിച്ചു നൽകി | |
| 3 | **ഉപഭോക്തൃ സഹകരണ സംഘങ്ങൾ/നീതി സ്റ്റോറുകൾക്കുള്ള ധനസഹായം** | | |
| | കൺസ്യൂമർ സഹകരണ സംഘങ്ങൾ<br>സബ്സിഡി<br>ഓഹരി | 0.5<br>26 | 2 |
| | സ്കൂൾ /കോളേജ് സഹകരണ സംഘങ്ങൾ<br>സബ്സിഡി | 130.61 | 106 |
| | നീതി സ്റ്റോറുകൾ<br>സബ്സിഡി<br>ഓഹരി<br>വായ്പ | 3.442<br>44.584<br>41.184 | 139 |
| 4 | CAPE നുള്ള ധനസഹായം<br>കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സബ്സിഡി | 700 | |

| | | | |
|---|---|---|---|
| 5 | **പലവക സഹകരണ സംഘങ്ങൾ ക്കുള്ള ധനസഹായം** | | |
| | എഡ്യൂക്കേഷൻ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി | 55.40 | 3 |
| | ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി | 22.9525 | |
| | ഓഹരി | 22.9525 | 3 |
| | വായ്പ | 34.54 | |
| | പലവക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി | 80.73 | 47 |
| | സാഹിത്യ പ്രവർത്തക സഹകരണ സംഘം - കൊച്ചിയിൽ വെച്ച് നടത്തിയ അന്താരാഷ്ട്ര പുസ്തകോൽസവത്തിനായുള്ള സബ്സിഡി | 185.56 | |
| | ടൂറിസം സഹകരണ സംഘങ്ങളുടെ വികസനം | 40 | |
| | മണ്ണ് പരിശോധനാ സഹകരണ സംഘങ്ങളുടെ വികസനം | 21.6 | |
| | വനിതാ സഹകരണ സംഘങ്ങൾ | 45 | 5 |
| 6 | പട്ടിക ജാതി /പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം | 901.59 | |
| | 1. പട്ടിക ജാതി /പട്ടിക വർഗ്ഗ ഫെഡറേഷൻ | 220.77 | |
| | പട്ടിക ജാതി /പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണ പുനരുദ്ധാരണം | 19 | 5 |
| | വർക്കിംഗ് ക്യാപിറ്റൽ ഗ്രാൻറ് ഇനം | 109.8 | 40 |
| | മാനേജീരിയൽ സബ്സിഡി | 41.52 | 38 |
| | കമ്പ്യൂട്ടർ പഠനത്തിനുള്ള ധനസഹായം | 35.5 | 5 |
| | റിവൈവൽ സ്കീം | 51 | 10 |
| | ഓഹരി ധനസഹായം | 44 | 17 |

| | | | |
|---|---|---|---|
| 7 | സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും സഹായം<br>സഹകരണ സംഘങ്ങളുടെ വികസനം – 57.41<br>(3സംഘങ്ങൾ)<br>പ്രളയത്തിൽ നഷ്ടം ബാധിച്ച സംഘങ്ങൾക്കുള്ള ധനസഹായം – 16.675 | 750<br>അനുവദിച്ചു.<br>223.085<br>അനുവദിച്ചു<br>നൽകി | |
| 8 | മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം<br>മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും ഉള്ള സഹായം | 15 | 2 |
| 9 | വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും വനിതാ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമായും ഉള്ള സഹായം (സബ്സിഡി – 72.25 + ഓഹരി 16.70 ) | 88.95 | |
| 10 | സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം<br>(സബ്സിഡി – 70.89334 + ഓഹരി 20.69 വായ്പ – 20.69 ) | 112.27334 | 44 |
| 11 | ആർ.ഐ.ഡി.എഫ് പദ്ധതി<br>പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം മുതലായ മേഖലകളിലെ പദ്ധതികൾക്കു വേണ്ടി സഹകരണ ആശുപത്രിക്ക് നൽകിയ ധന സഹായം | 30.6418 | |
| 12 | പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേന ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് നൽകിയ ധന സഹായം | 87 | 44 |
| 13 | സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത കൈവരിക്കുന്നതിലേക്കായി കേരള സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകിയ ധന സഹായം<br>കെയർ കേരള പദ്ധതിയുടെ ഭരണ ചെലവിന് നൽകിയ ധന സഹായം | 23.10 കോടി രൂപ<br>.0122 ലക്ഷം | 6 |
| 14 | ഇടുക്കി , തൃശ്ശൂർ ജില്ലകളിൽ ഐ.സി.ഡി.പി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് സബ്സിഡിയായി സംസ്ഥാന പദ്ധതിയിൽ നൽകിയത്<br>ഇടുക്കി , തൃശ്ശൂർ ,പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി പദ്ധതിയിൽ നൽകിയത്<br>സബ്സിഡി – 121.25249<br>ഓഹരി – 1251.68053<br>വായ്പ – 889.87252 | 79<br>2262.80554 | 198 |

| | | | |
|---|---|---|---|
| 15 | **എൻ.സി.ഡി.സി പദ്ധതികൾ**<br><br>പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവക്കുള്ള ധനസഹായം പദ്ധതി | | |
| | അടിസ്ഥാന സൗകര്യ വികസനം | 1927.81875 | 3 |
| | വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ | 255.234 | 1 |
| | ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | 29.00 | 1 |
| | മാർജിൻ മണി ഓഹരി | 6.7589 | 2 |
| | കൺസ്യൂമർ സഹകരണ സംഘങ്ങൾ | 23.66 | 2 |
| | പ്രോസസിംഗ് സഹകരണ സംഘങ്ങൾ | 62.25 | 1 |
| | സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള ധനസഹായം പദ്ധതി പ്രകാരം ഓഹരിയായി അനുവദിച്ച ഫാർമേഴ്സ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 20 | 2 |

# സാമ്പത്തികം

**REVENUE EXPENDITURE FOR THE YEAR 2019-2020**

| HEAD OF ACCOUNT | SALARY 01 | WAGES 02 | TRAVEL EXPENSES-04 | OFFICE EXPENSES-05 | RRT-06 | MOTOR VEHICLE-21 | IMPLEMENTATION OF OFFICIAL LANGUAGE 26 | OTHER CHARGES-34-3 | P.O.L-45 | Hire charges of motor vehicles-97 | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| 2425-001-99 | 109565176 | 1237412 | 969170 | 1564477 | 0 | 1664718 | 0 | 49976 | 213864 | | 115264793 |
| 2425-001-98 | 813683038 | 11466905 | 5773358 | 3694130 | 5314279 | 254531 | 46000 | 0 | 365482 | | 840597723 |
| 2425-001-97 | 6655176 | 409375 | 101561 | 198134 | 685000 | 1007544 | 0 | 0 | 99795 | | 9156585 |
| 2425-001-89 | 21371809 | 778475 | 211651 | 173061 | 0 | 33601 | 0 | 0 | 121894 | | 22690491 |
| 2425-001-88 | 0 | 1107300 | 40864 | 76659 | 145245 | 34773 | 0 | 0 | 26700 | | 1431541 |
| 2425-003-98 | 40814243 | 0 | 104048 | 0 | 0 | 0 | 0 | 0 | 0 | | 40918291 |
| 2425-101-99 | 1157857950 | 1856010 | 4256467 | 1183947 | 447005 | 0 | 0 | 0 | 0 | | 1165601379 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2425-101-98 | 20207944 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 20207944 |
| 2425-101-96 | 6539224 | 1965199 | 16428 | 224854 | 230000 | 3113 | 0 | 112677 | 79107 | 1101245 | 10271847 |
| 2425-101-95 | 4525107 | 594390 | 55816 | 110748 | 45000 | 0 | 0 | 198975 | 0 | | 5530036 |
| 2425-101-93 | 0 | 2736690 | 118211 | 117864 | 327144 | 29662 | 0 | 25000 | 104174 | | 3458745 |
| 2425-101-92 | 12829622 | 759840 | 238323 | 83559 | 0 | 28570 | 99622 | 69629 | 51500 | | 14160665 |
| **Total** | **2194049289** | **22911596** | **11885897** | **7427433** | **7193673** | **3056512** | **145622** | **456257** | **1062516** | **1101245** | **2249290040** |
| 2425-003-92-31 | GRANT TO STATE CO-OPERATIVE UNION FOR RUNNING CO-OPERATIVE TRAINING FOR SC/ST | | | | | | | | | | 0 |
| 2425-003-97-31 | CO-OPERATIVE INSTITUTION GRANT -IN-AID | | | | | | | | | | 0 |
| 2425-004-97 | Assistance to Committee for the study of merger of District and state Co-operative banks into a single bank | | | | | | | | | | 0 |
| 2425-107-93 | AGRICULTURAL PRODUCTION COST RELIEF SCHEME | | | | | | | | | | 203479 |
| 2425-108-47-31 | GRANT TO STATE CO-OPERATIVE ACADEMY FOR PROFESSIONAL EDUCATION | | | | | | | | | | 45754000 |
| 2425-108-80-33 | SUBSIDIES TO CO-OPERATIVES FOR CONDUCTING FESTIVAL MARKETS | | | | | | | | | | 201595585 |
| 2425-107-72-33 | STIMULUS INTEREST SUBSIDY | | | | | | | | | | 226951 |
| **Total** | | | | | | | | | | | **247780015** |
| **GRAND TOTAL** | | | | | | | | | | | **2497070055** |

**Non Tax revenue Collection Details for the month of March 2020 (₹ in Lakhs)**

| ITEM | HEAD OF ACCOUNT | Revised Budget Estimate | Amount collected during the month | Amount collected up to previous month | Progrssive Total | Collection upto the month during the last year (2018-19) | Percentage against Budget Estimate |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6(4+5) | 7 | 8 |
| AUDIT FEES | 0425-101-99 | 1810.00 | 154.64 | 1271.76 | 1426.40 | 1730.45 | 78.81 |
| GRANT FROM NCDC | 0425-800-99 | 12.00 | - | - | - | | - |
| ARBITRATION FEES | 0425-800-98 | 4770.00 | 844.35 | 3571.15 | 4415.50 | 4165.93 | 92.57 |
| LIQUIDATION | 0425-800-97 | 5.00 | 0.18 | 5.11 | 5.29 | 4.04 | 105.80 |

| | | | | | | | |
|---|---|---|---|---|---|---|---|
| KSR COST | 0425-800-96 | 14600.00 | 707.49 | 10492.50 | 11199.99 | 12488.84 | 76.71 |
| FEES ON APPEAL OR APPLICATION FOR REVISION | 0425-800-95 | 40.00 | 0.29 | 15.38 | 15.67 | 2.60 | 39.18 |
| APPLICATION FEE FOR REGISTRATION | 0425-800 -94 | 100.00 | 1.82 | 19.17 | 20.99 | 37.96 | 20.99 |
| ELECTION FEES | 0425-501-99 | 55.00 | 0.61 | 17.37 | 17.98 | 24.97 | 32.69 |
| **TOTAL** | | **23192.00** | **1792.32** | **16686.59** | **18478.91** | **19796.45** | **79.68** |

**Yearly DCB Statement of Co-operative Societies as on 31.03.2020 (₹ in lakhs)**

| Item | Total Opening Balance (Total amount disbursed minus repayment made upto 01.04.19) | Opening dues as on 01.04.19 | Demand (01.04.19 to 31.03.20) | TOTAL | Collection (01.04.19 to 31.03.20) | Balance dues as on 31.03.20 | Sanctioned during 2019-20 (Loan/ Share) | Total Closing Balance as on 31.03.20 |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5(3+4) | 6 | 7(5-6) | 8 | 9(2-6+8) |
| **Loan** | | | | | | | | |
| Govt. | 14223.78 | 9074.90 | 846.86 | 9921.76 | 795.89 | 9125.87 | 1180.05 | 14607.94 |
| NCDC | 25172.32 | 16584.01 | 1297.98 | 17881.99 | 1306.33 | 16575.66 | 482.52 | 24348.51 |
| Nabard | 2100.00 | - | 0.14 | 0.14 | 0.04 | 0.10 | - | 2099.96 |
| Total | **41496.10** | **25658.91** | **2144.98** | **27803.89** | **2102.26** | **25701.63** | **1662.57** | **41056.41** |
| **Interest** | | | | | | | | |
| Govt. | 15285.23 | 15285.23 | 292.21 | 15577.44 | 248.93 | 15328.51 | | 15328.51 |
| NCDC | 12008.98 | 12008.97 | 1097.27 | 13106.24 | 528.33 | 12577.91 | | 12577.91 |
| Nabard | - | - | 408.60 | 408.60 | 339.78 | 68.82 | | 68.82 |
| Total | **27294.21** | **27294.20** | **1798.08** | **29092.28** | **1117.04** | **27975.24** | | **27975.24** |
| **Penal interest** | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Govt. | 894.87 | 894.87 | 11.81 | 906.68 | 4.62 | 902.06 | | 902.06 |
| NCDC | 2506.27 | 2506.27 | 23.55 | 2529.82 | 12.12 | 2517.70 | | 2517.70 |
| Total | **3401.14** | **3401.14** | **35.36** | **3436.50** | **16.74** | **3419.76** | | **3419.76** |
| **Share capital** | | | | | | | | |
| Govt. | 58094.06 | 9235.74 | 1194.80 | 10430.54 | 1176.41 | 9254.13 | 1383.20 | 58300.85 |
| NCDC | 30397.25 | 7377.05 | 2849.73 | 10226.78 | 951.07 | 9275.71 | 983.79 | 30429.97 |
| Nabard | 1.80 | - | - | - | - | - | - | 1.80 |
| Total | **88493.11** | **16612.79** | **4044.53** | **20657.32** | **2127.48** | **18529.84** | **2366.99** | **88732.62** |
| **Penal interest** | | | | | | | | |
| Govt. | 1219.91 | 1219.91 | 67.39 | 1287.30 | 9.71 | 1277.59 | | 1277.59 |
| NCDC | 1177.64 | 1177.64 | 50.88 | 1228.52 | 18.74 | 1209.78 | | 1209.78 |
| Total | **2397.55** | **2397.55** | **118.27** | **2515.82** | **28.45** | **2487.37** | | **2487.37** |
| **Dividend** | | | | | | | | |
| Govt. | 66.88 | 66.88 | 589.10 | 655.98 | 591.05 | 64.93 | | 64.93 |
| NCDC | 10.70 | 10.70 | 38.94 | 49.64 | 47.04 | 2.60 | | 2.60 |
| Nabard | 0.14 | 0.14 | - | 0.14 | - | 0.14 | | 0.14 |
| Total | **77.72** | **77.72** | **628.04** | **705.76** | **638.09** | **67.67** | | **67.67** |
| **Grand Total** | | | | | | | | |
| **Govt.** | **89784.73** | **35777.53** | **3002.17** | **38779.70** | **2826.61** | **35953.09** | **2563.25** | **90481.88** |
| **NCDC** | **71273.16** | **39664.64** | **5358.35** | **45022.99** | **2863.63** | **42159.36** | **1466.31** | **71086.47** |
| **Nabard** | **2101.94** | **0.14** | **408.74** | **408.88** | **339.82** | **69.06** | **-** | **2170.72** |
| **Total** | **163159.83** | **75442.31** | **8769.26** | **84211.57** | **6030.06** | **78181.51** | **4029.56** | **163739.07** |

## 2019-20 ലെ ഫൈനൽ ടാർജറ്റും അച്ചീവ്മെൻറും

### 2019-20 ലെ ഫൈനൽ അച്ചീവ്മെൻറ്

(രൂപ ലക്ഷത്തിൽ)

| No. | Scheme | Budget Provision | Modified Appropriation | Expenditure up to 31.03.2020 | % before plan cut |
|---|---|---|---|---|---|
| A | **State Plan Schemes** (Additional Authorization RS. 2310.00 Lakh share Refund to KSCB being the balance amount of share capital given to DCB for on behalf of Government. | 15425.00 | 17735.000 | 9032.66836 | 58.56 |
| B | **Other Centrally Sponsored Schemes** | | | | |
| | **NCDC Schemes** (Additional Authorization RS. 29.00 Lakh share (4425-108-42) & 502.43 lakh loan (6425-108-19) | 6500 | 7031.430 | 4587.52719 | 70.58 |
| | GRAND TOTAL | 21925.00 | 24766.43 | 13620.19555 | 62.12 |

## FINAL EXPENDITURE STATEMENT

### STATE PLAN SCHEMES

### I CREDIT CO-OPERATIVES

| Code No | Name of Scheme | Budget Provision | Modified Appropriation after plan cut | Expenditure | No. of Beneficiaries |
|---|---|---|---|---|---|
| COP 001 | **Implementation of Scheme financed by NCDC --ICDP(State Share ) 2425-107-94** | 10,000,000 | 10,000,000 | 7,900,000 | 3 |
| COP 003 | Assistance to Primary Agricultural Co-operatives Subsidy 2425 - 107 - 80 | 145,000,000 | 145,000,000 | 108,899,179 | 53 |

| | | | | | |
|---|---|---|---|---|---|
| | **Share 4425-107-89** | 90,000,000 | 90,000,000 | 17,244,950 | 99 |
| | **Loan- 6425-107-72** | 75,000,000 | 75,000,000 | 27,370,000 | 51 |
| | **Subsidy -** 2425-107-66 | 150,000,000 | 150,000,000 | | |
| | **SUB TOTAL I** | 470,000,000 | 470,000,000 | 161,414,129 | 206 |

**II HOUSING CO-OPERATIVES**

| | | | | | |
|---|---|---|---|---|---|
| **COP 004** | **Share Capital Contribution to Primary Housing Co-operatives**<br><br>**4216 - 80 - 195 - 99 (05)** | **10,000,000** | **10,000,000** | **8,700,000** | **44** |
| **SUBTOTAL II** | | **10,000,000** | **10,000,000** | **8,700,000** | **44** |
| **III PROCESSING CO-OPERATIVES** | | | | | |
| **COP 005** | **Processing Co-operatives-Share Contribution-NCDC Assisted (State Share)** | **1,875,000** | **1,875,000** | **1,700,000** | **1** |
| | **Subsidy- 2425-107-74** | | | | |
| | **4425-108-89** | **5,625,000** | **5,625,000** | **1,650,000** | |
| | **SUB TOTAL III** | **7,500,000** | **7,500,000** | **3,350,000** | **1** |

| | | | | | |
|---|---|---|---|---|---|
| | **IV CONSUMER CO-OPERATIVES** | | | | |
| **COP 006** | **Assistance to Consumer Co-operatives and Neethi Stores**<br><br>**Subsidy 2425-108-49** | **42,000,000** | **42,000,000** | **15,555,200** | **246** |
| | **Share - 4425-108-45** | **11,200,000** | **11,200,000** | **7,058,4,00** | **135** |
| | **Loan 6425-108-22** | **6,100,000** | **6,100,000** | **4,118,400** | **124** |
| | **SUB TOTAL IV** | **59,300,000** | **59,300,000** | **26,732,000** | **505** |
| **V CO-OPERATIVE EDUCATION RESEARCH & TRAINING** | | | | | |
| **COP 008** | **Assistance to Institute of Co-operative Management**<br>**2425- 003 -89-(31)** | **12,000,000** | **12,000,000** | **4,598,644** | |
| **COP 027** | **2425-001-90** | **2,500,000** | **2,500,000** | **2,104,258** | |
| **COP 035** | **Assistance for Training in Co-operative Department**<br>**2425-003-88** | **3,500,000** | **3,500,000** | **2,090,657** | |
| **COP 043** | **Assistance to Co-operative Academy for Professional Education (CAPE)**<br>**Subsidy 2425-108-47-35** | **120,000,000** | **120,000,000** | **70,000,000** | **1** |
| | **SUB TOTAL V** | **1,38,000,000** | **1,38,000,000** | **78,793,559** | **7** |
| **VI MODERNISATION AND PUBLICITY** | | | | | |
| **COP 009** | **Modernization of Co-operative Department**<br>**2425-001- 91** | **18,700,000** | **18,700,000** | **18,237,614** | |
| | **SUB TOTAL VI** | **18,700,000** | **18,700,000** | **18,237,614** | |

| | | | | | |
|---|---|---|---|---|---|
| **VII OTHER CO-OPERATIVES/ SCHEMES** | | | | | |
| **COP 016** | **Assistance to Miscellaneous Co-operatives Subsidy 2425 - 108 - 67** | **50,000,000** | **50,000,000** | **26,192,250** | **13** |
| | **Share - 4425-108-68** | **30,000,000** | **30,000,000** | **19,167,250** | **62** |
| | **Loan - 6425 - 108 - 11** | **20,000,000** | **20,000,000** | **5,514,000** | **9** |
| **COP 017** | **Assistance for Rehabilitation and Expansion of Cooperatives**<br>**Subsidy - 2425 - 108 - 60** | **30,000,000** | **30,000,000** | **9,114,400** | **47** |
| | **Share - 4425-108-50** | **30,000,000** | **30,000,000** | **11,174,100** | **42** |
| | **Loan - 6425 - 108 - 28** | **15,000,000** | **15,000,000** | **2,020,000** | **1** |
| **COP 036** | **Assistance for Development of SC/ST Cooperatives**<br>**Subsidy 2425 -108-42** | **118,500,000** | **118,500,000** | **63,457,000** | **98** |
| | **Share - 4425 - 108 - 34** | **31,500,000** | **31,500,000** | **26,702,000** | **37** |
| **COP 037** | **Assistance for Model Co-operatives** | **12,000,000** | **12,000,000** | **1,000,000** | **3** |
| | **Subsidy 2425-108-41** | | | | |
| | **Share 4425-108-37** | **24,000,000** | **24,000,000** | **3,000,000** | |
| | **Loan 6425 - 108 - 13** | **24,000,000** | **24,000,000** | **2,000,000** | |
| **COP 049** | **Farmers Service Centre**<br>**Subsidy - 2425 - 108 - 37** | **6,600,000** | **6,600,000** | **1,000,000** | **1** |
| | **Share - 4425 - 108 - 32** | **3,400,000** | **3,400,000** | | |
| **COP 050** | **Assistance to Primary Marketing Co-operatives to strengthen the Agricultural Marketing Sector**<br>**Subsidy - 2425 - 108 - 36** | **3,990,000** | **3,990,000** | **410,100** | **2** |

| | | | | | |
|---|---|---|---|---|---|
| | Share - 4425 - 108 - 30 | 5,010,000 | 5,010,000 | 489,9000 | |
| | Loan - 6425 - 108 - 09 | 6,000,000 | 6,000,000 | 6,000,000 | |
| COP 069 | Assistance to Co-operative Enterpreneurship – Employment Generation Scheme (New)<br>Subsidy - 2425 - 108 - 32 | 15,000,000 | 15,000,000 | | |
| COP 070 | Assistance to Vanitha Co-operatives and Vanithafed (New)<br>Subsidy - 2425 - 108 - 31 | 15,000,000 | 15,000,000 | 7,225,000 | 21 |
| | Share - 4425 - 108 - 26 | 15,000,000 | 15,000,000 | 1,670,000 | 15 |
| COP 072 | Formation and Assistance to Kerala Co operative Bank (KCB)<br>Subsidy - 2425 - 001 - 86 | 1,000,000 | 1,000,000 | | |
| COP 075 | Member Relief Fund (New)<br>Subsidy – 2425-800-93 | 50,000,000 | 50,000,000 | | |
| COP 076 | Care Kerala (New)<br>Subsidy – 2425-001-85 | 1,000,000 | 1,000,000 | 12,200 | 1 |
| | Sub Total VII | 524,000,000 | 524,000,000 | 191,975,534 | 393 |
| INFRASTRUCTURE | | | | | |
| COP 026 | RIDF Assisted Scheme<br><br>Loan – 6425 – 108 - 10 | 315,000,000 | 315,000,000 | 183,064,000 | 1 |
| | TOTAL | 1,542,500,000 | 1,542,500,000 | 672,266,836 | 1157 |
| | Additional Authorisation RS. 2310.00 lakh share refund to KSCB being the balance amount of share capital given to DCB for on behalf of Government.<br>4425- 107 -45 | | 231,000,000 | 231,000,000 | 1 |
| | Grand Total | 1,542,500,000 | 1,773,500,000 | 903,266,836 | 1158 |
| NCDC SCHEME | | | | | |
| COP 023 | Integrated Co-op. Development Project - NCDC Assistance (ICDP) | | | | |

| | | | | | |
|---|---|---|---|---|---|
| | Subsidy 2425-108-76<br>Subsidy 2425-108-76 (33) | 5,600,000<br>7,900,000 | 5,600,000<br>7,900,000 | 4,225,249<br>7,900,000 | |
| | Share 4425-108-71 | 136,400,000 | 136,400,000 | 125,168,053 | 3 |
| | Loan 6425-108-74 | 158,100,000 | 158,100,000 | 88,987,252 | |
| | TOTAL | 308,000,000 | 308,000,000 | 226,280,554 | 3 |
| COP 024 | Assistance to PACS, Primary Societies, Wholesale Stores and Federations (Additional authorization ₹ 29 lakh share ( 4425-108-42) & 502.425 lakh loan( 6425-108-19)<br>Share 4425-108-42 (1176.00 lakh +29.00 lakh) | 117,600,000 | 120,500,000 | 79,056,890 | 9 |
| | Loan 6425-108-19<br>(1634.00 lakh +4.575 lakh+ 497.85 lakh) | 163,400,000 | 213,642,500 | 151,415,275 | 4 |
| | TOTAL | 281,000,000 | 334,142,500 | 230,472,165 | 13 |
| COP 025 | Assistance to Primary Co-operatives and Federations<br>Share 4408-02-195-86 | 38,200,000 | 38,200,000 | 2,000,000 | 2 |
| | Loan 6408-02-195-65 | 22,800,000 | 22,800,000 | | |
| | TOTAL | 61,,000,000 | 61,,000,000 | 2,000,000 | 2 |
| NCDC TOTAL | | 650,000,000 | 703,142,500 | 458,752,719 | 18 |

## സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ/ സംഘങ്ങൾ/മറ്റ്സ്ഥാപനങ്ങൾ

31.03.2020 വരെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ എണ്ണം

| ക്രമ നമ്പർ | സംഘങ്ങളുടെ തരം തിരിവ് | സംഘങ്ങളുടെ എണ്ണം | പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | അപ്പെക്സ് | 11 | 11 |
| 2 | ഫെഡറൽ | 11 | 10 |

| | | | |
|---|---|---|---|
| 3 | സെൻട്രൽ | 1 | 1 |
| 4 | ക്രെഡിറ്റ് | 3715 | 3369 |
| 5 | കൺസ്യൂമർ | 4626 | 3807 |
| 6 | മാർക്കറ്റിംഗ് & പ്രോസസ്സിംഗ് | 620 | 236 |
| 7 | ഹൗസിംഗ് | 399 | 292 |
| 8 | എസ്.സി.എസ്.റ്റി | 826 | 414 |
| 9 | ഹെൽത്ത് | 200 | 103 |
| 10 | വനിത | 1221 | 935 |
| 11 | മറ്റുള്ളവ | 4262 | 2876 |
| | ആകെ | 15892 | 12054 |

**കേരള സംസ്ഥാന സഹകരണ ബാങ്ക്**

കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന് ആർ.ബി.ഐ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള സംസ്ഥാന സഹകരണ ബാങ്ക് 29/11/2019 ന് നിലവിൽ വന്നു. ഇതിലൂടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാ രംഗത്ത് സമൂല മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് പുതിയ ബാങ്ക് നിലവിൽ വന്നിട്ടുള്ളത്. 27/11/2020 ന് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ബാങ്കിൽ അധികാരം ഏൽക്കുകയും ചെയ്തു. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്കിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്**

1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ അന്ന് പ്രവർത്തിച്ചിരുന്ന സംസ്ഥാനത്തെ ഭൂപണയ ബാങ്കുകളെ അംഗമാക്കി കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സെൻട്രൽ ലാൻഡ് മോർട്ട്ഗേജ് രൂപീകരിച്ചു. തുടർന്ന് 1984 ൽ നിലവിൽ വന്ന കേരള ലാൻഡ് മോർട്ട്ഗേജ്

ബാങ്ക് ആക്ട് പ്രകാരമാണ് ഇന്നത്തെ സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് തിരുവനന്തപുരം ആസ്ഥാനമായി രൂപീകൃതമാകുന്നത്.

നബാർഡിന്റെയും സംസ്ഥാന സർക്കാറിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയും നിബന്ധനകളിലെ ഭേദഗതികൾ അംഗീകരിച്ചു നൽകൽ, ബ്രാഞ്ചുകൾ അനുവദിക്കൽ തുടങ്ങിയ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്തു വരുന്നു.

**<u>മലപ്പുറം ജില്ലാ സഹകരണ ബാങ്ക്</u>**

29/11/2019 ന് നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കാത്ത മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മലപ്പുറം ജില്ലയിലെ പ്രാഥമിക സഹകരണ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി നിലകൊള്ളുന്നു.

**<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ</u>**

2019-20 വർഷം 1606 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങ ൾ നിലവിലുണ്ട്. ഇവയിൽ 1544 എണ്ണം പ്രവർത്തിക്കുന്നവയാണ്. മലപ്പുറം ജില്ല ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് പുതിയ ബാങ്ക് നിലവിൽ വന്നിട്ടുള്ളത്.. മലപ്പുറം ജില്ലയിലെ 124 പ്രാഥമിക സഹകരണ സംഘങ്ങൾ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

കേരള സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഹ്രസ്വകാല വായ്പ ഇടപാടുകൾ പ്രാഥമിക തലത്തിൽ 160 6 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും ഇടത്തട്ടിൽ 1 3 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാനതലത്തിൽ ഒരു കേരള സംസ്ഥാന സഹകരണ ബാങ്കും ചേർന്നാണ് നിർവ്വഹിച്ചു വരുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എല്ലാം അതാത് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേറ്റ് ചെയ്യുന്നത് പോലെ 1 3 ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിലും അഫിലിയേറ്റ് ചെയ്യുന്നുണ്ട്.

കാർഷിക വായ്പ അടക്കമുള്ള വായ്പകൾ നൽകുകയാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രധാന ചുമതല.

**<u>പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ</u>**

പട്ടിക ജാതി പട്ടിക വർഗ്ഗ ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ് പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ . 31.03.2020 ലെ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 728 പട്ടിക ജാതി സഹകരണ സംഘങ്ങളും 98 പട്ടിക വർഗ്ഗ സഹകരണ

സംഘങ്ങളുമാണ് സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 361 പട്ടിക ജാതി സഹകരണ സംഘങ്ങ ളും 53 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങ ളുമാണ് പ്രവർത്തി പഥത്തിലുള്ളത് . 2019-20 വർഷം പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ പ്രകാരം ധന സഹായമായി 9001.59 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## വനിതാ സഹകരണ സംഘങ്ങൾ

സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചതാണ് വനിതാ സഹകരണ സംഘങ്ങൾ . സ്വയം പര്യാപ്തത നേടുന്നതിന് വേണ്ടി ഓഹരി, മൂലധനം , സബ്സിഡി എന്നിവ വഴി സർക്കാർ ധനസഹായം നൽകുന്നുണ്ട്. സമൂഹത്തിൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി ആരംഭിച്ച പല സംഘങ്ങളും വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ധാരാളം സ്വയം സഹായ ഗ്രൂപ്പുകളും ഇവരുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു അപ്പെക്സ് സ്ഥാപനം എന്ന നിലയിൽ വനിതാഫെഡ് ആണ് വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കോ ഓർഡിനേറ്റ് ചെയ്യുന്നത്. വനിതാ ഫെഡിനും വനിതാ സംഘങ്ങൾക്കുമായി 2019-20 വർഷം 88.95 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ

ആതുര സേവന രംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 110 സഹകരണ ആശുപത്രികൾ ഉണ്ട്. ഇതിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ജില്ലാസഹകരണ ഹോസ്പിറ്റലുകളും ഉണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലും മെഡിക്കൽ സഹായം നൽകുന്നതിന് മെഡിക്കൽ, പാരാ മെഡിക്കൽ വിദഗ്ധരുടെ സേവനം വിശേഷാൽ ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ചതാണ് ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ. പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് ഈ സംഘങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ( **NCDC**, സ്റ്റേറ്റ് പ്ലാൻ ,നബാർഡ്, **RIDF**) സഹകരണ ആശുപത്രികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്. കേരള ഹോസ്പിറ്റൽ ഫെഡറേഷനാണ് ഇതിന്റെ പ്രവർത്തനങ്ങളെ

കോ ഓർഡിനേറ്റ് ചെയ്യുന്നത്. ഇപ്പോൾ സർക്കാർ മെഡിക്കൽ ലാബുകൾ, രക്തബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ആധുനിക ഉപകരണങ്ങൾ, ആംബുലൻസ് വാങ്ങൽ എന്നിവക്കുള്ള സാമ്പത്തിക സഹായവും സംഘങ്ങൾക്ക് നൽകുന്നുണ്ട്. ജനകീയ അടിത്തറയും ചൂഷണ വിമുക്തമായ ലക്ഷ്യവും സേവന മനോഭാവവും സഹകരണ ആശുപത്രികളെ ജനപ്രിയമാക്കിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ സേവനം മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട് . കോവിഡ് 19 മഹാമാരി നേരിടുന്നതിന് ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.

**<u>ഹൗസിംഗ് സഹകരണ സംഘങ്ങൾ</u>**

സഹകരണ ഭവന നിർമ്മാണ മേഖലയിൽ ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു . പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് **LIC, HUDCO, HDFC, NHB** എന്നിവിടങ്ങളിൽ നിന്നുള്ള ഫണ്ടിൽ നിന്നും ഭവന വായ്പകൾ അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു . സാധാരണ ജനങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾക്ക് പൂർത്തീകരണത്തിന് ഈ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. കേരള കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ആണ് ഈ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റി.

**<u>വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ</u>**

സംസ്ഥാനത്ത് സഹകരണ മേഖലയിൽ 67 ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. നഗരത്തിലെയും ഗ്രാമപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം ലഭിക്കാൻ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ കൊണ്ട് സാധിക്കുന്നുണ്ട്. സ്വാശ്രയ മാനേജ് മെന്റുകളുടെ ചൂഷണം ഒരു പരിധി വരെ കുറക്കുന്നതിന് ഇത്തരം സംഘങ്ങൾ സഹായകരമാണ്. ഹോസ്പിറ്റൽ മേഖലയിലും മാനേജ്മെൻറ് തലത്തിലും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു.

**ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ**

കേരള സഹകരണ നിയമം ചട്ടം 15(9)പ്രകാരമാണ് പ്രാഥമിക ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളും അവയുടെ അപ്പെക്സ് സ്ഥാപനമായി കേരള സ്റ്റേറ്റ് ലേബർ കോ ഓപ്പറേറ്റീവ് ഫെഡറേഷൻ (ലേബർഫെഡ്) രൂപീകരിച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ. കേരളത്തിലെ അവിദഗ്ധ, അർദ്ധ വിദഗ്ധ , വിദഗ്ധ തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലകളിലെ സർവ്വതോൻമുഖമായ പുരോഗതിയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ വ്യാപനം തൊഴിൽ രംഗത്ത് ഉണ്ടാക്കുന്ന മാറ്റങ്ങൾക്കനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരം ഒരുക്കുന്നതിനും ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ സഹായകരമാണ്.

**മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘങ്ങൾ**

വിവിധ കാർഷിക ഉൽപന്നങ്ങൾക്ക് അർഹിക്കുന്ന തരത്തിലുള്ള വിപണന സൗകര്യം ഒരുക്കുക വഴി വ്യാപാര മേഖലയിൽ മുന്നേറാൻ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘങ്ങൾ സഹായകരമാണ്.

**കൺസ്യൂമർ സഹകരണ സംഘങ്ങൾ**

കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപന്നങ്ങൾ മരുന്നുകൾ ,സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനുമായി നിലകൊള്ളുന്ന സംഘങ്ങളാണ് കൺസ്യൂമർ സംഘങ്ങൾ. ഉൽസവ കാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.

**ടൂറിസം സഹകരണ സംഘം**

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി 2011 ൽ പ്രവർത്തനം ആരംഭിച്ച സംഘം അംഗ സംഘങ്ങളുടെ

ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ വില്ലേജ് ടൂറിസം, ഫാം ടൂറിസം, ആയുർവേദ ടൂറിസം , കൾച്ചറൽ ടൂറിസം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയോ നടത്തിപ്പിലേക്ക് വേണ്ട സഹായം ചെയ്യുകയോ ചെയ്യുക, വിദേശികൾക്കും സ്വദേശികൾക്കും റോഡ്, റെയിൽ , വ്യോമ മാർഗ്ഗങ്ങളിലൂടെ ബുക്കിംഗ് സർവ്വീസ് നൽകി ടൂറിസ്റ്റ് പാക്കേജുകൾ നൽകുന്നുണ്ട്. കൊല്ലം മിനിയേച്ചർ റെയിൽവെ, വർക്കല ഹരിഹരപുരം കായൽ ടൂറിസം, ടൂറിസം ട്രെയിനിംഗ് സെന്റർ, ഹെൽത്ത് ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ**

സംസ്ഥാനത്ത് ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്നു. ഭൂരിപക്ഷം സംഘങ്ങളും അവരുടെ സ്വന്തം നിക്ഷേപത്തിൽ നിന്നാണ് വായ്പ നൽകി ബിസിനസ്സ് നടത്തി വരുന്നത്. ഇതിൽ എൽ.ഐ.സി സ്റ്റാഫ് സഹകരണ സംഘം റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന സംഘമാണ്.

മേൽ പറഞ്ഞവ കൂടാതെ ഫാമിംഗ് സഹകരണ സംഘം, പോൾട്രി സഹകരണ സംഘം, പ്രിൻറിംഗ് സഹകരണ സംഘം, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം , എക്സ് സർവ്വീസ് മെൻ സഹകരണ സംഘം , അലക്കു തൊഴിലാളി സ ഹകരണ സംഘം , ലൈം ഷെൽ സഹകരണ സംഘം , ചെത്ത് തൊഴിലാളി സഹകരണ സംഘം , ക്യാൻറീൻ സഹകരണ സംഘം , ടെയ് ലറിംഗ് സഹകരണ സംഘം , പെൻഷനേഴ്സ് വെൽഫെയർ സഹകരണ സംഘം, സാമൂഹ്യ ക്ഷേമ സഹകരണ സംഘം , ആന ഉടമകളുടെ സഹകരണ സംഘം , അംഗ പരിമിതർക്കുള്ള സഹകരണ സംഘം, ഫാർമേഴ്സ് സോഷ്യൽ സഹകരണ സംഘം , സെറി കൾച്ചറുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ, ലാബ് ടെക്നീഷ്യൻമാരുടെ സഹകരണ സംഘം, ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം , വ്യാപാരി വ്യവസായി സഹകരണ സംഘം, കോ ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സ ഹകരണ സംഘം, ലീഗൽ മെട്രോളജി സ ഹകരണ സംഘം, റീറ്റെയിൽ മെഡിക്കൽ ഷോപ്പ് സഹകരണ സംഘം, അഭിഭാഷകരുടെ വെൽഫെയർ സഹകരണ സംഘം , സിനി ആർട്ടിസ്റ്റ് സഹകരണ സംഘം, എൽ.ഐ.സി ഏജൻറുമാരുടെ സ ഹകരണ സംഘം, സീനിയർ സിറ്റിസൺസ് സഹകരണ സംഘം , വ്യാപാരി വ്യവസായി തൊഴിലാളികളുടെ ഷോപ്പ് &

എസ്റ്റാബ്ലിഷ് മെൻറ് സ ഹകരണ സംഘം ,സീഫുഡ് സഹകരണ സംഘം, കേരള ആയുർവേദിക് സഹകരണ സംഘം, കൺസ്ട്രക്ഷൻ & ബിൽഡിംഗ് വർക്കേഴ്സ് സ ഹകരണ സംഘം, കേബിൾ ഇൻറർനെറ്റ് സ ഹകരണ സംഘം, കോഫി വർക്കേഴ്സ് സ ഹകരണ സംഘം, ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം, മനുഷ്യാവകാശ പ്രവർത്തക ക്ഷേമ സ ഹകരണ സംഘം, വിദഗ്ധ അവിദഗ്ധ തൊഴിലാളി സഹകരണ സംഘം, ടീച്ചേഴ്സ് & നോൺ ടീച്ചിംഗ് സ്റ്റാഫ് സഹകരണ സംഘം, റപ്രസൻറേറ്റീവ്സ് & സെയിൽസ്മാൻ സഹകരണ സംഘം, ലോട്ടറി തൊഴിലാളികളുടെ സ ഹകരണ സംഘം ,ട്രാൻസ് ജെൻഡേഴ്സ് സഹകരണ സംഘം തുടങ്ങിയ ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പല സംഘങ്ങളും ഉണ്ട്.

## അടിസ്ഥാന സൗകര്യ വികസനം

### 1.വെബ് സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി.ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തികൾക്ക്/സഹകരണ സ്ഥാപനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള ഒരു പോർട്ടൽ സഹകരണ വകുപ്പിന്റെവെബ് സൈറ്റിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

### 2.ഇ ആഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെൻറ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെൻററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് , ബാക്കിയുള്ള ജില്ലാ ജോയിൻറ് ഡയറക്ടർ (ആഡിറ്റ്) ഓഫീസുകളിലും താലൂക്ക്തല (ജനറൽ/ആഡിറ്റ്) ഓഫീസുകളിലും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 3.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ.

സഹകരണ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള വിവിധ ആഫീസുകളിൽ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ഫോട്ടോ കോപ്പി

മെഷീനുകൾ ,പ്രിൻററുകൾ ,സ്കാനറുകൾ ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനായി 2019-20 വർഷത്തിൽ G.O (Rt)No.192/2019/Coop സർക്കാർ ഉത്തരവ് പ്രകാരം 18700000/-രൂപ വകയിരുത്തിയിരുന്നു. ആയതിൽ 18237614/- രൂപയുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ Kerala e Governance IT Procurement Portal മുഖേന വർക്ക് ഓർഡർ നമ്പർ 5980 ,8870 മുഖേന 177 ഡെസ്ക്ക് ടോപ്പ് , 285 ലാപ് ടോപ്പുകൾ ,85 പ്രിൻററുകൾ, 63 സ്കാനറുകൾ എന്നിവ സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, ജില്ലാ ജോയിൻറ് രജിസ്ട്രാർ (ജനറൽ ) ആഫീസ്, ജില്ലാ ജോയിൻറ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ് , അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസുകൾ, അസിസ്റ്റൻറ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലേക്കും സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് ആഫീസുകളിലേക്കും നൽകിയിട്ടുണ്ട്.

## 4. രജിസ്ട്രേഷൻ, ബൈലോ ഭേദഗതി ഓൺലൈൻ

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും വകുപ്പിൽ ഇ-ഗവണേഴ്സ് പ്രാവർത്തികമാക്കുന്നതിനും SeMT ടീമംഗങ്ങൾ വകുപ്പിന് വേണ്ടി വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ,ബൈലോ ഭേദഗതി എന്നിവയുടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള ആപ്ലിക്കേഷനായ ICDM Software വികസിപ്പിച്ചെടുക്കുന്നതിന് C-DIT നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

- സഹകരണ വകുപ്പ് സെക്രട്ടറിയുടെ ഉപയോഗത്തിനായി 2019-20 സാമ്പത്തിക വർഷം ഒരു ഇന്നോവ ക്രിസ്റ്റ മോഡൽ കാർ വാങ്ങിയിട്ടുണ്ട്. വാഹനവില, അനുബന്ധ ഘടകങ്ങൾ , ഇൻഷ്വറൻസ് , രജിസ്ട്രേഷൻ എന്നിവ ഉൾപ്പെടെ ആകെ 15,62,814 രൂപ ഇതിലേക്ക് 2425-00-001-99-21-1 ശീർഷകത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

## വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ

### സഹകരണ വീഥി

സഹകരണ രംഗത്തെ വളർച്ചയെയും പുതിയ മേഖലകളെക്കുറിച്ചും സർക്കാറിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സഹകാരികളെ അറിയിക്കാൻ വേണ്ടി 1978

മാർച്ച് മാസം ആരംഭിച്ച സഹകരണ വകുപ്പിന്റെ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമാണ് സഹകരണ വീഥി. സഹകരണ വകുപ്പ് സെക്രട്ടറിയാണ് സഹകരണ ഇൻഫർമേഷൻ ബ്യൂറോ ഉപദേശക സമിതി ചെയർമാൻ. ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ,സഹകരണ സംഘം രജിസ്ട്രാർ , എൻ,ഐ.സി ഡയറക്ടർ , എഡിറ്റർ പ്രസ്സ് /റിലേഷൻസ് ആഫീസർ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ. സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളും സർക്കാർ നയങ്ങളുമാണ് ഈ പ്രസിദ്ധീകരണം ഉയർത്തിക്കാട്ടുന്നത്. സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന സർക്കുലറുകൾ , സഹകരണ മേഖലയിലെ ദേശീയ അന്തർദേശീയ വാർത്തകൾ, സഹകരണ മേഖലയെ സംബന്ധിച്ച പഠനങ്ങൾ, സർക്കാറിന്റെ ഔദ്യോഗിക വാർത്തകൾ, സാമ്പത്തികം, വികസനം മുതലായവ സംബന്ധിച്ച ലേഖനങ്ങൾ എന്നിവ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നു. 2019-20 കാലയളവിൽ ഏകദേശം 17000 ൽ അധികം കോപ്പികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### <u>സഹകരണ ഗൈഡ്</u>

സഹകരണ വകുപ്പിലെ പ്രവർത്തനങ്ങൾ , സഹകരണ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട് , സ്ഥാപനങ്ങൾ സഹകരണ വകുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ , സഹകരണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ തുടങ്ങി സഹകരണ വകുപ്പും സഹകരണ മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ ഒരു സഹകരണ ഗൈഡ് പ്രസിദ്ധീകരിക്കുന്നതിന് 2019-20 വർഷത്തിൽ സാധിച്ചിട്ടുണ്ട്.

### <u>സഹകരണ ജേർണൽ</u>

സംസ്ഥാന സഹകരണ യൂണിയന്റെ മാസികയാണ് കേരള സഹകരണ ജേർണൽ. പ്രശസ്തരായ സഹകാരികളുടെ ലേഖനങ്ങൾ, സംസ്ഥാനത്തെ മുൻ നിരയിലുള്ള സഹകരണ ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും വിജയകഥകൾ, മറ്റ് വിജ്ഞാനദായകമായ റിപ്പോർട്ടുകൾ, വിദ്യാർത്ഥികൾക്കായുള്ള മത്സര പരീക്ഷകൾ എന്നിവ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## <u>അച്ചടക്ക നടപടികൾ</u>

2019-20 വർഷം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സേവനമനുഷ്ഠിക്കുന്ന ഒരു അഡീഷണൽ ഡയറക്ടർ , 9 ജോയിൻറ് രജിസ്ട്രാർമാർ, 2 ഡെപ്യൂട്ടി രജിസ്ട്രാർമാർ, 14 അസിസ്റ്റൻറ് രജിസ്ട്രാർമാർ , 8 സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർമാർ , 11 സീനിയർ ആഡിറ്റർമാർ , 5 ജൂനിയർ ആഡിറ്റർമാർ , 3 ക്ലാർക്കുമാർ എന്നിവർക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. തൻ വർഷം ലഭിച്ച 64 പരാതികളിൻമേൽ അന്വേഷണം നടത്തുന്നതിന്

സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തുകയും ലഭിച്ച 76 അന്വേഷണ റിപ്പോർട്ടുകളിൻമേൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## വകുപ്പ് തല പരിപാടികൾ

### നിക്ഷേപ സമാഹരണ യജ്ഞം

പൊതു ജനങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലം ഉയർത്തുക, അതിലൂടെ സഹകരണ വായ്പാ മേഖലയുടെ വിഭവ സ്രോതസ്സ് വർദ്ധിപ്പിക്കുക, എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് നിക്ഷേപ സമാഹരണ യജ്ഞം.

### സഹകരണ വാരാഘോഷം

ഇന്ത്യൻ സമൂഹത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്കിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും ഇന്ത്യയിലുടനീളം നവംബർ 14 മുതൽ 20 വരെ ദേശീയ സഹകരണ വാരം ആഘോഷിക്കുന്നു. 66 –)മത് സഹകരണ വാരാഘോഷം 2019 നവംബർ 14 മുതൽ 20 വരെ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ഇടുക്കിയിൽ പ്രൗഢ ഗംഭീരമായ ചടങ്ങോടെ ഉദ്ഘാടനവും തിരുവനന്തപുരത്ത് സമാപന സമ്മേളനവും നടന്ന വാരാഘോഷത്തിന്റെ മുദ്രാവാക്യം Role of Co operatives in New India എന്നതായിരുന്നു.

### അന്തർ ദേശീയ സഹകരണ ദിനം

അന്താരാഷ്ട്ര സഹകരണ ദിനം എല്ലാ വർഷവും ജൂലൈ ആദ്യ ശനിയാഴ്ച ആചരിക്കുന്നു. സഹകരണ സംഘങ്ങളെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക , ഐക്യ രാഷ്ട്ര സഭയുടെയും സഹകരണ പ്രസ്ഥാനത്തിന്റെയും ലക്ഷ്യങ്ങളുടെ പരസ്പര പൂരകത ഉയർത്തിക്കാട്ടുക, സമൂഹം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്ഥാനത്തിന്റെ സംഭാവന അടിവരയിടുക എന്നിവയാണ് അന്തർ ദേശീയ സഹകരണ ദിനത്തിന്റെ ലക്ഷ്യം. ലോകത്തെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് പുതിയ നൈതികതയും മൂല്യങ്ങളും സൃഷ്ടിക്കുവാൻ ദിനാചരണം നിർണ്ണായക പങ്ക് വഹിക്കുന്നു.

### വിവരാവകാശം

വിവരാവകാശ നിയമം സഹകരണ വകുപ്പിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) ആണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ. ആകെ 156 പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും, 156 അപ്പലേറ്റ് അതോറിറ്റിയും സഹകരണ വകുപ്പിലുണ്ട്. പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെയും, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെയും വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പലേറ്റ് അതോറിറ്റി |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)<br>സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് ,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,<br>തൈക്കാട് പി.ഒ , തിരുവനന്തപുരം 14<br>ഫോൺ 9446045894<br>ഓഫീസ് 0471 2334620<br>ഫാക്സ് 0471 2331587, 2331513 | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി),<br>സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് ,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ<br>ജംഗ്ഷൻ, തൈക്കാട് പി.ഒ ,<br>തിരുവനന്തപുരം - 14<br>ഫോൺ ഓഫീസ് 0471 2333573 |

2019–20 സാമ്പത്തിക വർഷത്തിൽ ലഭിച്ച

അപേക്ഷകളുടെ എണ്ണം – 4369

തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം – 4022

അപ്പീലുകളുടെ എണ്ണം – 204

തീർപ്പാക്കിയ അപ്പീലുകൾ – 200

വിവരാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകളിൽ നിന്നും

ലഭ്യമായ ഫീസ് , മറ്റ് ചാർജ്ജുകൾ – 86,743

**ആഭ്യന്തര നിയന്ത്രണ സമ്പ്രദായം**

31.03.20**20** വരെയുള്ള ആഡിറ്റ് പാരാസ് പെൻഡിംഗ്

| ആഫീസ് | ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെ എണ്ണം | ആഡിറ്റ് പാരാസ്_ പെൻഡിംഗ് |
|---|---|---|
| സഹകരണ സംഘം രജിസ്ട്രാർ ആഫീസ് | 4 | 39 |
| സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് | 2 | 3 |
| ജോയിൻറ് ഡയറക്ടർ ആഫീസ് | 2 | 5 |

| | | |
|---|---|---|
| ജോയിൻറ് രജിസ്ട്രാർ ആഫീസ് | 18 | 131 |
| അസിസ്റ്റൻറ് രജിസ്ട്രാർ | 23 | 134 |
| അസിസ്റ്റൻറ് ഡയറക്ടർ ആഫീസ് | 3 | 4 |
| ആകെ | **52** | **316** |

**ചട്ടങ്ങളും നിയമങ്ങളും**

1969 ലെ സഹകരണ നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിനുവേണ്ടി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ചെയർമാനായിട്ട് രൂപീകരിച്ച കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനം നടന്നു വരുന്നു.

2019-20 സാമ്പത്തിക വർഷം ഭേദഗതി വരുത്തിയ ചട്ടങ്ങൾ

- ചട്ടം 15 ഉപ ചട്ടം (1)
- ചട്ടം 35 എ ഉപ ചട്ടം (1) (1 A) , ഉപ ചട്ടം (2) (2 A) & ഉപ ചട്ടം (4) (4 A )
- ചട്ടം 128 ഉപ ചട്ടം (1) & ഉപ ചട്ടം (3)
- ചട്ടം 188 എ

## വകുപ്പിന്റെ 2019-20 വർഷത്തെ പ്രധാന നേട്ടങ്ങൾ

**1.കേരള ബാങ്ക്**

കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന് ആർ.ബി.ഐ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള സംസ്ഥാന സഹകരണ ബാങ്ക് 29/11/20019 ന് നിലവിൽ വന്നു.

**2.കെയർ കേരള**

പ്രളയ ദുരന്തത്തിൽ പെട്ടവർക്ക് അഭയം നൽകുന്നതിന് വേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആകെ കൂട്ടി യോജിപ്പിച്ചു കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച ജനകീയ പദ്ധതിയാണ് കെയർ കേരള പദ്ധതി . ഇത് പ്രകാരം കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രെയ്സ് എന്നിങ്ങനെ 3 പദ്ധതികൾ നടപ്പാക്കി.

2020 മാർച്ച് 31 വരെ കെയർ ഹോം പദ്ധതി ഒന്നാം ഘട്ടം പ്രകാരം പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വേണ്ടി 2086 വീടുകളുടെ നിർമ്മിക്കാൻ തീരുമാനിക്കുകയും ഇതിൽ 1960 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. കൂടാതെ 8 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. 80 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പ്രാഥമിക ഘട്ടത്തിലാണ്. കെയർ ഹോം പദ്ധതി രണ്ടാം ഘട്ടം പ്രകാരം സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് 14 ജില്ലകളിലുമായി ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് കെട്ടിടസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

കെയർ ലോൺ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ റീ സർജൻറ് കേരള ലോൺ സ്കീം പ്രകാരം അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 75590 അംഗങ്ങൾക്ക് 581.03 കോടി രൂപ സഹകരണ സംഘങ്ങൾ വഴി വായ്പയായി അനുവദിച്ചു.

കെയർ ഗ്രേസ് പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയായ കെയർ ഹോം വീടുകളുടെയും ഗുണ ഭോക്താക്കളുടെയും സമഗ്ര വിവരശേഖരണം ഫിഷറീസ് വകുപ്പിന് കീഴിലുള്ള സാഫ് എന്ന ഏജൻസിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ചടങ്ങിൽ വെച്ച് കെയർഹോം ഗുണഭോക്താക്കൾക്കും കുടുംബങ്ങൾക്കുമായി പ്രഥമ ശുശ്രൂഷ കിറ്റ്, ആരോഗ്യ കാർഡ്, ഡിസാസ്റ്റർ മാനേജ്മെൻറ് കൈപ്പുസ്തകം, ഫയൽ ബോർഡ് എന്നിവ വിതരണം ചെയ്യാൻ തീരുമാനിച്ചു.

## 3.കൃതി

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി മാസം 6 മുതൽ 16 വരെ **'കൃതി'** അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ മൂന്നാം പതിപ്പ് എറണാകുളം മറൈൻ ഡ്രൈവിൽ വെച്ച് നടത്തുകയുണ്ടായി. 11 ദിവസങ്ങളിലായി സംഘടിപ്പിച്ച പുസ്തക മേളയിലെ ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി പ്രകാരം ഇതുവരെ 80000 കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി.

## 4. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം 26-)o ഘട്ടം വരെ പൂർത്തിയാക്കുകയുണ്ടായി. 4849.58കോടി രൂപ 2019-20 വരെ വിതരണം ചെയ്തിട്ടുണ്ട്

**5. ഹരിതം സഹകരണം പദ്ധതി**

ഹരിതം സഹകരണം പദ്ധതി ഈ വർഷവും തുടരുകയും ആകെ 113070 തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുയും ചെയ്തു.

**6. സുഭിക്ഷ കേരളം പദ്ധതി**

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി വിജയകരമായി നടപ്പാക്കുകയും ഇതുവരെ 848 സംഘങ്ങൾ 3189.465 ഏക്കർ സ്ഥലത്ത് 1838 കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്

**7. മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി**

ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി.പദ്ധതി പ്രകാരം 1000 രൂപ മുതൽ 25000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്.

**8.** ഓൺലൈൻ പഠനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സഹകരണ സംഘങ്ങൾ മുഖേന ടെലിവിഷൻ ,മൊബൈൽ, ടാബ്, ഡി.ടി.എച്ച് ,കമ്പ്യൂട്ടർ ,പ്രൊജക്ടറുകൾ, എന്നിവ വിതരണം ചെയ്യുകയുണ്ടായി.

**9.** 2019-20 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ടി കൺസോർഷ്യം മുഖേന കെ.എസ്.ആർ.ടി.സി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് 747.15 കോടി രൂപ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം നടത്തിയ പെൻഷൻ തുകയിൽ 10 **%** പലിശ സഹിതം 708.36 കോടി രൂപ സംഘങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടുണ്ട്.

**10.** കുടിശ്ശിക നിവാരണം പദ്ധതി വഴി 272091 ഗുണഭോക്താക്കൾക്ക് 4314.51 കോടി രൂപയുടെ വായ്പകൾ പിരിച്ചെടുക്കുകയും 219.40 കോടി രൂപയുടെ ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.

11. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായി 2019 സാമ്പത്തിക വർഷം സഹകരണ മേഖലയിലെ നിക്ഷേപം 7255 കോടി രൂപ സഹകരണ മേഖലയിലേക്ക് എത്തി.

**ഇതര കാര്യങ്ങൾ**

- ആഫീസ് മുഴുവനായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

സഹകരണ വകുപ്പിലെ 99 % ത്തിലേറെ ഫയലുകളും മലയാള ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. ഔദ്യോഗിക ഭാഷാ പുരോഗമന പ്രവർത്തനങ്ങൾക്കായി സെമിനാർ സംഘടിപ്പിച്ചും ജീവനക്കാരുടെ ഭാഷാ അവബോധം വളർത്തുന്നതിനുതകുന്ന പുസ്തകങ്ങൾ വാങ്ങി ലൈബ്രറിയിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

## അപ്പെക്സ് / ഫെഡറൽ /ബാങ്കുകൾ/ബോർഡുകൾ /മറ്റ് സ്ഥാപനങ്ങൾ

### അപ്പെക്സ് സ്ഥാപനങ്ങൾ

### കേരള സംസ്ഥാന സഹകരണ യൂണിയൻ

1969 ലെ സഹകരണ നിയമത്തിലെ 89 ആം വകുപ്പ് പ്രകാരം കേരള സർക്കാർ സ്ഥാപിച്ച ഒരു നിയമാനുസൃത സ്ഥാപനമാണ് 1970 നവംബർ 21 ന് നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ യൂണിയൻ . സഹകരണ വിദ്യാഭ്യാസം, സഹകരണ സംഘങ്ങളുടെ സംഘാടനം, സഹായിക്കൽ ,വികസനം, സഹകരണ പ്രചരണം, പരിശീലനം എന്നീ പ്രവർത്തനങ്ങളാണ് സംസ്ഥാന സഹകരണ യൂണിയ നിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാന സഹകരണ യൂണിയൻ കേരളത്തിൽ അംഗവിദ്യാഭ്യാസ പരിപാടികൾ നടത്തുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ചെയ്യുന്നു. സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയും സഹകരണ സംഘം രജിസ്ട്രാറും അംഗീകരിക്കുകയും നിർദേശിക്കുകയും ചെയ്യുന്ന വിഷയങ്ങൾ , സഹകരണ വിദ്യാഭ്യാസ ഫണ്ടിന്റെ വിനിമയം, സഹകരണ വിദ്യാഭ്യാസം തുടങ്ങിയ പരിപാടികളാണ് സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്നത്.

സംസ്ഥാന സഹകരണ യൂണിയന്റെ മാസികയാണ് കേരള സഹകരണ ജേർണൽ. പ്രശസ്തരായ സഹകാരികളുടെ ലേഖനങ്ങൾ, സഹകരണ ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും വിജയകഥകൾ, മറ്റ് വിജ്ഞാനദായകമായ റിപ്പോർട്ടുകൾ , വിദ്യാർത്ഥികൾക്കായുള്ള മത്സര പരീക്ഷകൾ എന്നിവ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ വാർഷിക വരിസംഖ്യ 250/- രൂപയാണ്. ആയതിന്റെ മൊത്തം പതിപ്പ് 10,800 ആണ്.

കേരള സംസ്ഥാന സഹകരണ യൂണിയന് കീഴിൽ നെയ്യാർ ഡാമിൽ പ്രവർത്തനം ആരംഭിച്ചച്ച കേരള ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെൻറ് **(KICKMA)**സർക്കാർ അംഗീകാരത്തോടെയും എ.ഐ.സി.റ്റി.ഇ വ്യവസ്ഥകൾ പ്രകാരവും പ്രവർത്തിച്ചുവരുന്ന പഠനകേന്ദ്രമാണ്. കിക്മ ക്യാമ്പസിൽ എം.ബി.എ കോളേജും ആർട്സ് ആൻറ് സയൻസ്

കോളേജും പ്രവർത്തിക്കുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോട് കൂടി ചട്ടം 185 പ്രകാരം സഹകരണ സംഘം ജീവനക്കാർക്കായി പരിശീലന പരിപാടികളും നടത്തുന്നുണ്ട്.

**കേരള സംസ്ഥാന സഹകരണ ബാങ്ക്**

കേരള ജനതയുടെ എല്ലാവിധ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാകും വിധം റിസർവ്വ് ബാങ്കിന്റെ അനുമതിയോടെ കേരളത്തിന്റെ സ്വന്തം ബാങ്ക് **കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)** രൂപീകരിച്ചു. മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചു കൊണ്ടാണ് കേരള ബാങ്ക് രൂപീകരിച്ചത്. ഏവർക്കും സുരക്ഷിതത്വവും വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കേരള ബാങ്കിന്റെ രൂപീകരണ ലക്ഷ്യം.

2019-20 വർഷം ഓഹരി മൂലധനം 165208.97 ലക്ഷം രൂപയും നിക്ഷേപം 6103759.20 ലക്ഷം രൂപയും പ്രവർത്തന മൂലധനം 6958843.29 ലക്ഷം രൂപയും ആണ്. 2762618.28 ലക്ഷം രൂപ വായ്പ നൽകുകയും 2437867.54 ലക്ഷം രൂപ വായ്പാ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്**

1956 ൽ Kerala Co operative Central Land Mortgage Bank എന്ന പേരിൽ രൂപീകൃതമായ സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കർഷകർക്ക് ദീർഘകാല വായ്പകൾ നൽകുന്നു. ഗ്രാമീണ ജനതയെ സാമൂഹ്യവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട് വരിക എന്നതാണ് KSCARDB യുടെ ലക്ഷ്യം. KSCARDB യിൽ എല്ലാ ജില്ലകളിലുമായി 14 ബ്രാഞ്ചുകളും കേരള സർക്കാർ , കെ.എസ്.ഇ.ബി എന്നിവ ഉൾപ്പെടെ 77 അംഗങ്ങളും നിലവിൽ ഉണ്ട്.

2019-20 വർഷം ഓഹരി മൂലധനം 20432.36 ലക്ഷം രൂപയും നിക്ഷേപം 40963.75 ലക്ഷം രൂപയും പ്രവർത്തന മൂലധനം 849482.16 ലക്ഷം രൂപയും ആണ്. 27954.82 ലക്ഷം രൂപ വായ്പ നൽകുകയും 203073.14 ലക്ഷം രൂപ വായ്പ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കീഴിൽ 2019-20 വർഷം 79 പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.

## ഫെഡറേഷനുകൾ

### കൺസ്യൂമർ ഫെഡ്

കേരളത്തിലെ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ കൺസ്യൂമർ ഫെഡ് 04.09.1965 ൽ രജിസ്റ്റർ ചെയ്ത് 07.10.1965 ൽ എറണാകുളം ആസ്ഥാനമായി പ്രവർത്തനം ആരംഭിക്കുകയും 1997 മുതൽ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങി , സംഭരിച്ച് വിൽപനക്കായി അംഗ സംഘങ്ങൾക്കും എത്തിച്ചുകൊടുക്കുക, ഗുണ നിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ സ്വന്തം വിൽപ്പന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് വിതരണം നടത്തുക എന്നതാണ് കൺസ്യൂമർ ഫെഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2019-20 വർഷത്തെ സബ്സിഡി കൂടാതെയുള്ള വിൽപന 2245.20 കോടി രൂപയും സബ്സിഡി ഉൾപ്പെടെയുള്ള വിൽപന 2358.24 കോടി രൂപയും ആണ്. സബ്സിഡി ഉൾപ്പെടെയുള്ള മൊത്തം വിൽപനയിൽ മുൻ വർഷത്തേക്കാൾ 65.77 കോടി രൂപയുടെ വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. 2019-20 വർഷത്തെ വിൽപന ടാർജറ്റ് 2847.23 കോടി രൂപയായിരുന്നു. ടാർജറ്റിന്റെ 83 % കൈവരിക്കാൻ കഴിഞ്ഞു. തൻ വർഷത്തെ വ്യാപാര ലാഭം 231.01 കോടി രൂപയും അറ്റ ലാഭം 62.62 കോടി രൂപയുമാണ്. ഫെഡറേഷന്റെ 2019-20 വരെയുള്ള സഞ്ചിത നഷ്ടം 180.78 കോടി രൂപയാണ്.

ത്രിവേണി സ്റ്റോറുകൾ , നീതി സ്കീം ,ഉത്സവകാല സബ്സിഡി വിപണനം , വിദേശ മദ്യ വ്യാപാരം , നീതി മെഡിക്കൽ പദ്ധതി ,നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാൻറ് , ത്രിവേണി സ്റ്റേഷനറി സെൻററുകൾ, നോട്ട് ബുക്ക് വ്യാപാരം, ത്രിവേണി ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ കൺസ്യൂമർ ഫെഡിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

### കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ

പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന ഫെഡറേഷൻ ക്ലിപ്തം നം.4351 , 1981 ൽ രൂപീകൃതമായി . 31.03.20 **20** വരെ അംഗ സംഘങ്ങൾക്ക് **591.92** ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ ട്ടിക ജാതി പട്ടിക വർഗ്ഗ വികസന ഫെഡറേഷ ന്റെ കീഴിൽ NCDC യുടെ ധനസഹായത്തോടെ തൃശ്ശൂർ ജില്ലയിലെ അഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആയുർധാരാ ഫാർമസ്യൂട്ടിക്കൽസിൽ 242 ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വരികയും **2019-20** സാമ്പത്തിക വർഷം **359** ലക്ഷം രൂപയുടെ വിപണനം നടത്തുകയും ചെയ്തിട്ടുണ്ട് . ഫെഡറേഷ ന്റെ

നിയന്ത്രണത്തിൽ തൃശ്ശൂർ , തിരുവനന്തപുരം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് രണ്ട് പഞ്ചകർമ്മ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം 230.81 ലക്ഷം രൂപയുടെ തടി ഇതര വനവിഭവങ്ങൾ വിൽപന നടത്തിയിട്ടുണ്ട്. ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തോട് ചേർന്ന് ഒരു പെട്രോൾ പമ്പും പ്രവർത്തിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം 1044 ലക്ഷം രൂപയുടെ ഇന്ധന വിപണനം നടത്തി . കൂടാതെ പട്ടികജാതി വകുപ്പി ന്റെ സാമ്പത്തിക സഹായത്തോടെ ഉദ്യോഗസ്ഥർക്ക് താമസ സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന വർക്കിംഗ് വിമൺ ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

**<u>കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം (മാർക്കറ്റ് ഫെഡ് )</u>**

മലബാർ പ്രദേശമാകെ പ്രവർത്തന പരിധിയായി ഒരു ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോർ ആയി 194 5 ൽ പ്രവർത്തനം ആരംഭിക്കുകയും 1960 ഓഗസ്റ്റ് 10 ന് സംഘത്തെ സംസ്ഥാനത്തെ വിപണന സംഘങ്ങളുടെ ഒരു അപ്പെക്സ് സഹകരണ സംഘമാക്കി മാറ്റുകയും ചെയ്ത സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ. മാർക്കറ്റിംഗ് ഫെഡറേഷൻ 2019-20 ൽ 40 % വളർച്ച കൈവരിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് വളം വിൽപനയിൽ മാത്രം 21 % വളർച്ചയിലൂടെ 85.65 കോടി രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്. കേരലത്തിലെ നാണ്യവിളകൾക്ക് വില ഉറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. 1000 ടൺ നാടൻ തോട്ടണ്ടി സംഭരിച്ച് സംസ്ഥാന കശുവണ്ടി കോർപ്പറേഷന് നൽകി. അപ്രകാരം 11.65 കോടി രൂപയുടെ വിറ്റ് വരവുണ്ടായി. നാഫെഡിൽ നിന്നും സവാള ,മധ്യപ്രദേശ് മാർക്കറ്റ്ഫെഡിൽ നിന്നും ചെറു പയർ എന്നിവ കേരളത്തിൽ എത്തിച്ചു. വെളിച്ചെണ്ണ വ്യാപാരം പതിൻമടങ്ങ് വർദ്ധിപ്പിച്ചു. എല്ലാ ഇനങ്ങളിലുമായി സമീപ കാല ചരിത്രത്തിൽ ഉണ്ടാകാത്ത വിധം 140 കോടി രൂപയുടെ വിറ്റു വരവുണ്ടായി.

**<u>കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ( റബ്ബർ മാർക്ക്)</u>**

കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി എറണാകുളം ജില്ലയിലെ കണയന്നൂർ ആസ്ഥാനമാക്കി 16.03.1971 ൽ രജിസ്റ്റർ ചെയ്ത് 30.04.1971 ൽ പ്രവർത്തനമാരംഭിച്ച റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനിൽ 39 അംഗങ്ങളാണുള്ളത്. എല്ലാ ഗ്രേഡിലുമുള്ള റബ്ബറിന്റെ സംഭരണവും വിൽപനയും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക , ഐ.എസ്.എൻ.ആർ. ഗ്രേഡ് റബ്ബർ എന്നിവയുടെ നിർമ്മാണം ,റബ്ബർ കൃഷിക്കാവശ്യമായ വളങ്ങൾ , കാർഷിക സഹായ വസ്തുക്കൾ എന്നിവയുടെ നിർമ്മാണം , ക്രയവിക്രയം മുതലായവ ഫെഡറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

2019-20 വർഷത്തിൽ 1508 ലക്ഷം രൂപ വില വരുന്ന 1071 ടൺ റബ്ബർ വാങ്ങിയിട്ടുള്ളതും 1540 ലക്ഷം രൂപ വില വരുന്ന 1071 മെട്രിക് ടൺ റബ്ബർ വിൽപന നടത്തിയിട്ടുല്ളതുമാണ്. 31133 ടൺ ജൈവവളം തൻ വർഷം വിൽപന നടത്തിയിട്ടുണ്ട്.

## ഹൗസ് ഫെഡ്

1969 ലെ സഹകരണ നിയമം പ്രകാരം 23.09.1970 ൽ രജിസ്റ്റർ ചെയ്ത ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് ഹൗസ് ഫെഡ്. "Kerala Apex Co operative Housing Society Ltd.No.4330 എന്ന പേരിൽ 24.09.1970 ന് എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് 24.03.1979 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരമാണ് ഹൗസ് ഫെഡ് എന്ന പേര് വന്നത്. National Co-operative Housing Federation of India യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹൗസ് ഫെഡിന് നിലവിൽ കേരള സർക്കാർ , 205 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീങ്ങനെയുള്ള "A" ക്ലാസ് അംഗങ്ങൾ ഉണ്ട്. ഇതിലെ അംഗ സംഘങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നൽകുന്നതിലൂടെ അംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ് ഹൗസ് ഫെഡിന്റെ ലക്ഷ്യം. കേരളത്തിലെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ടി സംഘങ്ങൾ വഴി വായ്പ നൽകുന്നു. 2019-20 വർഷത്തിൽ 1543 വീടുകൾ നിർമ്മിക്കുന്നതിനായി അംഗങ്ങൾക്ക് 7558.60 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## ടൂർഫെഡ്.

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി തിരുവനന്തപുരം ആസ്ഥാനമായി 2011 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ടൂർഫെഡ്. ആദ്യ കാലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതിയാണ് ടൂർഫെഡിൽ ഉണ്ടായിരുന്നതെങ്കിൽ ഭൂരിപക്ഷം നഷ്ടമായതിനെ തുടർന്ന് സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ടൂർഫെഡിന്റെ ഭരണം നിലനിർത്തിപ്പോരുന്നത്. യാത്ര എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്നതാണ് ടൂർഫെഡിന്റെ പ്രധാന ലക്ഷ്യം. പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള സംസ്ഥാനത്തെ അന്തർദേശീയ ടൂർ പാക്കേജുകൾ ഏർപ്പെടുത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തി വരുന്നത്. പ്രാഥമിക ടൂറിസം സംഘങ്ങളാണ് ഇതിലെ അംഗങ്ങൾ.

ലോകം മുഴുവൻ പടർന്നു കൊണ്ടിരിക്കുന്ന മഹാമാരിയായ കോവിഡ് 19 ന്റെ വ്യാപനം ടൂറിസം മേഖലയെ സാരമായി ബാധിച്ചിരിക്കുകയാണ്. അതിൽ നിന്നും കര കയറാനുള്ള

ശ്രമങ്ങൾ നടത്തി വരുന്നു. ടൂറിസം മേഖലയിൽ വിവിധ കോഴ്സുകളും നടത്തുന്നു. ഏറെ ജനശ്രദ്ധ ആകർഷിച്ച പാക്കേജായ " വൺ ഡേ വണ്ടർ " നല്ല രീതിയിൽ തുടരുന്നു.

2019-20 വർഷം ഓഹരി മൂലധനം 24.61 ലക്ഷം രൂപയും പ്രവർത്തന മൂലധനം 26.69 ലക്ഷം രൂപയും ആണ്. തൻവർഷം ആകെ 28 ടൂർ നടന്നു.

**വനിതാ ഫെഡ്**

20.12.2002 ന് രജിസ്റ്റർ ചെയ്യപ്പെട്ട് 1.4.2003 ന് പ്രവർത്തനം ആരംഭിച്ച പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് കേരള വനിതാ സഹകരണ ഫെഡറേഷൻ(വനിതാ ഫെഡ് ) ക്ലിപ്തം നമ്പർ. 4440. സ്ത്രീസമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ അവർക്കു വേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്തെ പ്രാഥമിക വനിതാ സഹകരണ സംഘങ്ങളാണ് ഫെഡറേഷന്റെ എ ക്ലാസ് അംഗങ്ങൾ. ബി ക്ലാസ് അംഗത്വം കേരള സർക്കാറിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന-ദേശീയ തലത്തിലുള്ള കോർപ്പറേഷനുകൾക്കും ബോർഡുകൾക്കുമാണ് നൽകുന്നത്. നീതി മെഡിക്കൽ സ്റ്റോറുകൾ, വനിതാ മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ എന്നിവക്കുള്ള വായ്പയും ഫെഡറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരകാന്തി ഉരുക്ക് വെളിച്ചെണ്ണയുടെയും കേരകാന്തി സോപ്പിന്റെയും വിൽപനയും നടത്തി വരുന്നു. സംഘങ്ങളിൽ നിന്നും വായ്പാ ബാക്കി നിൽപ്പ് 54,18,700 രൂപയാണ്. 2018-19 വരെയുള്ള വനിതാഫെഡിന്റെ ആഡിറ്റ് കഴിഞ്ഞിട്ടുണ്ട് . ഇത് പ്രകാരം 75,58,225 രൂപ അറ്റ നഷ്ടത്തിലാണ്.

2019-20 വർഷം ഓഹരി മൂലധനം 54.57 ലക്ഷം രൂപയും പ്രവർത്തന മൂലധനം 327.25ലക്ഷം രൂപയും ആണ്. തൻവർഷം 12.07 ലക്ഷം രൂപ ലാഭത്തിലാണ്.

**ഹോസ്പിറ്റൽ ഫെഡ്**

27.01.1999 ൽ കൊച്ചി ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് 27.02.1999 ൽ പ്രവർത്തിച്ചു വരുന്ന ഫെഡറേഷനിൽ 31.03.2020 വരെ 26 ആശുപത്രി സഹകരണ സംഘങ്ങൾ അംഗങ്ങളാണ്. സംഘങ്ങളുടെ പ്രവർത്തനങ്ങളെ കോ ഓർഡിനേറ്റ് ചെയ്യുന്നത് ഫെഡറേഷനാണ്. കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് സാനിറ്റൈസറിന് ദൗർലഭ്യം നേരിട്ട ലോക്ക് ഡൗൺ സമയത്ത് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ ഗവൺമെൻറ്-സഹകരണ ആശുപത്രികളിലും ആഫീസുകളിലും സൗജന്യമായി സാനിറ്റൈസർ എത്തിച്ചു കൊടുക്കുന്നതിനും കോവിഡ് സമയത്ത് സമയോചിതമായി രോഗബാധിതരെ ക്വാറൻറൈൻ ചെയ്യുന്നതിന് കോളേജ് ഹോസ്റ്റലുകളും കോവിഡ് കെയർ സെൻററുകളും ഒരുക്കുന്നതിനും കൂടാതെ നഴ്സിംഗ് സ്റ്റാഫിന്റെ സേവനം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ടി ആവശ്യത്തിലേക്ക് പ്രയോജന പ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിനും ടി സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

2019–20 വർഷം ഓഹരി മൂലധനം 6 ലക്ഷം രൂപയും പ്രവർത്തന മൂലധനം 38.4 ലക്ഷം രൂപയും ആണ്. തൻവർഷം 11.92 ലക്ഷം രൂപ നഷ്ടത്തിലാണ്.

**ലേബർ ഫെഡ്**

തിരുവനന്തപുരം ആസ്ഥാനമായി 40 അംഗ സംഘങ്ങളുമായി 7.08.2014 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ലേബർഫെഡ്. കേരള സംസ്ഥാനമാണ് പ്രവർത്തന പരിധി. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമുള്ള വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓരോരുത്തർക്കും അവരവരുടെ പ്രാവീണ്യത്തിനടിസ്ഥാനമാക്കിയുള്ള ജോലി ലഭ്യമാക്കുന്നതിന് വേണ്ടി ഓരോ മേഖലയിലും വിദഗ്ധരായ തൊഴിലാളികളും പ്രൊഫഷണലുകളും ഉൾപ്പെടുന്ന ലേബർ ഡാറ്റാ ബാങ്കും ലേബർഫെഡ് തയ്യാറാക്കിയിട്ടുണ്ട്.

2019–20 വർഷം ഓഹരി മൂലധനം **1.37** ലക്ഷം രൂപയും പ്രവർത്തന മൂലധനം 1.05 ലക്ഷം രൂപയും ആണ്. തൻവർഷം ലേബർഫെഡിന്റെ ലാഭം 20.19 ലക്ഷം രൂപയാണ്.

**നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് സപ്ലൈ മാർക്കര്റിംഗ് സൊസൈറ്റി ( എൻ.എം.ഡി.സി)**

1936 നവംബർ മാസം 23 ന് മദ്രാസ് സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനമായ ദി നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എഫ്. 1003 (എൻ.എം.ഡി.സി) . സംഘത്തിന്റെ പ്രവർത്തന പരിധി കോഴിക്കോട്, വയനാട്, കണ്ണൂർ,കാസർഗോഡ്, മലപ്പുറം, പാലക്കാട് തൃശ്ശൂർ എന്നീ ജില്ലകളാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 11/07/2019 ലെ എം.പി (1) 50283 /2016 പ്രകാരം 03/08/2018 മുതൽ ഫെഡറൽ സംഘമായി ക്ലാസ്സിഫൈ ചെയ്ത് പ്രവർത്തിട്ടു വരുന്നു.കോഴിക്കോട് ആസ്ഥാന മന്ദിരവും കൽപറ്റ, വടകര എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുമുണ്ട്.

കഴിഞ്ഞ 10 വർഷക്കാലമായി തുടർച്ചയായി പ്രവർത്തന ലാഭത്തിലാണ്. 2019–20 സാമ്പത്തിക വർഷം 26.31 കോടി രൂപ വിറ്റു വരവും 24.91 കോടി രൂപയുടെ വിൽപ്പയും നടത്തിയിട്ടുണ്ട്. തൻ വർഷത്തെ ലാഭം 67.9 ലക്ഷം കോടി രൂപയാണ്.

**റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ്കോ ഓപ്പറേറ്റീവ്സ് ഓഫ് കേരളലിമിറ്റഡ് (റെയ്ഡ്കോ)**

റെയ്ഡ്കോ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘം 1972 ൽ ഒരു ജില്ലാതല സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ആരംഭത്തിൽ ഇതിന്റെ പ്ര വർത്തന മേഖല

കണ്ണൂർ ജില്ല മാത്രമായിരുന്നു. പിന്നീട് മറ്റ് 6 ജില്ലകളിലേക്കും തുടർന്ന് സംസ്ഥാനമാകെയും വ്യാപിക്കുകയും അങ്ങനെ കണ്ണൂർ ആസ്ഥാനമായി ഒരു ഫെഡറൽ സംഘമായി മാറുകയും ചെയ്തു. ഗുണമേൻമ ഉറപ്പ് വരുത്തിക്കൊണ്ട് താങ്ങാവുന്ന ചെലവിൽ കാർഷിക വൃത്തിക്കാവശ്യമായ യന്ത്ര സാമഗ്രികളും ഉപകരണങ്ങളും നിർമ്മിക്കുകയും അവ ലഭ്യമാക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. അഗ്രോ ബസാറുകൾ ,അഗ്രി ക്ലിനിക്ക് & അഗ്രി ബിസിനസ് സെൻററുകൾ എന്നീ വിഭാഗങ്ങൾ 45.47 കോടി രൂപ വിൽപനയിലും 10.21 കോടി രൂപ നഷ്ടത്തിലുമാണ് പ്രവർത്തിച്ചിട്ടുള്ളത്. ഉൽപാദക യൂണിറ്റുകളുടെ നടപ്പ് സാമ്പത്തിക വർഷം വ്യാപാരം 1.67 കോടി രൂപയും നഷ്ടം 9 ലക്ഷം രൂപയും ആണ്. ആകെ വ്യാപാരം 67.84 കോടി രൂപയാണ്.

## കേരള സ്റ്റേറ്റ് ഇൻറഗ്രേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റി

18.12.2003 ന് കണ്ണൂർ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച **KIMPCO** യുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെയാണ്. ജൈവ കാർഷിക രംഗം ശക്തിപ്പെടുത്തുന്നതിന് കാർഷിക വിഭവങ്ങളുടെ ഉൽപാദനം, വിപണനം, സംഭരണം ,വൈവിധ്യവൽക്കരണം എന്നിവ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ 5 ഏക്കർ സ്ഥലത്ത് വിവിധ തരം കാർഷിക ഉൽപാദനത്തിന് നടപടി ആരംഭിച്ചു. പയ്യന്നൂരിനടുത്ത് അന്നൂർ ശാന്തി ഗ്രാമിൽ ജൈവഗൃഹം എന്ന പേരിൽ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

വൈവിധ്യമാർന്ന കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കായുള്ള യന്ത്ര സാമഗ്രികൾ, ഉപകരണങ്ങൾ മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, വിൽപന, കൂടാതെ കർഷകർക്ക് അവരുടെ കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ആവശ്യമായ കമ്പോളം കണ്ടെത്തൽ എന്നിവ **KIMPCO** യുടെ പ്രധാന ലക്ഷ്യങ്ങളാണ്.

## കേരള സ്റ്റേറ്റ് അഗ്രോ കോ ഓപ്പറേറ്റീവ് ക്ലിപ്തം4437 (അഗ്രീൻ കോ)

അഗ്രീൻ കോ കണ്ണൂർ ജില്ലയിൽ 27.04.2002 ൽ രജിസ്റ്റർ ചെയ്ത് 05.05.2002 ൽ പ്രവർത്തനം ആരംഭിച്ചു. ഫെഡറൽ സഹകരണ സംഘമാണ് ഇത്. റബ്ബർ, നാളികേരം, പച്ചക്കറി, പഴവർഗ്ഗം മുതലായവയുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് ആധുനികവും കൂടുതൽ ഫലപ്രദവുമായ കൃഷിരീതികൾ അവലംബിക്കുന്നതിന് അവരെ സഹായിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ഈ സഹകരണ സംഘം. ഈ സഹകരണ സംഘം ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നില്ല.

**കേരള സ്റ്റേറ്റ് റബ്ബർ കോ ഓപ്പറേറ്റീവ് ലിമിറ്റഡ്(റബ്കോ)**

1997 ൽ ജൂൺ 13 ന് പ്രവർത്തനം ആരംഭിച്ച റബ്കോയുടെ പ്രവർത്തനമേഖല സംസ്ഥാനമൊട്ടാകെയാണ്. റബ്ബറും റബ്ബർതടിയും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ സ്ഥാപിക്കലാണ് റബ്കോയുടെ പ്രധാന ഉദ്ദേശ്യം. വിവിധ ഗ്രേഡുകളിലും രൂപങ്ങളിലും ഉള്ള സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി ഉൾപ്പെടെയുള്ള വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ സംസ്ഥാന സർക്കാറിന്റെ ഏജൻസിയായി വിപണി ഇടപെടൽ പ്രവർത്തനങ്ങളും റബ്കോ ചെയ്യുന്നു.**2019-20** വർഷം എല്ലാ ഉൽപന്നങ്ങൾക്കും കൂടി 14311.30 ലക്ഷം രൂപയുടെ വിൽപന നേടാനായി. 2018-19, 2019-20 വർഷങ്ങളിൽ റബ്കോയ്ക്ക് 317.44 കോടി രൂപയുടെ വിറ്റ് വരവ് നേടാനും പ്രവർത്തന ലാഭം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ഡിഫ്റൻറലി ഏബിൾഡ് പേഴ്സൺസ് & പാരൻറ്സ് വെൽഫെയർ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി**

കേരള സംസ്ഥാനത്തെ ഭിന്ന ശേഷിക്കാരായിട്ടുള്ളവരുടെ ക്ഷേമം മുൻ നിർത്തി അവർക്കിടയിൽ സഹകരണ മനോഭാവവും സ്വാശ്രയ ശീലവും സമ്പാദ്യ ശീലവും മിതവ്യയ ശീലവും പരിപോഷിപ്പിക്കുക,ഭിന്ന ശേഷിക്കാരുടെയും അവരുടെ മാതാപിതാക്കളുടെയും ക്ഷേമത്തിനായി പുനരധിവാസ പദ്ധതികൾ , ചികിൽസാ സഹായ പദ്ധതികൾ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പദ്ധതികൾ , വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ , ഓട്ടിസം ബാധിച്ചവർക്കായുള്ള മറ്റ് പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഭിന്ന ശേഷിക്കാരും അവരുടെ മാതാപിതാക്കളും അംഗങ്ങളായിക്കൊണ്ട് 04/12/2017 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഡിഫ്റൻറലി ഏബിൾഡ് പേഴ്സൺസ് **&** പാരൻറ്സ് വെൽഫെയർ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി . സംഘത്തിന്റെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിലെ തൈക്കാട് ആണ്.

**ട്രാൻസ് ജൻഡേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.4498**

ട്രാൻസ് ജൻഡേഴ്സുകളുടെ ക്ഷേമത്തിനായി തിരുവനന്തപുരം ആസ്ഥാനമായി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ട്രാൻസ് ജൻഡേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്തു.

**കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലി.നം.4499**

പ്രവാസികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി തിരുവനന്തപുരം ആസ്ഥാനമാക്കി കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലി.നം.4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു.

**മലപ്പുറം ജില്ലാ സഹകരണ ബാങ്ക്**

29/11/2019 ന് നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കാത്ത മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മലപ്പുറം ജില്ലയിലെ പ്രാഥമിക സഹകരണ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായി നിലകൊള്ളുന്നു. ഹെഡ് ഓഫീസ് ഉൾപ്പെടെ 55 ബ്രാഞ്ചുകളാണ് ആകെ ഉള്ളത്. 2019-20 വർഷം ഓഹരി മൂലധനം 15019.80 ലക്ഷം രൂപയും നിക്ഷേപം 343160..27 ലക്ഷം രൂപയും പ്രവർത്തന മൂലധനം 417163.81 ലക്ഷം രൂപയും ആണ്. 192844.78 ലക്ഷം രൂപ വായ്പ നൽകുകയും 27840.29 ലക്ഷം രൂപ വായ്പാ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

**ബോർഡുകൾ**

**സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്**

1969 ലെ കേരള സംസ്ഥാന സഹകരണ നിയമം ഭേദഗതി ചെയ്ത് സെക്ഷൻ 80 എ ഉൾപ്പെടുത്തിയാണ് സംസ്ഥാന സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. 14.03.1995 ലെ ജി.ഒ (പി) 44/95/സഹ ഉത്തരവ് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിച്ചു.

പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന 15 അംഗ ഭരണ സമിതിക്കാണ്. ഭരണ സമിതിയിലെ ഒരു അംഗത്തെ ഗവണമെൻറ് ബോർഡിന്റെ ചെയർമാൻ ആയി നിയമിക്കുന്നു. നിലവിലെ പെൻഷൻ ഫണ്ട് വിഹിത നിരക്ക് ജീവനക്കാരുടെ അടിസ്ഥാന ശമ്പളം + ഡി.എ യുടെ 12% ആണ്.

നിലവിലുള്ള കുറഞ്ഞ പെൻഷൻ/പരമാവധി പെൻഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | PACS | DCB/KSCB | OTHER SOCIETY |
|---|---|---|---|
| MINIMUM PENSION Superannuation | Rs. 3,000/- | Rs. 3,000/- | Rs. 3,000/- |
| Family Pension | Rs. 2,000/- | Rs. 2,000/- | Rs. 2,000/- |
| MAXIMUM PENSION | Rs. 15,000/- | Rs.22,000/- | 2% of total Pension fund remitted |

| | | | |
|---|---|---|---|
| AASWAS PENSION | Rs. 1,250/- | Rs. 1,250/- | Rs. 1,250/- |
| **MEDICAL ALLOWANCE** Superannuation | Rs. 500/- | Rs. 500/- | Rs. 300/- |
| Family Pension | Rs. 250/- | Rs. 250/- | Rs. 150/- |

## a) കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ

പെൻഷൻ പദ്ധതിയിൽ അംഗമായ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം

| | ബാങ്കുകളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31.03.2020 ലെ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം | 15 | 11019 |

31.03.2020 വരെ അനുവദിച്ച പെൻഷന്റെ എണ്ണം - 3361

31.03. 2020 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം - 88

31.03.2020 വരെയുള്ള സമ്പാദ്യം – 391.37 കോടി

31.03.2020 ൽ പെൻഷൻ ഫണ്ട് ഫണ്ട് ശേഖരിച്ചത് – 527.34 കോടി

## b . പ്രാഥമിക സഹകരണ സംഘങ്ങൾ

| | പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31.03.2020 ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 4405 | 58180 |

31.03.2020 വരെ അനുവദിച്ച പെൻഷന്റെ എണ്ണം : 16447

31.03.2020 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം : 94

31.03.2020 വരെയുള്ള സമ്പാദ്യം : 889.63 കോടി
31.03.2020 വരെ പെൻഷൻ ഫണ്ട് ശേഖരിച്ചത് : 1694.76 കോടി

**C.ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ**

| | സംഘങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31.03.2020 ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 945 | 2800 |

31.03.2020 വരെ അനുവദിച്ച പെൻഷന്റെ എണ്ണം : 582

31.03.2020 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം : 5

31.03.2020 വരെയുള്ള സമ്പാദ്യം : 49.55 കോടി

31.03.2020 വരെ പെൻഷൻ ഫണ്ട് ശേഖരിച്ചത് : 118.66 കോടി

**സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്**

കേരള സർക്കാരിന്റെ 30.09.1986 ലെ ജി.ഒ (ആർ.റ്റി) 389/86 (സഹകരണം) നമ്പർ ഉത്തരവ് പ്രകാരം 1.4.86 മുതൽ പ്രാബല്യത്തിൽ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു. അതിന് പുറമെ 14 റീജിയണൽ ആഫീസുകളും പ്രവർത്തിക്കുന്നു. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ 4 ജില്ലകൾ ഉൾപ്പെടുത്തി 2006 മാർച്ച് മാസം മുതൽ കണ്ണൂർ ആസ്ഥാനമാക്കിയും എറണാകുളം, കോട്ടയം, ഇടുക്കി എന്നീ 3 ജില്ലകൾ ഉൾപ്പെടുത്തി 2011 മാർച്ച് 1 മുതൽ എറണാകുളം ആസ്ഥാനമാക്കിയും തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എന്നീ ജില്ലകൾ ഉൾപ്പെടുന്ന തിരുവനന്തപുരം റീജിയണൽ ആഫീസ് 28.01.2013 മുതൽ ഹെഡ് ആഫീസിലും കൂടാതെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം,ജില്ലകൾ ഉൾപ്പെടുത്തി തൃശ്ശൂർ റീജിയണൽ ആഫീസ് 25.11.2013 മുതൽ പ്രവർത്തിക്കുന്നുണ്ട്. റീജിയണൽ ആഫീസുകളുടെ ചുമതല സീനിയർ സൂപ്രണ്ട് /റീജിയണൽ മാനേജർമാർക്കാണ്. .- സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു അഡീഷണൽ രജിസ്ട്രാർ ക്ഷേമ ബോർഡിൽ സെക്രട്ടറി ട്രഷററായി ജോലി നോക്കി വരുന്നു. കൂടാതെ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് രജിസ്ട്രാർ ക്ഷേമ ബോർഡിന്റെ ഹെഡ് ആഫീസിൽ മാനേജരായി ജോലി ചെയ്യുന്നുണ്ട്. വെൽഫെയർ ബോർഡിൽ 29 സ്ഥിരം ജീവനക്കാരും ദിവസ വേതനത്തിൽ 7 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരനുമാണ് നിലവിലുള്ളത്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളാണ് ബോർഡ് ആരംഭ ദിശയിൽ നടത്തി വന്നിരുന്നത്. മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കൈത്തറി ,കയർ, ക്ഷീരം, മത്സ്യം, ഖാദി ഗ്രാമ വ്യവസായം , മറ്റ് വ്യവസായങ്ങൾ എന്നീ മേഖലകളിലെ ജീവനക്കാരെ 1.11.96 മുതലും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ 1.02.2001 മുതലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാർ | പ്രാരംഭം മുതൽ 31.03.2019 വരെ ചേർന്നത്. | 2019-20 വർഷം ചേർന്നത് | ആകെ | പിരിഞ്ഞ് പോയവർ | മരണപ്പെട്ടവ | 31.03.2020 ന് നിലവിലുള്ളവർ |
|---|---|---|---|---|---|---|
| സ്ഥിരം ജീവനക്കാർ | 94094 | 4598 | 98692 | 28386 | 2060 | 68246 |

സഹകരണ സംഘം രജിസ്ട്രാറുടെനിയന്ത്രണത്തിൽ വരുന്ന 5387 സംഘങ്ങളും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിൽ വരുന്ന 2351 സംഘങ്ങളും ഉൾപ്പെടെ ആകെ 7738 അംഗ സംഗങ്ങളിൽ നിന്നാണ് ജീവനക്കാർ ചേർന്നിട്ടുള്ളത്.

ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ നോമിനിക്ക് മരണാനന്തര ധനസഹായം ,ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ചികിൽസാ ധനസഹായം, സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ വെൽഫെയർ ബോർഡിൽ അടച്ച ക്ഷേമ ബോർഡ് വിഹിതവും ആയതിന്റെ 10 % ഇൻസെൻറീവ് , അംഗങ്ങളുടെ മക്കളിൽ വിവധ പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജൻറുമാർക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ വ്യത്യസ്തമായിരുന്നു. രണ്ട് വിഭാഗത്തിൽ പെട്ട ജീവനക്കാരും വെൽഫെയർ ബോർഡിൽ അടക്കുന്ന വിഹിതം ഒരേ തുകയാണെങ്കിലും റഗുലർ ജീവനക്കാലെ അപേക്ഷിച്ച് കമ്മീഷൻ ജൻറുമാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു. സർക്കാറിന്റെ 15.01.2013 ലെ ഉത്തരവ് പ്രകാരം പ്രസ്തുത അന്തരം ഇല്ലാതാക്കി ടി രണ്ട് വിഭാഗങ്ങൾക്ക് തുല്യ ആനുകൂല്യങ്ങൾ നൽകി വരുന്നു.

മരണാനന്തര സഹായം

സർവ്വീസിലിരിക്കെ മരണമടയുന്ന സ്ഥിരം ജീവനക്കാരന്റെയും കമ്മീഷൻ ഏജൻറിന്റെയും നോമിനിക്ക് 04/08/2017 മുതൽ 250,000 രൂപ നൽകുന്നു.

ചികിൽസാ ധന സഹായം

ക്യാൻസർ ചികിൽസ, ഹൃദയ ശസ്ത്രക്രിയ , വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ, വൃക്ക നീക്കം ചെയ്യൽ ശസ്ത്രക്രിയ , കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയ, കരൾ ശസ്ത്രക്രിയ , മജ്ജ മാറ്റി വെക്കൽ ശസ്ത്രക്രിയ , കണ്ണ് മാറ്റി വെക്കൽ ശസ്ത്രക്രിയ എന്നിവക്ക് ചികിൽസാ ധന സഹായമായി വെൽഫെയർ ബോർഡ് അംഗങ്ങളായ സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജൻറുമാർക്കും 125000 രൂപ നൽകുന്നു. കാഴ്ച ശക്തി നഷ്ടപ്പെടുക, തളർവാതം പിടി പെട്ട് ജോലി ചെയ്യാൻ കഴിയാതാവുക, അപകടം മൂലം 40 % അംഗ വൈകല്യം വരിക, ബ്രെയിൻ ട്യൂമർ, എപ്പിലെപ്സി , മെനിഞ്ചൈറ്റിസ്, തലച്ചോറിനെയും സുഷുംനാ കാണ്ഡത്തെയും ബാധിക്കുന്ന മാരക രോഗങ്ങൾ എന്നിവക്ക് ചികിൽസാ ധന സഹായമായി സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജൻറുമാർക്കും 75,000 രൂപയും ആശ്രിതർക്കുള്ള ചികിൽസാ ധന സഹായമായി 40000 രൂപയും നൽകുന്നു. മേൽ പറഞ്ഞ രണ്ട് വിഭാഗത്തിൽ പെടുന്ന ചികിൽസകൾക്ക് പുറമെ ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ ) യൂട്രസ് റിമൂവൽ , തൈറോയിഡ് ഓപ്പറേഷൻ , ലിവർ സിറോസിസ് , കിഡ്നി സംബന്ധമായ ചികിൽസ , (കിഡ്നി മാറ്റി വെക്കൽ ശസ്ത്രക്രിയ ഒഴികെ ) ഹെർണിയ ഓപ്പറേഷൻ എന്നിവക്ക് അംഗങ്ങൾക്ക് മാത്രമായി 25000 രൂപയും ആസ്ത്മ , ക്ഷയരോഗം, ചിക്കൻ ഗുനിയ, ഡെങ്കിപ്പനി , എലിപ്പനി, എന്നിവക്ക് 15000 രൂപയും നൽകി വരുന്നു.

സർവ്വീസിൽ നിന്നും പിരിഞ്ഞു പോകുന്ന അവസരത്തിൽ നൽകുന്ന തുക

സർവ്വീസിൽ നിന്നും വിരമിക്കുകയോ ജോലി രാജി വെച്ച് പോവുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുക തിരികെ നകുന്നു. 04/08/2017 മുതൽ പ്രസ്തുത തുകക്ക് 10 % ഇൻസെൻറീവ് കൂടി നൽകുന്നു..

ക്യാഷ് അവാർഡ്

വെൽഫെയർ ബോർഡിലെ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ SSLC, PLUS 2 ( CBSE,ICSE,ISE എന്നീ സിലബസുകൾ ഉൾപ്പെടെ) VHSE, HDC & BM, JDC പരീക്ഷകളിൽ പ്രശസ്ത വിജയം നേടുന്നവർക്ക് 10,000 രൂപ വീതം ക്യാഷ് അവാർഡുകൾ നൽകുന്നു. കൂടാതെ 2013þ14 അദ്ധ്യയന വർഷം മുതൽ ബി.ടെക്, എം.ടെക്, ബി.എസ്.സി നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 15,000 രൂപയും MBBS,BDS,BAMS,BHMS,MS,MD,MDS, കോഴ്സുകൾക്ക് ജില്ലാ തലത്തിൽ ഏറ്റവും മാർക്ക് കരസ്ഥമാക്കിയവർക്ക് 25,000 രൂപയും സെക്കൻഡറി , ഹയർ സെക്കൻഡറി സ്കൂൾ സംസ്ഥാന തല സ്കൂൾ യുവജനോൽസവത്തിൽ എ ഗ്രേഡ് ലഭിക്കുന്നവർക്ക് 5000 രൂപ വീതവും ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചു. കായിക രംഗത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിലും ദേശീയ

തലത്തിലും കോളേജ് വിദ്യാർത്ഥികൾക്ക് ഇൻറർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5000 രൂപയുടെ ക്യാഷ് അവാർഡ് പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിന്നും 01.04.2019 മുതൽ 31.03.2020 വരെ നൽകിയ ധന സഹായങ്ങൾ, അംഗങ്ങളിൽ നിന്നും സംഘം കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം ) എന്നിവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിൽസാ ധന സഹായം | | പിരിഞ്ഞു പോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണ | തുക | എണ്ണ | അടച്ച തു | ഇൻസെൻറീവ് | എണ്ണം | തുക | | |
| 78 | 19000000 | 430 | 2622000 | 1890 | 47631956 | 4659513 | 1471 | 146270000 | 112138469 | 165882914 |

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ പ്രാരംഭം മുതൽ 31.03.2020 വരെ ആകെ നൽകിയ ധന സഹായം അംഗങ്ങളിൽ നിന്നും സംഘം കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം ) എന്നിവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിൽസാ ധന സഹായം | | പിരിഞ്ഞു പോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം (വരവ്) |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെൻറീവ് | എണ്ണം | തുക | | |
| 2060 | 186541000 | 3734 | 15304494 | 28386 | 377806264.2 | 15308781 | 7781 | 73078250 | 805779237.26 | 1603944228 |

| നിക്ഷേപങ്ങൾ 31.03.2020 ൽ | | |
|---|---|---|
| സ്ഥിര നിക്ഷേപം | എസ്.ബി അക്കൗണ്ട് ബാലൻസ് | ആകെ |
| 1745132651 | 27912639.24 | 1773045290.24 |

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് കേരള സഹകരണ നിയമത്തിലെ 57 വകുപ്പ് പ്രകാരമുള്ളതും 3.7.2000 ലെ ജി.ഒ.(പി) നമ്പർ 108/2000 സഹ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. ബോർഡിന്റെ ഹെഡ് ആഫീസ് തിരുവനന്തപുരത്തും , തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ര ണ്ട് റീജിയണൽ ആഫീസുകളും പ്രവർത്തിച്ചു വരുന്നു.

ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

- ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം
- റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധന സഹായം അനുവദിക്കൽ – 18.11.2008 ലെ സ.ഉ(കൈ) നം.249/2008/സഹ ഉത്തരവ് പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ സൗജന്യമായി ചേർക്കുന്നു. സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്തവർക്കാണ് ഈ പദ്ധതി പ്രകാരം ധന സഹായം അനുവദിക്കു ന്നത്. 2019-20 വർഷം 10629 പേർക്ക് 83.13 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജി.ഒ (പി)നം (1) 5/2001 സഹകരണ തീയ്യതി 5/1/2001 , ജി.ഒ (പി) 18/2001 സഹകരണ തീയ്യതി 25/1/2001 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് രൂപീകൃതമായ ഒരു സ്ഥാപനമാണ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് . 15/02/2001 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 80 ബി അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ , അർബൺ സഹകരണ ബാങ്കുകൾ , പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേക്കും എഴുത്ത് പരീക്ഷ നടത്തുന്നതിന് വേണ്ടിയാണ്

ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പരീക്ഷാ ബോർഡ് എഴുത്ത് പരീക്ഷ നടത്തി യോഗ്യതാ ലിസ്റ്റ് തയ്യാറാക്കി ഇൻറർവ്യൂ നടത്തുന്നതിന് വേണ്ടി സംഘങ്ങൾക്ക് അയച്ച് കൊടുക്കും. ഇങ്ങനെ അയച്ച് കൊടുക്കുന്ന ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ മാർക്ക് രേഖപ്പെടുത്തില്ല. ബോർഡ് രൂപീകൃതമായ സമയത്ത് പരീക്ഷാ ബോർഡിൽ ഒരു ചെയർമാൻ , ഒരു മെംബർ , ഒരു ജോയിൻറ് രജിസ്ട്രാർ /മെംബർ സെക്രട്ടറി എന്നിവരായിരുന്നു ഉൾപ്പെട്ടിരുന്നത്. പിന്നീട് അത് മാറ്റുകയും ഒരു ചെയർമാൻ , രണ്ട് മെംബർമാർ ഉൾപ്പെട്ട അവരുടെ കാലാവധി ചാർജ് എടുക്കുന്ന തീയ്യതി മുതൽ അഞ്ച് വർഷമോ അംഗങ്ങൾക്ക് 65 വയസ്സ് പൂർത്തിയാകുന്നത് ഏതാണോ കുറവ് അതായിരിക്കും.

പരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും പ്രസ്തുത ബോർഡിൽ നിക്ഷിപ്തമാണ്. പരീക്ഷാ ബോർഡിന്റെ പ്രവർത്തനത്തിനായി സർക്കാർ 2425 -101-95 പ്ലാൻ എന്ന പുതിയ ഒരു ഹെഡ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആണ് ഈ ഹെഡിന്റെ മുഖ്യ നിയന്ത്രണ അധികാരി . ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ഒരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകി വരുന്നു. ചെയർമാൻ , മെംബർമാർ , സെക്രട്ടറി , പരീക്ഷാ കൺട്രോളർ തുടങ്ങി ബോർഡിലെ എല്ലാ സ്ഥിരം ജീവനക്കാരുടെയും ശമ്പളം തുടങ്ങിയ മറ്റ് ചെലവുകൾ ഈ ഹെഡിൽ നിന്നും മാറി വരുന്നു.

ജി.ഒ (പി)നം 2/2017 സഹ തീയ്യതി 7/1/2017 പ്രകാരം അഡ്വ.ആർ.വി.സതീന്ദ്രകുമാർ ചെയർമാനായും ശ്രീമതി അനഘ ഷറഫ് , അഡ്വ. കെ .സത്യൻ എന്നിവരെ മെംബർമാരായി നിയമിക്കുകയും 13/1/2017 അപരാഹ്നം മുതൽ സേവനം അനുഷ്ഠിച്ച് വരുന്നതാണ്. നിലവിൽ പരീക്ഷാ ബോർഡിൽ ഒരു ചെയർമാൻ , രണ്ട് മെംബർമാർ എന്നിവർ അംഗങ്ങളായിട്ടുണ്ട്. ഡെപ്യൂട്ടി രജിസ്ട്രാർ / സെക്രട്ടറി ബോർഡിൽ അംഗമല്ല , ചീഫ് എക്സിക്യൂട്ടീവ് മാത്രമാണ്.

ജി.ഒ (പി)നം 271/2003 സഹ തീയ്യതി 18/12/2003 സർക്കാർ ഉത്തരവ് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ , പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ,, അർബൺ സഹകരണ ബാങ്കുകൾ , ഹൗസിംഗ് സംഘങ്ങൾ എന്നിവയിൽ ഒഴിവുണ്ടാകുന്ന , നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് തസ്തിക മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിലേക്കായി പരീക്ഷാ ബോർഡ് വഴി പരീക്ഷ നടത്തി വരുന്നു. സംഘങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷ പ്രകാരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ച്കൊണ്ട് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ആ പ്രദേശത്തെ വിപുലമായ പ്രചാരണത്തിലുള്ള രണ്ട് പത്രങ്ങളിൽ പത്ര പരസ്യം ചെയ്യുക ,അപേക്ഷ സ്വീകരിക്കുക ,അപേക്ഷയുടെ സൂക്ഷ്മ പരിശോധന നടത്തുക ,എഴുത്ത് പരീക്ഷ നടത്തി കൺസോളിഡേറ്റഡ് ലിസ്റ്റ് അയച്ച് കൊടുക്കുക എന്നീ ജോലികൾ കൂടി പരീക്ഷാ ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇതിന്

പുറമെ സഹകരണ ചട്ടം 185 (2) അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക് , ജില്ലാ സഹകരണ ബാങ്ക് , സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് , 10 കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള അർബൺ ബാങ്ക് , പ്രാഥമിക സഹകരണ ബാങ്കുകൾ , എന്നിവയിലെ ജീവനക്കാർക്ക് വേണ്ടിയുള്ള യോഗ്യതാ പരീക്ഷ നടത്തുന്നതിനുള്ള ചുമതലയും പരീക്ഷാബോർഡിനാണ്. ആകെ ബോർഡിൽ 8 ജീവനക്കാർ ജോലി ചെയ്തു വരുന്നു.

2019–20 വർഷത്തിലെ നിയമനവുമായി ബന്ധപ്പെട്ട് നടത്തിയ എഴുത്ത് പരീക്ഷയുടെ വിവരങ്ങൾ

| ക്രമ നമ്പർ | 2019–20_വർഷത്തിലെ വിജ്ഞാപനം | തസ്തിക |
|---|---|---|
| 1 | 25/04/2019 | സെക്രട്ടറി,/അസിസ്റ്റൻറ് സെക്രട്ടറി / മാനേജർ, അസി.ജനറൽ മാനേജർ ,ഇന്റേണൽ ആഡിറ്റർ ,ബ്രാഞ്ച് മാനേജർ, |
| | | ജൂനിയർ ക്ലാർക്ക് /കാഷ്യർ/ജൂനിയർ സൂപ്പർവൈസർ /സീനിയർ ക്ലാർക്ക്, |
| | | ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 2 | 30/07/2019 | ജൂനിയർ ക്ലാർക്ക് /കാഷ്യർ/ജൂനിയർ സൂപ്പർവൈസർ /സീനിയർ ക്ലാർക്ക് |
| 3 | 02/12/2019 | ജൂനിയർ ക്ലാർക്ക് /കാഷ്യർ |
| | | ഡേറ്റാ എൻട്രി ഓപ്പറേറ്റർ (പരീക്ഷ നടത്തിയിട്ടില്ല) |
| | | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (പരീക്ഷ നടത്തിയിട്ടില്ല) |
| | | യോഗ്യതാ പരീക്ഷ |
| 4 | 02/03/2020 | ജൂനിയർ ക്ലാർക്ക് /കാഷ്യർ (പരീക്ഷ നടപടികൾ നടന്നു വരുന്നു) |

**കേരള സഹകരണ നിക്ഷേപ ഗ്യാരൻറി ഫണ്ട് ബോർഡ്**

കേരള സർക്കാറിന്റെ ഡെപ്പോസിറ്റ് ഗ്യാരൻറി സ്കീം 2000 എന്ന പദ്ധതിക്ക് പകരമായി സർക്കാറിന്റെ 11/1/2012 ലെ ജി.ഒ.(പി) നം.3/2012 ഉ.പ്രകാരമാണ് കേരള സഹകരണ നിക്ഷേപ ഗ്യാരൻറി ഫണ്ട് ബോർഡ് നിലവിൽ വന്നത്. 24.10.2014 ലെ ജി.ഒ.(പി) 126/2014 സഹ. നം ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ കീഴിൽ വരുന്നതും പ്രവർത്തനം മന്ദീഭവിച്ചതോ നിന്നുപോയതോ ലിക്വിഡേഷൻ നടപടികളിൽ

ഉൾപ്പെട്ടതോ അല്ലാത്തതും ഡെപ്പോസിറ്റ് ആൻറ് ക്രെഡിറ്റ് ഗ്യാരൻറി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ സംഘങ്ങളെ ടി പദ്ധതിയിൽ അംഗമായി ചേർത്ത് വരുന്നു. വായ്പാ സംഘങ്ങളിലെ നിക്ഷേപത്തിന് ഗ്യാരൻറി നൽകുന്നത് വഴി സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും ആണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്.

സഹകരണ സംഘം രജിസ്ട്രാറുടെ 27/02/2019 ലെ 9/19 നം. സർക്കുലർ പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും 31.03.2019 ന് മുമ്പായി അംഗത്വമെടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേരള സഹകരണ ഭേദഗതി നിയമം 57 (ബി) (3) പ്രകാരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുമെന്നും പറയുന്നുണ്ട്. ടി ഉത്തരവിൽ അതാത് ജില്ലകളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ ഗ്യാരൻറി ഫണ്ട് ബോർഡിൽ അംഗമാക്കി നോട്ടിഫൈ ചെയ്യാനുള്ള അധികാരം അതാത് ജില്ലാ ജോയിൻറ് രജിസ്ട്രാർമാർക്ക് നൽകിയിട്ടുണ്ട്. ജില്ലക്ക് പുറത്ത് പ്രവർത്തന പരിധിയുള്ളതും സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയുള്ളതുമായ സഹകരണ സംഘങ്ങളെ നോട്ടിഫൈ ചെയ്യാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്കാണ്. നോട്ടിഫൈ ചെയ്ത് കഴിഞ്ഞാൽ സാമ്പത്തിക വർഷത്തിൽ നിക്ഷേപ ബാക്കി നിൽപ്പ തുകയുടെ ഓരോ 100 രൂപക്കും 10 പൈസ നിരക്കിൽ കണക്കാക്കിയ വിഹിതം അതാത് ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപ ഗ്യാരൻറി ഫണ്ട് ബോർഡിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ നിക്ഷേപ വർദ്ധനവിന് ആനുപാതികമായി വിഹിതം അടക്കേണ്ടതാണ്.

ഇപ്രകാരം അംഗത്വമെടുക്കുകയും വർഷാ വർഷങ്ങളിൽ അംഗത്വം പുതുക്കുകയും ചെയ്യുന്ന ഏതെങ്കിലും സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടുക യും നിക്ഷേപ സംഖ്യ തിരികെ നൽകാൻ കഴിയാതെ വരികയും ചെയ്താൽ അംഗ സംഘത്തിലെ നിക്ഷേപകന് പരമാവധി 2 ലക്ഷം രൂപ വരെ ഗ്യാരൻറി ഉറപ്പാക്കിയിരിക്കുന്നു.

സഹകരണ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ജോയിൻറ് രജിസ്ട്രാർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ബോർഡ് സെക്രട്ടറി/ട്രഷറർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്നു ഇതിന് പുറമെ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സർക്കാർ ഉത്തരവിന് വിധേയമായി ഈ വർഷം മാനേജർ, ജൂനിയർ ക്ലാർക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. നേരത്തെ ജോലി ചെയ്തു വരുന്ന അറ്റൻഡർ, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടെ 7 സ്ഥിരം ജീവനക്കാരും ദിവസ വേതനത്തിൽ ഒരു ഡ്രൈവറും ജോലി ചെയ്ത് വരുന്നു.

2019-20 വർഷത്തെ പ്രവർത്തനം

2019-20 വർഷം ഗ്യാരൻറി ഫണ്ട് ഇനത്തിൽ ബോർഡിന് ലഭിച്ചിട്ടുള്ള 209394807.19/- രൂപ വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപങ്ങളുടെ പലിശയിനത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 90212054.03/- രൂപയും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും 1951859 രൂപയും ലഭിച്ചിട്ടുണ്ട്.

ജിവനക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ചെലവായിട്ടുള്ളത് 3893567/- രൂപയാണ്. തൻവർഷം 1034005202/- രൂപയുടെ സ്ഥിര നിക്ഷേപം വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ ഉള്ളത് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്. 2019-20 വർഷം 439950000/- രൂപയുടെ പുതിയ സ്ഥിര നിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 656098180.22/- രൂപ നിക്ഷേപിക്കുകയും 651971880.90/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം സേവിംഗ് ബാങ്ക് അക്കൗണ്ടിൽ 24033777.35/- രൂപ വിവിധ ജില്ലാ സഹകരണ ബാങ്കുകളിലായി ബാക്കി നിൽപ്പുണ്ട്.

നിക്ഷേപ ഗ്യാരൻറി പത്ര വിതരണം

നിക്ഷേപ ഗ്യാരൻറി ഫണ്ട് ബോർഡിൽ അംഗത്വമെടുത്ത് കൃത്യമായി പുതുക്കി വരുന്ന സംഘങ്ങൾക്കാണ് സുരക്ഷ ഉറപ്പാക്കിയിട്ടുള്ളത്. നിക്ഷേപ സുരക്ഷ ഉറപ്പാക്കിയ സംഘങ്ങളെ തിരിച്ചറിയുന്നതിനായി ഇടപാടുകാർക്ക് കാണത്തക്കവിധം നിക്ഷേപ ഗ്യാരൻറി പത്രം പ്രദർശിപ്പിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. 2019-20 വർഷം എറണാകുളം, ആലപ്പുഴ ,കോഴിക്കോട്, മലപ്പുറം , വയനാട് ,കോട്ടയം, ഇടുക്കി ,തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സഹകരണ സംഘങ്ങൾക്കുള്ള നിക്ഷേപ ഗ്യാരൻറി പത്രവിതരണം സഹകരണ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

**മറ്റ് പ്രധാന സ്ഥാപനങ്ങൾ**

**സാഹിത്യ പ്രവർത്തക സഹകരണ സംഘം ക്ലിപ്തം നം. 2458**

19/03/1945 ൽ രജിസ്റ്റർ ചെയ്യുകയും 30/04/1945 ൽ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത 2458 - ാം നമ്പർ സാഹിത്യ സഹകരണ സംഘം ഏഷ്യയിലെ ആദ്യത്തെ എഴുത്തുകാരുടെ സഹകരണ സംഘം ആണ്. സംഘത്തിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവൻ ആണ്.

സംഘം അംഗങ്ങളായ സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൃതികളുടെ വിതരണവും വിൽപനയും സംഘം നടത്തുന്നുണ്ട്.

ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നതിന് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി മാസം 6 മുതൽ 16 വരെ **'കൃതി'** അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ മൂന്നാം പതിപ്പ് എറണാകുളം മറൈൻ ഡ്രൈവിൽ വെച്ച് നടത്തുകയുണ്ടായി.

**വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ**

കേരള സംസ്ഥാന സഹകരണ യൂണിയൻ, **KICKMA** (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെൻറ് ), ICM ( തിരുവനന്തപുരം ,കണ്ണൂർ ), **ACSTI** (അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ) , **KSCARDB – ITM , KCSEPM – III TM – K , CTFM** (സെൻറർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെൻറ് എന്നീ സ്ഥാപനങ്ങളാണ് സഹകരണ മേഖലയിൽ പരിശീലനം നടത്തുന്നത്.

# സഹകരണ ആഡിറ്റ് വിഭാഗം


1969 ലെ കേരള സഹകരണ (ആക്ട് 1/2000) നിയമ ഭേദഗതി പ്രകാരമാണ് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. 1969 ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് ഗുണമേന്മയോടുകൂടി യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടി 27/05/2008-ലെ ജി.ഒ.(എം.എസ്) 126/2008/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് , ആഡിറ്റ് വിഭാഗം നിർവ്വഹിക്കുന്നു.. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത് . സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 18512 സഹകരണ സംഘങ്ങളുടെ 17903 ആഡിറ്റ് ആണ് തൻവർഷം നിർവ്വഹിച്ചിട്ടുള്ളത്.

സഹകരണ ആഡിറ്റ് ഡയറക്ടർമാരുടെ പേരു വിവരം.

1.ശ്രീ.കെ.ജി.രാജു .ഐ.എ.എസ് – 07/09/2009 മുതൽ 13/05/2013 വരെ
2. ശ്രീ.വി.സനൽ കുമാർ. ഐ.എ.എസ് –22/05/2013 മുതൽ 30/04/2019 വരെ
3. ശ്രീ. എസ്. ഷാനവാസ്. ഐ.എ.എസ് ( ചാർജ്ജ്) – 01/05/2019 മുതൽ 04/07/2019 വരെ.
4.ശ്രീമതി. പി.കെ ജയശ്രീ ഐ.എ.എസ് ( ചാർജ്ജ്) – 04/07/2019 മുതൽ 13/03/2020 വരെ.

5.ശ്രീ.അലക്സാണ്ടർ.ഐ.എ.എസ്. ( ചാർജ്ജ്) – 13/03/2020 മുതൽ മുതൽ തുടരുന്നു.

## സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനവും



സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ടി ആഫീസിൽ സഹകരണ ആഡിറ്റ് ഡയറക്ടർ ഐ.എ.എസ് കേഡറിലെ ഒരു എക്സ് കേഡർ തസ്തികയാണ്. ഡയറക്ടറേറ്റിൽ താഴെപ്പറയും പ്രകാരം ജീവനക്കാർ സേവനമനുഷ്ടിച്ചുവരുന്നു.

| തസ്തിക | എണ്ണം |
|---|---|
| അഡീഷണൽ ഡയറക്ടർ | 1 |
| ജോയിന്റ് ഡയറക്ടർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| അസിസ്റ്റന്റ് ഡയറക്ടർ | 1 |
| ഡയറക്ടറുടെ പി.എ | 1 |
| ആഡിറ്റർമാർ | 8 |
| അഡീഷണൽ<br><br>ഡയറക്ടറുടെ സി.എ | 1 |
| ക്ലാർക്കുമാർ | 2 |
| ഡേറ്റാഎൻട്രി ഓപ്പറേറ്റർമാർ | 2 |
| ഓഫീസ് അറ്റൻഡന്റുമാർ | 3 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 22 |

അനുവദിച്ച നൽകിയ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ രണ്ട് പേരും ഡ്രൈവർ തസ്തികയിൽ രണ്ട് പേരും ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു.

ഡയറക്ടറേറ്റിന് പുറമേ 14 ജില്ലകളിലായി 64 സർക്കിൾ ആഫീസുകളുണ്ട്. ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടറും, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടറുമാണ് ആഫീസ് മേധാവികൾ.

**ജില്ലാതല ആഫീസിന്റെ ഘടന**

ജോയിന്റ് ഡയറക്ടർ –1
അസിസ്റ്റന്റ് ഡയറക്ടർ –1
ആഫീസ് ആഡിറ്റർമാർ –2
ടൈപ്പിസ്റ്റ് –1
ഓഫീസ് അറ്റൻഡന്റുമാർ –2
പാർട്ട് ടൈം സ്വീപ്പർ –1

**സർക്കിൾതല ആഫീസിന്റെ ഘടന**

അസിസ്റ്റന്റ് ഡയറക്ടർ –1
ആഫീസ് ആഡിറ്റർ –1
ഓഫീസ് അറ്റൻഡന്റുമാർ –1

**യൂണിറ്റ് / കൺകറന്റ് ആഡിറ്റർമാർ**

380 സ്ഥിരം തസ്തികകളാണ് വകുപ്പ് പുന: സംഘടനാ വേളയിൽ 25/05/1981ലെ ജി.ഒ(എം.എസ്) 191/81/എ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നത്. ഇതിൽ പല ആവശ്യങ്ങൾക്കായി 10 തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ട്. 01/08/86ലെ ജി.ഒ.(എം.എസ്) 54/86/സഹനമ്പർ ഉത്തരവ് പ്രകാരം ആഡിറ്റിന് കുടിശ്ശിക നിവാരണത്തിനായി അനുവദിച്ച 75 തസ്തികകളിൽ 3 തസ്തികകളും പുനർവിന്യസിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു.

**ജില്ല തിരിച്ചുള്ള ആഡിറ്റർമാരുടെ തസ്തികകകളുടെ വിവരം (31/03/2020)**

| ജില്ല | യൂണിറ്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | കുടിശ്ശിക നിവാരണ ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | മൊത്തം തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 47 | 11 | 165 | 223 |
| കൊല്ലം | 39 | 0 | 88 | 127 |
| പത്തനംതിട്ട | 17 | 3 | 43 | 63 |

| | | | | |
|---|---|---|---|---|
| ആലപ്പുഴ | 35 | 6 | 80 | 121 |
| കോട്ടയം | 32 | 0 | 108 | 140 |
| ഇടുക്കി | 12 | 10 | 28 | 50 |
| എറണാകുളം | 37 | 0 | 129 | 166 |
| തൃശൂർ | 38 | 1 | 107 | 146 |
| പാലക്കാട് | 21 | 11 | 83 | 115 |
| മലപ്പുറം | 24 | 7 | 105 | 136 |
| കോഴിക്കോട് | 28 | 5 | 83 | 116 |
| വയനാട് | 5 | 5 | 27 | 37 |
| കണ്ണൂർ | 25 | 10 | 155 | 190 |
| കാസർഗോഡ് | 10 | 2 | 60 | 72 |
| ഹെഡ് ഓഫീസ് | 0 | 2 | 0 | 2 |
| കെ.സി.എം.എം.എഫ് | 0 | 0 | 88 | 88 |
| സഹകരണ വിജിലൻസ് | 0 | 2 | 0 | 2 |
| **ആകെ** | **370** | **75** | **1349** | 1793 |

| ജില്ല | കെ.എസ്.ആർ 156 പ്രകാരം അനുവദിച്ച തസ്തികകളുടെ വിവരം (31/03/20**20**) | | | | | | | | | | | | | **ആകെ** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | അഡീഷണൽ ഡയറക്ടർ/സമകാല ആഡിറ്റർ | ജോയിന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | ഡെപ്യൂട്ടി ഡയറക്ടർ/ സമകാല ആഡിറ്റർ | അസിസ്റ്റന്റ് ഡയറക്ടർ/സമകാല ആഡിറ്റർ **(**ഹയർഗ്രേഡ്) | അസിസ്റ്റന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | സ്പെഷ്യൽ ഗ്രേഡ് സമകാല ആഡിറ്റർ | സിംഗിൾ സീനിയർ | സിംഗിൾ ജൂനിയർ | ഗ്രൂപ്പ് സീനിയർ | ഗ്രൂപ്പ് ജൂനിയർ | സീനിയർ അഡീഷണൽ ആഡിറ്റർ | ജൂനിയർ അഡീഷണൽ ആഡിറ്റർ | അരിയർ ആഡിറ്റർ | |
| തിരുവനന്തപുരം | 0 | 4 | 0 | 9 | 22 | 17 | 16 | 28 | 23 | 29 | 14 | 3 | 0 | 165 |
| കൊല്ലം | 0 | 1 | 1 | 1 | 19 | 5 | 26 | 3 | 18 | 14 | 0 | 0 | 0 | 88 |
| പത്തനംതിട്ട | 0 | 1 | 0 | 1 | 1 | 1 | 3 | 10 | 6 | 19 | 1 | 0 | 0 | 43 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആലപ്പുഴ | 0 | 1 | 0 | 1 | 4 | 7 | 8 | 7 | 16 | 34 | 2 | 0 | 0 | 80 |
| കോട്ടയം | 0 | 1 | 0 | 3 | 19 | 18 | 10 | 7 | 21 | 27 | 0 | 2 | 0 | 108 |
| ഇടുക്കി | 0 | 1 | 0 | 0 | 1 | 4 | 7 | 4 | 3 | 8 | 0 | 0 | 0 | 28 |
| എറണാ കുളം | 0 | 1 | 2 | 0 | 16 | 13 | 9 | 11 | 40 | 33 | 1 | 3 | 0 | 129 |
| തൃശ്ശൂർ | 0 | 1 | 0 | 5 | 15 | 14 | 4 | 1 | 38 | 24 | 2 | 3 | 0 | 107 |
| പാലക്കാട് | 0 | 1 | 0 | 3 | 12 | 8 | 19 | 5 | 19 | 14 | 1 | 1 | 0 | 83 |
| മലപ്പുറം | 0 | 1 | 0 | 8 | 11 | 13 | 7 | 4 | 31 | 15 | 9 | 6 | 0 | 105 |
| കോഴിക്കോ ട് | 0 | 1 | 0 | 7 | 15 | 16 | 1 | 3 | 13 | 25 | 0 | 2 | 0 | 83 |
| വയനാട് | 0 | 1 | 0 | 0 | 0 | 3 | 6 | 3 | 6 | 7 | 1 | 0 | 0 | 27 |
| കണ്ണൂർ | 0 | 1 | 1 | 5 | 23 | 24 | 5 | 4 | 40 | 51 | 0 | 1 | 0 | 153 |
| കാസർഗോ ഡ് | 0 | 1 | 0 | 0 | 7 | 7 | 5 | 5 | 8 | 24 | 1 | 2 | 0 | 62 |
| കെ.സി. എം.എം.എ ഫ് | 0 | 0 | 1 | 0 | 4 | 18 | 0 | 0 | 19 | 36 | 0 | 0 | 10 | 88 |
| **ആകെ** | 0 | 17 | 5 | 43 | 169 | 168 | 126 | 95 | 301 | 360 | 32 | 23 | 10 | 1349 |

**സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം**

1969-ലെ സഹകരണ നിയമം വകുപ്പ് 64 പ്രകാരം സഹകരണ ആഡിറ്റ് എന്നതിൽ കാലാവധി കഴിഞ്ഞ കടങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിശോധിയ്ക്കുകയും ബാക്കിയിരിപ്പു പണം, സെക്യൂരിറ്റി എന്നിവയുടെ പരിശോധനയും സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ നിർണ്ണയിക്കുകയും അപ്രകാരമുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ചെയ്തുവരുന്നു. സഹകരണ ആഡിറ്റ് എന്നാൽ ധനകാര്യ ആഡിറ്റ് മാത്രമല്ല ഭരണപരമായ ആഡിറ്റും ഉൾപ്പെടുന്നു. 2013-ലെ സഹകരണ നിയമഭേദഗതിയിലൂടെ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി രേഖകകൾ തയ്യാറാക്കി സമർപ്പിക്കുന്നത് സംഘം ഭരണസമിതിയുടെ ചുമതലയാണ്.

**കമ്പ്യൂട്ടർവൽക്കരണം**

14 ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർ ആഫീസുകളും 64 താലൂക്ക്തല അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും ലഭിക്കുന്ന പരാതികൾ ഏകീകൃത പരാതി പരിഹാര സംവിധാനമായ സി.എം.ഒ പോർട്ടലിലൂടെ കൈകാര്യം ചെയ്ത് വരുന്നു. സഹകരണ സംഘങ്ങളുടെ യൂണിറ്റ് തല ആഡിറ്റുകൾ സുഗമമാക്കുന്നതിനും ആഡിറ്റ് നോട്ടും, ആഡിറ്റ് സർട്ടിഫിക്കറ്റും ഗുണമേന്മയുള്ളതാക്കുന്നതിനും ആഡിറ്റർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും സമയബന്ധിതമായി ആഡിറ്റ് പൂർത്തിയാക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ ആഡിറ്റർമാർക്കും ലാപ്പ്ടോപ്പുകൾ നൽകുകയും അത് വിജയകരമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും ആഡിറ്റർമാർക്ക് ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യുക വഴി ആഡിറ്റ് ജോലികൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുമെന്ന് കാണുന്നു.

**ആഡിറ്റ് മാന്വൽ പരിഷ്കരണം**

03/01/2008 ലെ 09/2008/സഹ നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് മാന്വൽ പരിഷ്കരണത്തിനായി വിദഗ്ധ സമിതി രൂപീകരിച്ച് പരിഷ്കരണ നടപടികൾ പുരോഗമിച്ചുവരുകയാണ്. 1983-ൽ ആഡിറ്റ് മാന്വൽ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ സഹകരണ സംരംഭങ്ങളായ വനിത, സെറികൾച്ചറൽ, ടൂറിസം, ഇൻഷുറൻസ് സംഘങ്ങൾ മുതലായവ ആഡിറ്റ് മാന്വലിന് വിധേയമാക്കുകയും പ്രമുഖ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽകൃത കണക്കെഴുത്തും ആഡിറ്റ് വിഭാഗം ജീവനക്കാർക്കുള്ള പരിശീലനം, തുടർപരിശീലനം ഉൾപ്പെടെ ആഡിറ്റ് മാന്വലിൽ ഉൾപ്പെടുന്ന തരത്തിൽ മാന്വൽ പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിക്കുകയും ആയതിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആഡിറ്റ് മാന്വലിന്റെ വോള്യം 1,2 നടപടികൾ പൂർത്തിയായിട്ടുണ്ട്. വോള്യം 3 ന്റെ നടപടി സ്വീകരിച്ചു വരുന്നു.

**ഭരണപരമായ പ്രവർത്തനങ്ങൾ**

1969-ലെ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട ജീവനക്കാരെ നിയോഗിക്കുകയും താലൂക്ക്/ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ആഡിറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നത് സഹകരണ ആഡിറ്റ് ഡയറക്ടറുടെ കർത്തവ്യമാണ്.

ഇതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെയും, താലൂക്ക്തല ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

വിവിധ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ | വിവിധ സഹകരണ സ്ഥാപനങ്ങളുടെ/ആഡിറ്റിന്റെ ഇനം | |
|---|---|---|---|
| 1. | ആഡിറ്റ് അഡീഷണൽ ഡയറക്ടർ | 1 | അപ്പെക്സ് സഹകരണ സംഘങ്ങൾ |
| | | 2 | സെൻട്രൽ സഹകരണ സംഘങ്ങൾ |
| | | 3 | സഹകരണ മേഖലയിലെ ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ |
| | | 4 | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയ്ക്ക് മുകളിൽ വരുന്ന ഉദ്യോഗസ്ഥർ ആഡിറ്റ് ചെയ്യുന്ന സംഘങ്ങൾ |
| 2 | ജില്ലാ തല ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർ (14 എണ്ണം) | 1 | ജൂനിയർ ആഡിറ്റർ തസ്തികയ്ക്ക് മുകളിൽ ഉള്ളതും ജോയിന്റഡയറക്ടർ തസ്തികയ്ക്ക് താഴെയുള്ളതുമായ സമകാല ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ. |
| | | 2 | ഫെഡറൽ സഹകരണ സംഘങ്ങൾ (സംഘം നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ആഡിറ്റ് ജോയിന്റ് ഡയറക്ടർ) |
| | | 3 | സർക്കിൾ സഹകരണ യൂണിയൻ |
| 3. | സർക്കിൾതല ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർ(64 എണ്ണം) | 1 | മേൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ യൂണിറ്റ്/അരിയർ ആഡിറ്റുകളും ജൂനിയർ ആഡിറ്റർമാർ നിർവ്വഹിക്കുന്ന സമകാലീന ആഡിറ്റുകളും. |

2019-20 **സാമ്പത്തിക വർഷത്തെ ആഡിറ്റ് പുരോഗതി**

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് നടത്തുന്നത് ആഡിറ്റ് ഡയറക്ടറുടെ ചുമതലയാണ്. 31/03/2020 ലെ കണക്ക് പ്രകാരം 25061 സംഘങ്ങൾ

നിലവിലുണ്ട്. ഇതിൽ 18512 എണ്ണം ആഡിറ്റ് ചെയ്യാവുന്നവയും 6549 എണ്ണം പ്രവർത്തനരഹിതവുമാണ്.

01/04/2019 ലെ കണക്ക് പ്രകാരം ആഡിറ്റ് ചെയ്യാവുന്ന 18512 സംഘങ്ങളിലായി 20511 ആഡിറ്റ് ബാക്കി നിൽപുള്ളതിൽ 31/03/2020 വരെ 18093 ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും 2418 ആഡിറ്റ് കുടിശ്ശികയുമാണ്.

| ക്രമ നം | വകുപ്പ് | സംഘങ്ങൾ | ആകെ ആഡിറ്റ് | 31/03/2020 വരെ നീക്കം ചെയ്ത ആഡിറ്റുകൾ | 31/03/2020 വരെ പൂർത്തിയാക്കിയ ആഡിറ്റുകൾ | ബാക്കി നിൽപ്പ് |
|---|---|---|---|---|---|---|
| | | | | | | ആകെ ഓഡിറ്റ് |
| 1 | സഹകരണ വകുപ്പ് | 12830 | 13148 | 126 | 12730 | 292 |
| 2 | കൈത്തറി | 499 | 503 | 8 | 453 | 42 |
| 3 | കയർ | 700 | 711 | 7 | 690 | 14 |
| 4 | ഖാദി & വില്ലേജ് | 468 | 471 | 20 | 440 | 11 |
| 5 | മറ്റ് വ്യവസായം | 637 | 643 | 22 | 610 | 11 |
| 6 | ക്ഷീരം | 257 | 271 | 1 | 242 | 28 |
| 7 | ഫിഷറീസ് | 383 | 411 | 6 | 373 | 32 |
| 8 | ആപ്കോസ് | 2715 | 4330 | 0 | 2343 | 1987 |
| 9 | അപ്പെക്സ് | 6 | 6 | 0 | 5 | 1 |
| 10 | സെൻട്രൽ സംഘം | 17 | 17 | 0 | 17 | 0 |
| | ആകെ | 18512 | 20511 | 190 | 17903 | 2418 |

**ആപ്ക്കോസ് ആഡിറ്റ്.**

**മാസാവസാനം ബാക്കി നിൽപ്.** 2020 മാർച്ച്

| ക്രമ നമ്പർ | സ്ഥാപനം | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ആപ്ക്കോസ് തിരുവനന്തപുരം യൂണിയൻ | 1 | 2 | 2 | 13 | 31 | 165 | 214 |
| 2 | ആപ്ക്കോസ് എറണാകുളം | 0 | 3 | 23 | 52 | 129 | 276 | 483 |
| 3 | ആപ്ക്കോസ് മലബാർ | 141 | 71 | 100 | 158 | 261 | 559 | 1290 |
| | ആകെ | 142 | 76 | 125 | 223 | 421 | 1000 | 1987 |
| 4 | മിൽമ | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | തിരുവനന്തപുരം യൂണിയൻ | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | എറണാകുളം യൂണിയൻ | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | മലബാർ യൂണിയൻ | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | **142** | **76** | **125** | **223** | **421** | **1000** | **1987** |

**ബാക്കി നിൽപുള്ള ആർ.എൻ.എ ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം.**

**2020** മാർച്ച്

| ജില്ല | ആർ.എൻ.എ | | | | | |
|---|---|---|---|---|---|---|
| | വർഷാരംഭത്തിലുണ്ടായിരുന്ന സംഘങ്ങളുടെ എണ്ണം | വർഷാരംഭത്തിൽ പൂർത്തിയാക്കാനുണ്ടായിരുന്ന ആഡിറ്റുകളുടെ എണ്ണം | പൂർത്തിയാക്കിയ ആഡിറ്റ് | തൻവർഷം നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം | തൻവർഷം കൂട്ടിച്ചേർത്ത ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ആഡിറ്റ് |
| തിരുവനന്തപുരം | 1180 | 8257 | 0 | 0 | 0 | 8257 |
| കൊല്ലം | 541 | 11591 | 38 | 0 | 7 | 11560 |

| | | | | | | |
|---|---|---|---|---|---|---|
| പത്തനംതിട്ട | 176 | 3827 | 25 | 0 | 5 | 3807 |
| ആലപ്പുഴ | 613 | 11767 | 46 | 0 | 29 | 11750 |
| കോട്ടയം | 501 | 10335 | 5 | 0 | 0 | 10330 |
| ഇടുക്കി | 347 | 6859 | 0 | 0 | 7 | 6866 |
| എറണാകുളം | 573 | 12304 | 28 | 0 | 32 | 12308 |
| തൃശൂർ | 640 | 13050 | 14 | 0 | 16 | 13052 |
| പാലക്കാട് | 251 | 5560 | 1 | 0 | 16 | 5575 |
| മലപ്പുറം | 320 | 5391 | 22 | 0 | 96 | 5465 |
| കോഴിക്കോട് | 283 | 4364 | 0 | 0 | 0 | 4364 |
| വയനാട് | 203 | 4327 | 0 | 55 | 1 | 4273 |
| കണ്ണൂർ | 474 | 7633 | 26 | 0 | 15 | 7622 |
| കാസർകോട് | 145 | 2478 | 23 | 0 | 8 | 2463 |
| ആപ്ക്കോസ് | 302 | 3136 | 217 | 0 | 0 | 2919 |
| **ആകെ** | **6549** | **110879** | **445** | **55** | **232** | **110611** |

## അപ്പെക്സ് സംഘങ്ങളുടെ ആഡിറ്റ് വിവരം

| ക്രമ നം | അപ്പെക്സ് സ്ഥാപനങ്ങളുടെ പേര് വിവരം | ഭരണനിയന്ത്രണം | ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | സഹകരണ വകുപ്പ് | 01/04/2019 മുതൽ 29/11/2019 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | സഹകരണ വകുപ്പ് | 2018-19 |
| 3 | കൺസ്യൂമർഫെഡ് | സഹകരണ വകുപ്പ് | 2011-12 |
| 4 | ഹൗസ്ഫെഡ് | സഹകരണ വകുപ്പ് | 2018-19 |

| | | | |
|---|---|---|---|
| 5 | മാർക്കറ്റ്ഫെഡ് | സഹകരണ വകുപ്പ് | 2018-19 |
| 6 | റബ്ബർ മാർക്ക് | സഹകരണ വകുപ്പ് | 2018-19 |
| 7 | കേരഫെഡ് | സഹകരണ വകുപ്പ് | 2018-19 |
| 8 | പട്ടികജാതി/പട്ടിക വർഗ്ഗ ഫെഡറേഷൻ | സഹകരണ വകുപ്പ് | 2013-14 |
| 9 | ഹോസ്പിറ്റൽ ഫെഡ് | സഹകരണ വകുപ്പ് | 2018-19 |
| 10 | വനിതാഫെഡ് | സഹകരണ വകുപ്പ് | 2018-19 |
| 11 | ടൂർഫെഡ് | സഹകരണ വകുപ്പ് | 2017-18 |
| 12 | മത്സ്യഫെഡ് | ഫിഷറീസ് വകുപ്പ് | 2018-19 |
| 13 | കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ | ഡയറി വകുപ്പ് | 2018-19 |
| 14 | **ഹ**ാന്റക്സ് | വ്യവസായ വകുപ്പ് | 2017-18 |
| 15 | കയർഫെഡ് | വ്യവസായ വകുപ്പ് | 2016-17 |
| 16 | ടെക്സ്ഫെഡ് | വ്യവസായ വകുപ്പ് | 2017-18 |
| 17 | സുരഭി | വ്യവസായ വകുപ്പ് | 2017-18 |
| 18 | റൂട്രോണിക്സ് | വ്യവസായ വകുപ്പ് | 2016-17 |
| 19 | ലേബർഫെഡ് | സഹകരണ വകുപ്പ് | 2016-17 |
| 20 | കാപ്പെക്സ് | വ്യവസായ വകുപ്പ് | 1997-98 (RNA) |
| 21 | കേരള സംസ്ഥാന സെറി കൾച്ചർ സഹകരണ ഫെഡറേഷൻ (സെറിഫെഡ്) | വ്യവസായ വകുപ്പ് | 2007-08 (RNA) |

## സഹകരണ വകുപ്പിലെ ആഡിറ്റർമാർക്ക് നൽകിയിട്ടുള്ള പരിശീലന പരിപാടികൾ

സഹകരണ വകുപ്പിലെ ആഡിറ്റിന്റെ കൃത്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം നിരവധി പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (തിരുവനന്തപുരം, കണ്ണൂർ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (തിരുവനന്തപുരം,കൊച്ചി,കോഴിക്കോട്) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് ആൻറ് മാനേജ്മെൻറ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി നൽകിയിട്ടുണ്ട്.

## ധനവരവ് വിവരം

കേരള സർവ്വീസ് റൂൾ പാർട്ട് 1 ചട്ടം 156 പ്രകാരം സഹകരണ ആഡിറ്റ് വിഭാഗത്തിൽ സമകാല ആഡിറ്റർമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം എന്നീ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾ ഒടുക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം** 2019-20 | | | |
|---|---|---|---|
| ക്രമ നം | മാസം | ആഡിറ്റ് കോസ്റ്റ് (രൂപയിൽ) | അവധി വേതനം & പെൻഷൻ വിഹിതം (രൂപയിൽ) |
| 1 | ഏപ്രിൽ **2019** | 55302622 | 12393507 |
| 2 | **മേയ് 2019** | 83510031 | 15385420 |
| 3 | **ജൂൺ 2019** | 80836361 | 15196567 |
| 4 | **ജൂലൈ 2019** | 90588375 | 16834718 |
| 5 | **ആഗസ്റ്റ് 2019** | 86168992 | 16794404 |
| 6 | **സെപ്റ്റംബർ 2019** | 69439103 | 14218101 |
| 7 | **ഒക്ടോബർ 2019** | 69063867 | 14151179 |
| 8 | **നവംബർ 2019** | 96529667 | 19484618 |
| 9 | **ഡിസംബർ 2019** | 97985978 | 19991802 |
| 10 | **ജനുവരി 2020** | 83561434 | 16467081 |
| 11 | **ഫെബ്രുവരി 2020** | 75933891 | 15610410 |
| 12 | **മാർച്ച് 2020** | 51877657 | 10520537 |
| **ആകെ** | | **940797978** | **187048344** |
| **ആകെ തുക** | | **1127846322** | |

**********